بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 5

ലക്കം 1-2

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജനുവരി 2-9 /ഹി:ശം:1400 ഫതഹ് 2-9/ഹി:ഖ: 1442 ജമാദുൽ അവ്വൽ 6-13

## അല്ലാഹുവിന്റെ വചനം

اِنۡ یَّنۡصُرۡکُمُ اللّٰہُ فَلَا غَالِبَ لَکُمۡ ۚ وَاِنۡ یَّخۡذُلۡکُمۡ فَمَنۡ ذَا الَّذِیۡ یَنۡصُرُکُمۡ مِّنۡۢ بَعۡدِہٖ ؕ وَعَلَی اللّٰہِ فَلۡیَتَوَکَّلِ الۡمُؤۡمِنُوۡنَ ○

‘അല്ലാഹു നിങ്ങളെ സഹായിക്കുന്ന പക്ഷം നിങ്ങളെ അതിജയിക്കുന്ന ആരുമുണ്ടാകുകയില്ല. അവൻ നിങ്ങളെ കൈയൊഴിക്കുന്നതായാൽ അവനു പുറമെ നിങ്ങളെ സഹായിക്കാൻ മറ്റാരുണ്ടായിരിക്കും? സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേല്പിക്കട്ടെ.’(3:161)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# ഓർക്കുക! ദൈവസാമീപ്യത്തിന്റെ പദവി ഉൾക്കൊള്ളുന്നവരുമായി കലഹവുമുണ്ടാക്കുക എന്നത് മുത്തഖികളുടെ പണിയല്ല.

**മുഅ്മിനെ നേരിടുന്ന സമയത്ത് ഭയപ്പെടുക. ‘ഇത്തഖൂ’ എന്നതിന്റെ പ്രതിഭയാകുക. നിങ്ങൾ വ്യാജരായി പുറത്തുവരുന്നവരും പിന്നീട് ആ തെറ്റിന്റെ നിന്ദ്യമായ ഫലം പേറുന്നവരും ആകാൻ ഇടവരരുത്. കാരണം മുഅ്മിൻ അഥവാ സത്യവിശ്വാസി അല്ലാഹുവിന്റെ പ്രകാശം കൊണ്ടാണ് കാണുന്നത്.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## മുഅ്മിന്റെ ഉൾക്കാഴ്ചയെ ഭയപ്പെടേണ്ടതാണ്

ഇത്തഖൂ ഫിറാസത്തൽ മുഅ്മിനി എന്നു വന്നിരിക്കുന്നു. അതായത് മുഅ്മിൻ അഥവാ സത്യവിശ്വാസിയുടെ ഉൾക്കാഴ്ചയിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. എന്തുകൊണ്ടെന്നാൽ, നിങ്ങളുടേത് കഷ്ടപ്പെട്ട് ചിന്തിച്ചുണ്ടാക്കുന്ന കല്പനയാണ്. അയാളുടേത് വരവാണ്. നിങ്ങളുടേത് സംസാരമാണ്. അയാളുടേത് സ്ഥിതിയാണ്; ഒരു വാച്ച് നടക്കുന്നതുപോലെ! അതിന്റെ ഭാഗങ്ങൾ അതിനെ ചലിപ്പിച്ചുകൊണ്ടിരിക്കും. കാർമേഘമുള്ളപ്പോൾ നിങ്ങൾക്ക് മൂന്ന് മണിക്കു പകരം ഏഴു മണിനേരമെന്ന് പറയാൻ സാധിക്കും. എന്നാൽ, വാച്ചുണ്ടാക്കിയിരിക്കുന്നത് ശരിയായ സമയം പറയാനാണ്; അതു തെറ്റുവരുത്തുകയില്ല. എന്നാൽ, അതുമായി കലഹിച്ചാൽ അപമാനമല്ലാതെ എന്തുകിട്ടാനാണ്? ഇപ്രകാരം ഓർമവെക്കുക. അതുകൊണ്ട് ദൈവസാമീപ്യത്തിന്റെ പദവി ഉൾക്കൊള്ളുന്നവരും ലോകത്ത് വിവിധ പേരുകളിൽ വിളിക്കപ്പെടുന്നവരുമായി വഴക്കും കലഹവുമുണ്ടാക്കുക എന്നത് മുത്തഖികളുടെ പണിയല്ല. അതിനാൽ മുഅ്മിനെ നേരിടുന്ന സമയത്ത് ഭയപ്പെടുക. ‘ഇത്തഖൂ’ എന്നതിന്റെ പ്രതിഭയാകുക. നിങ്ങൾ വ്യാജരായി പുറത്തുവരുന്നവരും പിന്നീട് ആ തെറ്റിന്റെ നിന്ദ്യമായ ഫലം സഹിക്കുന്നവരും ആകാൻ ഇടവരരുത്. കാരണം മുഅ്മിൻ അഥവാ സത്യവിശ്വാസി അല്ലാഹുവിന്റെ പ്രകാശം കൊണ്ടാണ് കാണുന്നത്. ആ പ്രകാശം നിങ്ങൾക്ക് കിട്ടിയിട്ടില്ല. അതുകൊണ്ട് നിങ്ങൾക്ക് വളഞ്ഞ് നടക്കാനേ കഴിയൂ. എന്നാൽ, മുഅ്മിൻ എപ്പോഴും നേരെ തന്നെയാണ് നടക്കുന്നത്. നിങ്ങൾതന്നെ പറയുക! അന്ധകാരത്തിൽ നടക്കുന്ന ഒരാൾക്ക് വിളക്കിന്റെ വെളിച്ചത്തിൽ നടക്കുന്നവനെ നേരിടാൻ കഴിയുമോ? ഒരിക്കലുമില്ല. അല്ലാഹു തന്നെ പറഞ്ഞു: *ഹൽ യസ്തവിൽ അഅ്മാ വൽ ബസ്വീർ* (6:51) അന്ധനും കാഴ്ചയുള്ളവനും ഒരു പോലെയാകുമോ? ഒരിക്കലുമില്ല. നമ്മൾ ഇക്കാര്യങ്ങൾ കണ്ടുകൊണ്ടിരിക്കെ അതിൽനിന്ന് ഫലമെടുക്കുന്നില്ലെങ്കിൽ എത്ര മാത്രം തെറ്റാണത്.

ചുരുക്കിപ്പറഞ്ഞാൽ, സത്യവിശ്വാസിയുടെ ഉൾക്കാഴ്ചയെ ഭയപ്പെടേണ്ടതാണ്. മുഅ്മിനെ നേരിടാൻ തയ്യാറാകുക എന്നത് ബുദ്ധിമാന്റെ ജോലിയല്ല. നാം ഇപ്പോൾ വിവരിച്ച ലക്ഷണങ്ങളിൽനിന്നും അടയാളങ്ങളിൽനിന്നും മുഅ്മിനെ തിരിച്ചറിയാവുന്നതാണ്. ഇതേ ദൈവികമായ ഉൾക്കാഴ്ചയുടെ റുഅ്ബായി(മറ്റുള്ളവരിൽ ഉണ്ടാക്കുന്ന ആദരയുക്തമായ ഭയം)രുന്നു ആദരണീയരായ സ്വഹാബാക്കളിലുണ്ടായിരുന്നത്. അപ്രകാരംതന്നെ പ്രവാചകന്മാരോടൊപ്പം ഈ റുഅ്ബ് ദൈവിക അടയാളമെന്ന നിലയിൽ വരുന്നു. ഇത് ദൈവികവെളിപാടാണെങ്കിൽ തങ്ങൾ എതിർക്കുമായിരുന്നില്ലല്ലോ എന്നവർ ചോദിക്കുകയും അത് ഒരു ഗാംഭീര്യത്തിൽ വരുമായിരുന്നല്ലോ എന്നവർ പറയുകയും ചെയ്യുമായിരുന്നു.

സംസാരിക്കുന്നവന്റെ വിലയനുസരിച്ച് അവന്റെ സംസാരത്തിൽ ഒരു മഹത്ത്വവും ഗാംഭീര്യവും ഉണ്ടാകുന്നു. നോക്കുക! ഭൗതികരായ ഭരണാധികാരികളുടെ മുമ്പിൽ പോകുന്ന നേരത്തും ഒരു ബുദ്ധിമുട്ടും ഭയവും ഉണ്ടാകുന്നു. അവരുടെ കൈയിൽ പേനയുണ്ടെന്ന വിചാരമുണ്ടാകുന്നു. ഇപ്രകാരം മുഅ്മിനോടൊപ്പം അല്ലാഹു ഉണ്ടെന്ന് മനസ്സിലാക്കുന്നവർ അവരോടുള്ള എതിർപ് വിട്ടുകളയുന്നു. മനസ്സിലാകുന്നില്ലെങ്കിൽ തനിച്ചിരുന്ന് അതിൽ ചിന്തിക്കുന്നു; താരതമ്യം ചെയ്ത് ചിന്തിക്കുന്നു. ഇത് അങ്ങേയറ്റം നിർബന്ധമാണ്. മറ്റുള്ളവർ വഴിയറിയുന്നവനും വെളിച്ചമുള്ളവനും വിധേയമാകണം. ഇത്തഖൂ ഫിറാസത്തൽ മുഅ്മിനി എന്ന ഹദീഥിന്റെ ഉദ്ദേശ്യവും പൊരുളും ഇതാണ്. അതായത് മുഅ്മിൻ എന്തെങ്കിലും വിവരിക്കുമ്പോൾ, അല്ലാഹുവിനെ ഭയക്കേണ്ടതാണ്. കാരണം അവൻ എന്തൊന്ന് പറയുന്നുവോ അല്ലാഹുവിൽനിന്നാണ് പറയുന്നത്. ലക്ഷ്യമെന്താണെന്നാൽ, മുഅ്മിൻ അല്ലാഹുവിനെ സ്നേഹിക്കുമ്പോൾ ദൈവപ്രകാശം അവനെ വലയം ചെയ്യുന്നു. വാസ്തവത്തിൽ ആ പ്രകാശം അവനെ തന്റെ ഉള്ളിൽ ഒളിപ്പിക്കുകയാണ്. അവന്റെ മനുഷ്യൻ എന്ന അവസ്ഥയെ ഒരു പരിധിവരെ ഭസ്മമാക്കുന്നു; തീയിൽ കിടക്കുന്ന ഇരുമ്പുപോലെ. പക്ഷേ, എന്നിട്ടും ആ ദാസത്വവും മനുഷ്യത്വവും ഇല്ലാതാകുകയില്ല. ഈ രഹസ്യമാണ് *ഖുൽ ഇന്നമാ അന ബശ്റുൻ മ്മിഥ്ലുക്കും* (18:111) എന്നതിന്റെ അടിയിൽ കുഴിച്ചിടപ്പെട്ടത്. മനുഷ്യത്വം ഉണ്ടാകും. എന്നാൽ, അത് ദൈവത്വത്തിന്റെ നിറത്തിന്റെ കീഴിൽ സമമായിത്തീരുന്നു. അവന്റെ എല്ലാ ശക്തികളും അവയവങ്ങളും അല്ലാഹുവിന്റെ വഴികളിൽ അല്ലാഹുവിന്റെ ഉദ്ദേശ്യങ്ങളാൽ ഭരിതമായി അവന്റെ ആഗ്രഹങ്ങളുടെ ചിത്രമായിത്തീരുന്നു. അവനെ കോടിക്കണക്കിന് സൃഷ്ടികളുടെ ആത്മീയമായ ശിക്ഷണത്തിന്റെ ജാമ്യക്കാരനാക്കിത്തീർക്കുന്നത് ഇതേ വ്യത്യാസമാണ്. സമ്പൂർണമായ പരിപാലനത്വത്തിന്റെ ഒരു പ്രതിഭയായി നിശ്ചയിക്കപ്പെടുന്നു. അങ്ങനെയല്ലെങ്കിൽ ഒരിക്കലും ഒരു നബി ഇത്രമാത്രം സൃഷ്ടികൾക്ക് മാർഗദർശിയും വഴികാട്ടിയും ആകുമായിരുന്നില്ല.’ (മൽഫൂദാത്ത്, വാല്യം 1, പേജ് 103–104, ഖാദിയാൻ 2018)

## തന്റെ ജമാഅത്തിനെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ)

“നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ (റ.ഹും) ചരിത്രത്തിൽ എങ്ങും ലഭിക്കാത്ത സത്യസന്ധതയുടേയും കൂറിന്റേയും അതുല്യമായ മാതൃകയാണ് കാണിച്ചത്. അവർ ആ മഹാത്മാവിനുവേണ്ടി എല്ലാ തരത്തിലുള്ള വിഷമങ്ങളും സഹിക്കുന്നത് ലളിതമായി മനസ്സിലാക്കി. എത്രത്തോളമെന്നാൽ പ്രിയങ്കരമായ തങ്ങളുടെ പിറന്ന നാടുകൂടി ഉപേക്ഷിച്ചു. തങ്ങളുടെ സ്വത്തുവകകളിൽനിന്നും സാധനസാമഗ്രികളിൽനിന്നും ബന്ധുക്കളിൽനിന്നും വേർപ്പെട്ടു. ഇപ്രകാരം അല്ലാഹു എന്റെ ജമാഅത്തിനും അവരുടെ നിലയും വിലയുമനുസരിച്ച് ഒരു ആവേശം പ്രദാനം ചെയ്തിരിക്കുന്നതായി ഞാൻ കാണുന്നു. ആ കൂറിന്റേയും സത്യസന്ധതയുടേയും മാതൃക ഇവരും കാഴ്ചവെക്കുന്നു.” (മൽഫൂദാത്ത് വാള്യം 1 പേജ് 336 - 337 1985 ലണ്ടൻ പതിപ്പ്)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മൂസാനബി(അ)യുടെ കാലത്തെ ഫിർഔൻ

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഖലീഫത്തുൽ മസീഹുസ്സാനി**
**ശഹ്‌സാദ് അഹ്മദ്**

ഇംഗ്ലീഷിൽ ആദ്യമായി പ്രസിദ്ധീകരിച്ചു. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) നമുക്ക് നൽകുന്നത്, യഥാർഥത്തിൽ അതുല്യവും വർണപകിട്ടേറിയതും ഉൾക്കാഴ്ച നല്കുന്നതും ശ്രദ്ധേയമായതുമായ ഒരു പ്രബന്ധമാണ്. വിവിധങ്ങളായ ചരിത്രപരാമർശങ്ങളും പുരാവസ്തുശാസ്ത്രപരമായ തെളിവുകളും നല്കിക്കൊണ്ട് അദ്ദേഹം തിരിച്ചറിയുന്നത് മൂസാനബി(അ)യുടെ കാലത്തെ ഫിർഔൻ യഥാർഥത്തിൽ ആരായിരുന്നുവെന്നാണ്.

**കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച**

അയാളായിരുന്നു അക്കാലത്ത് ഭരിച്ചിരുന്നത്. അയാളുടെ ദുഷ്കീർത്തിയുള്ള മകൻ ആയിരുന്നു മെർനെപ്ത. അയാൾ പ്രവാചകന്റെ കഠിനശത്രുവായിത്തീർന്നുകൊണ്ടു തന്റെ പേരിനു ദുഷ്കീർത്തിയുണ്ടാക്കിയെന്നു മാത്രമല്ല, അയാളുടെ പൂർവപിതാക്കൾക്കും ദുഷ്കീർത്തി വരുത്തി.

അയാളുടെ ഭീകരതയുടെ തോത് എത്രയായിരുന്നുവെന്നാൽ അത് പഴഞ്ചൊല്ലിന്റെ പ്രയോഗമായി. അതായത്, ഓരോ ഫറോവയുടെ കാലഘട്ടത്തിലും അയാൾക്കെതിരായ ഒരു മൂസ നിലനിന്നു. (മറ്റു വാക്കുകളിൽ പറഞ്ഞാൽ) എല്ലാ ഫറോവമാരേയും ക്രൂരരും മർക്കടമുഷ്ടിക്കാരുമായി ചിത്രീകരിച്ചു. മെർനെപ്ത അങ്ങേയറ്റത്തെ അഹങ്കാരിയായിരുന്നു. അയാളുടെ പിതാവിനെപോലെ കെട്ടിടനിർമാണത്തിനുള്ള ഒരു ആവേശം അയാൾക്കും ഉണ്ടായിരുന്നു. അതിനുള്ള പ്രഥമ കാരണം ഇസ്റായീല്യരെ ജോലിയിൽ വ്യാപൃതമാക്കുകയെന്നതായിരുന്നു. രണ്ടാമതായി അയാൾക്ക് ചുറ്റുമുള്ള ഭരണാധികാരികളോടു സമാധാനപരമായ ബന്ധം ഉണ്ടായിരുന്നതിനാൽ അയാൾക്ക് ധാരാളം ഒഴിവുസമയമുണ്ടായിരുന്നു. മൂന്നാമതായി നിർമാണപദ്ധതികൾ അയാളുടെ കുടുംബത്തിൽ തലമുറകളോളം നിലനിന്നു. ഫറോവ എന്ന പദം യഥാർഥത്തിൽ 'പെർ-അ.അ' എന്ന വാക്കുകളുടെ സംയുക്തമാണ്. അതിന്റെ അർഥം 'മഹത്തായ വീട്' എന്നാണ്. തുടക്കത്തിൽ ഈ പദം പൊതുവിൽ വീടിനായി ഉപയോഗിച്ചിരുന്നു. പിന്നീട് അത് രാജകീയഭവനങ്ങൾക്ക് പ്രത്യേകമായി ഉപയോഗിക്കപ്പെട്ടു. അതിനു കാരണം അവയുടെ വാസ്തുശില്പ ചാതുരിയായിരുന്നു. അവസാനം ഈ വാക്ക് കാലത്തിന്റെ ഭരണാധികാരിയുമായി ബന്ധപ്പെട്ടുമാത്രം പ്രത്യേകം ഉപയോഗിക്കപ്പെട്ടു. ഈ കാലഘട്ടത്തിലും ഇതിന്റെ ഉദാഹരണം കണ്ടെത്തിയിരിക്കുന്നു. ഉസ്മാനിയ സാമ്രാജ്യത്തിന്റെ സുൽത്താന്റെ മന്ത്രിമാർ അറിയപ്പെടുന്നത് ബാബേഅലി (ഉന്നത ഗേറ്റ് അഥവാ പ്രമുഖരുടെ ഗേറ്റ്) എന്നാണ്. അങ്ങനെ ഒരുവിധത്തിലുള്ള ആപത്ത് ഇല്ലാത്ത സ്വതന്ത്ര ജീവിതം പൂർവ്വികരിൽനിന്നു തനിക്ക് കിട്ടിയ മാതൃക ഏതെങ്കിലും വിധത്തിലുള്ള തൊഴിലിൽ ഇസ്രായീല്യരെ കീഴ്പ്പെടുത്തുന്ന ആശയം ഇതെല്ലാം ഫറോവ മെർനെപ്തായുടെ ശ്രദ്ധ കെട്ടിടനിർമാണത്തിലേക്ക് തിരിക്കുന്നതിന് സഹായിച്ചു. അതുപോലെ ശില്പചാതുരിയുള്ള പദ്ധതികളിലേക്കും ശ്രദ്ധ തിരിച്ചു. തൽഫലമായി ഇസ്രായീല്യരെ അങ്ങേയറ്റം ദുർബലരാക്കുന്നതിലേക്കും മനസ്സ് മടുക്കുന്നതിലേക്കും നയിച്ചു. ഫറോവോമാരെക്കുറിച്ചുള്ള ഭയം അവരുടെ ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തി.

അപ്രകാരം വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു: *ഖാല അസ്ഹാബുമൂസാ ഇന്നാ ല മുദ്റക്കൂൻ* (മൂസായുടെ സഹചരർ പറഞ്ഞു, തീർച്ചയായും ഞങ്ങൾ പിടിക്കപ്പെട്ടിരിക്കുന്നു). (26:62)

ഒരാൾ ഏറ്റവും താണ നിലയിലാവുകയും കടുത്ത നിരാശയിലാവുകയും ചെയ്യുമ്പോൾ ഏറ്റവുംദുർബലരായആളുകൾപോലുംഎതിർപ്പ് പ്രകടിപ്പിക്കുക സാധാരണമാണ്. എന്നാൽ, ഇസ്റായീല്യർ എത്രത്തോളം ധൈര്യംകെട്ടവരായിരുന്നുവെന്നാൽ, ഈ സാഹചര്യങ്ങളിൽപോലും അവർക്ക് ധൈര്യം സംഭരിക്കാനുള്ള ശക്തിയുണ്ടായിരുന്നില്ല.

അതുകൊണ്ട് അവരുടെ അവസ്ഥ ഇത്രവരെ അധഃപതിച്ചിരുന്നതിനാൽ, ഇബ്റാഹിംനബി (അ)യുടെ സന്തതികളെ സംബന്ധിച്ച വാഗ്ദാനങ്ങളുടെ വെളിച്ചത്തിൽ സർവ്വശക്തനായ അല്ലാഹു ഒരു പ്രവാചകനെ അവരിൽനിന്ന് എഴുന്നേല്പിച്ചു. അദ്ദേഹത്തിനു മാതാപിതാക്കൾ മൂസാ എന്ന പേരു നല്കി. മൂസാനബി(അ)യുടെ ജനനസമയത്ത്, ക്രൂരനായ രാജാവ് പുറപ്പെടുവിച്ച ആജ്ഞ പ്രകാരം നവജാതശിശുക്കളെ കൊന്നൊടുക്കുന്നത് വിപുലമായിരുന്നു. മൂസാനബി(അ)യുടെ മാതാവ്, ഈ ക്രൂരജനങ്ങളുടെ കൈയാൽ തന്റെ ശിശുവും വധിക്കപ്പെടുമെന്ന ആശങ്കയാൽ അങ്ങേയറ്റം അസ്വസ്ഥയായിരുന്നു. എന്നാൽ, സർവ്വശക്തനായ അല്ലാഹു ആ ശിശുവിനെ രക്ഷിച്ചു. താഴെകൊടുത്ത വിശുദ്ധഖുർആൻ സൂക്തത്തിൽ അത് പ്രസ്താവിച്ചിരിക്കുന്നു.

*വ ഔഹയ്നാ ഇലാ ഉമ്മി മൂസാ അൻ അർളിയീഹി ഫഇദാ ഖിഫ്തി അലയ്ഹി ഫ അൽഖീഹി ഫിൽയമ്മി വലാ തഖാഫീ വലാ തഹ്സനീ ഇന്നാ റാദ്ദൂഹു ഇലയ്ക്കി വ ജായിലൂഹു മിനൽ മുർസലീൻ*(28:8)

(അവനെ മുലയൂട്ടുക, നിനക്ക് അവനെക്കുറിച്ചു ഭയം തോന്നിയാൽ അവനെ നദിയിലൊഴുക്കുക. ഭയപ്പെടേണ്ട, ദുഃഖിക്കുകയും വേണ്ട. എന്തെന്നാൽ, നാം നിനക്കവനെ തിരിച്ചു നൽകും. അവനെ ദൂതന്മാരിൽ ഒരാളാക്കുകയും ചെയ്യും)

അപ്രകാരം സർവ്വശക്തനായ അല്ലാഹു മൂസാ(അ)യെ ദുഷ്ടന്മാരുടെ കരങ്ങളിൽനിന്ന് രക്ഷിച്ചു. നദിയിൽ ഒഴുക്കപ്പെട്ടതിനുശേഷം ഫറോവയുടെ പെൺമക്കളിലൊരുവൾ മൂസാ(അ)യെ നദിയുടെ തീരത്തു കാണുകയും അവർക്ക് ആ ശിശുവിനോട് സഹാനുഭൂതി തോന്നുകയും ചെയ്തു. അവൾ അവനെ നദിയിൽനിന്ന് പുറത്തെടുക്കുകയും ആ ശിശുവിനെ സ്വന്തമായി വളർത്താൻ തീരുമാനിക്കുകയും ചെയ്തു. വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു:

*ഫൽതഖതഹു ആലു ഫിർഔന ലിയകൂന ലഹും അദുവ്വൻ വ്വ ഹസനൻ ഇന്ന ഫിർഔന വ ഹാമാന വ ജുനൂദഹുമാ കാനൂഖാത്തിഈൻ* (28:9)

"അങ്ങനെ ഫിർഔന്റെ കുടുംബക്കാർ (നദിയിൽനിന്ന്) അതിനെ കണ്ടെടുത്തു. ആ ശിശുവും അവരുടെ ശത്രുവും ദുഃഖത്തിനു കാരണവുമായിത്തീർന്നു. ഫിർഔനും ഹാമാനും അവരുടെ സൈന്യങ്ങളും തെറ്റുകാരായിരുന്നു (28:9)

മൂസാ(അ)യെ വധിക്കുവാൻ ഫറോവ ആഗ്രഹിച്ചിരുന്നുവെങ്കിലും അയാളുടെ ഭാര്യ ഒന്നുകിൽ തന്റെ മകൾക്കുവേണ്ടി അല്ലെങ്കിൽ മറ്റുവല്ല കാരണവശാലും ആ ശിശുവിനോടു സഹാനുഭൂതി പ്രകടിപ്പിച്ചു. മൂസായെ ദത്തെടുക്കുവാൻ അവർ ആഗ്രഹിച്ചു. അങ്ങനെ മൂസാ വധിക്കപ്പെടുന്നതിൽനിന്ന് തടയപ്പെട്ടു. ഇതു സംബന്ധമായി വിശുദ്ധഖുർആൻ തുടർന്ന് പ്രസ്താവിക്കുന്നു: "ഫിർഔന്റെ ഭാര്യ പറഞ്ഞു: (ഈ ശിശു എനിക്കും താങ്കൾക്കും കണ്ണിന് കുളിർമയാണ്. നിങ്ങളവനെ കൊന്നുകളയരുത്. അവൻ നമുക്ക് പ്രയോജനപ്പെട്ടേക്കാം. അല്ലെങ്കിൽ നമുക്കവനെ പുത്രനാക്കാം. അപ്പോൾ അവർ യാഥാർഥ്യം അറിയുന്നുണ്ടായിരുന്നില്ല." (28:10)

സന്ദർഭവശാൽ ശിശുവിനെ പാലൂട്ടാൻ നിയമിക്കപ്പെട്ട വ്യക്തി മൂസാ(അ)യുടെ മാതാവായിരുന്നു. അതുകൊണ്ട് ശൈശവം മുതൽതന്നെ അദ്ദേഹം ഫിർഔന്റെ ജനങ്ങളും ഇസ്രായീല്യരും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നല്ല ബോധവാനായിരുന്നു. അവനോടു കാണിച്ച മനുഷ്യത്വരഹിതമായ പെരുമാറ്റത്തെക്കുറിച്ച് അദ്ദേഹത്തിന്റെ മനസ്സിൽ നല്ലപോലെ പതിഞ്ഞിരുന്നു. രാജകീയമായ നിലയിൽ വളർന്നുവന്നതിനാൽ മൂസാ(അ)ക്ക് ശാരീരികമായ ശക്തിയുണ്ടായിരുന്നു. അദ്ദേഹം മഹാമനസ്കനുമായിരുന്നു. മർദിതരെ സഹായിക്കുവാൻ സദാസന്നദ്ധനായിരുന്നു. ഒരിക്കൽ ഫിർഔന്റെ ജനങ്ങളിൽപെട്ട ഒരാൾ ഒരു ഇസ്രായീല്യനെ മർദിക്കുന്നത് മൂസാ(അ) കണ്ടു. അധികനേരം നോക്കിനില്ക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. അദ്ദേഹം മുന്നോട്ടുനീങ്ങി. അക്രമിയെ ഇടിച്ചു. ആ ഇടികൊണ്ടയാൾ ഉടനെതന്നെ മരിച്ചുവീണു. അടുത്ത ദിവസവും രണ്ടാളുകൾ അടിപിടി കൂടുന്നതായി അദ്ദേഹം കണ്ടു. അവരിലൊരാൾ തലേന്നു വന്ന ഇസ്രായേലി തന്നെയായിരുന്നു. അയാളെ തിരച്ചറിഞ്ഞശേഷം മൂസാ(അ) പറഞ്ഞു. നീ സ്പഷ്ടമായും വഴിപിഴച്ചവൻ തന്നെയാണ്. നീ ഓരോ ദിവസവും അടിപിടി കൂടുന്നു. ഇതുപറഞ്ഞുകൊണ്ട് അവരുടെ അടുത്തേക്കു നീങ്ങി. ആ ഇസ്രായേലീ വിചാരിച്ചത്

(ശേഷം പേജ് 18ൽ)

'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'
(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."
(ജുമുഅ ഖുത്ബ 25-7-2014)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

## ഖുത്ബ ജുമുഅ

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബി ഹദ്റത്ത് അബ്ദുല്ലാഹ്(റളിയല്ലാഹു അൻഹു)ബിൻ അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലിന്റെ അനുഗൃഹീത ജീവചരിത്ര വിവരണം

**ഹദ്റത്ത് അബ്ദുല്ലായുടെ പിതാവും കപടവിശ്വാസികളുടെ നേതാവുമായ അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലിന്റെ ഇസ്‌ലാം വിരുദ്ധ പ്രവർത്തനങ്ങളും അതിനെതിരിൽ നബി(സ)തിരുമേനിയുടെ വിട്ടുവീഴ്ചയുടേയും മാപ്പിന്റേയും അയാളോടു ചെയ്ത അതുല്യമായ അനുകമ്പയുടേയും സ്മരണ.**

മൗലാനാ മുഹമ്മദു ഉമർ സാഹിബിന്റെ ഭാര്യ അമത്തുൽ ഹഫീള് സാഹിബ, അൻസ്വാറുല്ലാഹ് മാസികയുടെ(പാക്കിസ്താൻ)മുൻ മാനേജറും പബ്ലീഷറുമായ ചൗദ്രി മുഹമ്മദ് ഇബ്റാഹീം സാഹിബ്, യു.കെ.യിലെ മുൻ സെക്രട്ടറി വസ്വായ രാജാ മസ്ഊദ് അഹ്മദ് സാഹിബ്,സിന്ധിലെ(പാക്കിസ്താൻ) അൻവർ ഉബ്ഢോ സാഹിബിന്റെ ഭാര്യ സ്വാലിഹ അൻവർ ഉബ്ഢോ സാഹിബ തുടങ്ങിയവരുടെ അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2019 നവംബർ 15/1398 നുബുവ്വത്ത് 15**
**മസ്ജിദ് മുബാറക്, ഇസ്‌ലാമബാദ്, ടിൽഫോർഡ്(സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -
لَيْسَ عَلَيْكَ هُدٰىهُمْ وَلٰكِنَّ اللّٰهَ يَهْدِيْ مَنْ يَّشَآءُ ؕ وَمَا تُنْفِقُوْا مِنْ خَيْرٍ فَلِاَنْفُسِكُمْ ؕ
وَمَا تُنْفِقُوْنَ اِلَّا ابْتِغَآءَ وَجْهِ اللّٰهِ ؕ وَمَا تُنْفِقُوْا مِنْ خَيْرٍ يُّوَفَّ اِلَيْكُمْ وَاَنْتُمْ لَا تُظْلَمُوْنَ ○

ബദ്രീ സ്വഹാബാക്കളെ സംബന്ധിച്ചുള്ള ജുമുഅ ഖുത്ബയുടെ പരമ്പര ഞാൻ തുടങ്ങി വെച്ചിരിക്കുകയാണ്. ഇതുസംബന്ധമായി കഴിഞ്ഞയാഴ്ച ഞാൻ ഖുത്ബ നല്കിയത് ജർമനിയിലായിരുന്നു. അതിൽ അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരുന്നത്. ഇതു സംബന്ധമായി ഹദ്റത്ത് അബ്ദുല്ലായുടെ പിതാവായിരുന്ന അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെക്കുറിച്ച് ഞാൻ പറഞ്ഞു നിറുത്തിയിരുന്നത് ഉഹുദ് യുദ്ധം ഉദ്ധരിച്ചായിരുന്നു. അതായത് നബി(സ)തിരുമേനി മദീനക്കു പുറത്തുപോയി ശത്രുക്കളെ നേരിടാൻ തീരുമാനിച്ചപ്പോൾ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ആദ്യം കൂടെ പുറപ്പെട്ടുവെങ്കിലും ഉഹുദ് താഴ്വരയിലെത്തിയപ്പോൾ വിശ്വാസവഞ്ചന കാണിച്ചുകൊണ്ട് തന്റെ മുന്നൂറു കൂട്ടാളികളോടൊപ്പം 'മുഹമ്മദ് എന്റെ വാക്കു കേട്ടില്ല, ഞങ്ങളാഗ്രഹിച്ചിരുന്നതുപോലെ മദീനക്കകത്തുനിന്ന് ശത്രുക്കളെ പ്രതിരോധിച്ചില്ല, ഇതൊരു യുദ്ധമാണോ? ഇത് സ്വയം നാശത്തിലേക്കു തള്ളിവിടുന്ന കാര്യമാണ്, ഞാനൊരിക്കലും അതു ചെയ്യുകയില്ല' എന്ന് പറഞ്ഞ് മദീനയിലേക്കു മടങ്ങിപ്പോയി. എന്തായാലും തുടക്കം മുതൽത്തന്നെ അയാളുടെ ഹൃദയത്തിൽ കാപട്യമുണ്ടായിരുന്നു. കപടത ഉണ്ടായിരുന്നു. കപട വിശ്വാസികൾ ഭീരുക്കളായിരിക്കും. ആ ഭീരുത്വം ഇവിടെ വന്ന് പ്രകടമായി. എന്തായാലും അയാൾ തന്റെ സ്നേഹിതന്മാരോടൊപ്പം പോയതിനുശേഷം മുസ്‌ലിമീങ്ങളുടെ എണ്ണം വെറും 700 ആയിരുന്നു.'(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 487)

എന്നിട്ടും യുദ്ധമുണ്ടായപ്പോൾ മുസ്‌ലിമീങ്ങളുടെ തട്ട് ഘനമുള്ളതായിരുന്നു. ഏകദേശം വിജയം ഉണ്ടായിക്കഴിഞ്ഞിരുന്നു. പക്ഷേ, അവസാനം നബി(സ)തിരുമേനിയുടെ നിർദേശങ്ങൾ പൂർണമായും പാലിക്കാതിരുന്ന കാരണത്താൽ, കാവൽനിറുത്തിയ ഇടവഴി ഉപേക്ഷിച്ച കാരണത്താൽ മുസ്‌ലിമീങ്ങൾക്ക് വൻനഷ്ടം സഹിക്കേണ്ടതായി വന്നു. ഈ അവസ്ഥയ്ക്കുശേഷം അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ പ്രവൃത്തി എങ്ങനെയുള്ളതായിരുന്നു, നബി(സ) തിരുമേനിയേയും മുസ്‌ലിമീങ്ങളെയും വിഷമിപ്പിക്കുന്നതിനും പരിഹസിക്കുന്നതിനും അയാൾ എന്തൊക്കെയാണ് ചെയ്തിരുന്നത് തുടങ്ങിയ കാര്യങ്ങൾ കുറച്ചു വിവരിക്കാം. ഇതിൽനിന്ന് ഹദ്റത്ത് അബ്ദുല്ലായ്ക്ക് നബി(സ) തിരുമേനിയോടും ഇസ്‌ലാമിനോടുമുള്ള സ്നേഹവും പ്രകടമാകുന്നുണ്ട്. തന്റെ പിതാവ് ഇസ്‌ലാമിന്റെ അഭിമാനത്തിനും നബി(സ)തിരുമേനിയുടെ അഭിമാനത്തിനുംമേൽ ആക്രമണം നടത്തുമ്പോൾ അതിനെതിരിൽ നടപടി സ്വീകരിക്കുന്നതിന് അദ്ദേഹത്തിന് ഒന്നും തടസമായിരുന്നില്ല.

ഇതുസംബന്ധമായി സീറത്തു ഖാത്തമുന്നബിയ്യീന്റെ തുടക്കത്തിൽ എങ്ങനെയാണ് അവർ പരിഹസിക്കാൻ തുടങ്ങിയതെന്ന് പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു:' ബദ്ർ യുദ്ധത്തിന്റെ ഫലമായി പേടിച്ചിരുന്ന മദീനയിലെ യഹൂദികളും കപട വിശ്വാസികളും ഉഹുദ് യുദ്ധത്തിനുശേഷം കുറച്ച് തന്റേടികളായി. എന്നല്ല അബ്ദുല്ലാഹ് ബിൻ ഉബയ്യും അയാളുടെ കൂട്ടാളികളും പരസ്യമായി പരിഹസിക്കാനും നിന്ദിക്കാനും തുടങ്ങി.'(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 506) പക്ഷേ, നബി(സ)തിരുമേനി അത് അവഗണിച്ചുകൊണ്ടിരുന്നു. ഈ മൃദുലമായ സമീപനത്തിൽ ലജ്ജിക്കുന്നതിനുപകരം അവർ തന്റേടത്തിലും അഹങ്കാരത്തിലും തിമിർക്കാൻ തുടങ്ങി. കപട വിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ മൃഗീയമായ മനസ്സും അയാളുടെ മകനായ ഹദ്റത്ത് അബ്ദുല്ലാഹ്(റ)ന് നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിന്റേയും വിലയനത്തിന്റേയും അവസ്ഥയും ഈ ഒരു സംഭവത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്.

ഹിജ്റ വർഷം 5 ന് ബനൂ മുസ്ത്വലിക് യുദ്ധം കഴിഞ്ഞ് തിരിച്ചു വരുമ്പോൾ നബി(സ) തിരുമേനി കുറച്ചു ദിവസം 'മുറയ്സീഅ്' എന്ന പ്രദേശത്ത് തങ്ങി. മുസ്ത്വലിഖിന്റെ ഒരു അരുവിയുടെ പേരായിരുന്നു അത്. എന്നാൽ, ഈ താമസത്തിന്നിടയിൽ കപടവിശ്വാസികളിൽനിന്ന് അസഹ്യമായ ഒരു സംഭവമുണ്ടായി. അതിലൂടെ ബലഹീനരായ വിശ്വാസികൾക്കിടയിൽ ആഭ്യന്തരകലഹംപോലും ഉണ്ടാകാനിടയുണ്ടായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ സന്ദർഭോചിതമായ ഇടപെടലും അവിടത്തെ കാന്തികമായ സ്വാധീനവും ഈ കുഴപ്പത്തിന്റെ ഭയാനകമായ ഫലങ്ങളിൽനിന്ന് മുസ്‌ലിമീങ്ങളെ രക്ഷിച്ചു.

സംഭവം ഇങ്ങനെയാണ്, 'ജഹ്ജാഹ് എന്നു പേരുള്ള ഹദ്റത്ത് ഉമർ(റ)ന്റെ ഒരു പരിചാരകൻ 'മുറയ്സീഅ്' എന്ന് അരുവിയിൽ നിന്ന് വെള്ളമെടുക്കാൻ പോയി. യാദൃച്ഛികമായി അൻസ്വാറിന്റെ സഖ്യകക്ഷികളിൽപ്പെട്ട സിനാൻ എന്നു പേരായ ഒരാളും വെള്ളമെടുക്കുന്നതിന് അവിടെയെത്തി. ഇവർ രണ്ടുപേരും വിദ്യാഹീനരും തികച്ചും സാധാരണക്കാരുമായിരുന്നു. അരുവിക്കടുത്തുവച്ച് ഇവർ രണ്ടു പേരും പരസ്പരം വഴക്കിട്ടു. ജഹ്ജാഹ് മുഷ്ടി ചുരുട്ടി സിനാന്റെ മുഖത്ത് ഇടിച്ചു. പിന്നീട് സിനാൻ ആർത്തുവിളിച്ചുകൊണ്ട് ബഹളം വയ്ക്കാൻ തു

ടങ്ങി. അല്ലയോ അൻസ്വാർ സംഘമേ! ഞാനിതാ ആക്രമിക്കപ്പെട്ടിരിക്കുന്നു. എന്നെ സഹായിക്കാനായി വരൂ. അപ്പോൾ ജഹ്ജാഹയും തന്റെ സമൂഹത്തിലുള്ളവരെ വിളിക്കാൻ തുടങ്ങി. മുഹാജിറുകളേ ഓടിവരൂ. അൻസ്വാറും മുഹാജിറുകളും ഈ ശബ്ദം കേട്ട മാത്രയിൽ തങ്ങളുടെ വാളുമെടുത്ത് അരുവിയുടെ ഭാഗത്തേക്ക് അതിശീഘ്രം ഓടിയെത്തി. പെട്ടെന്ന് അവിടയൊരു ജനക്കൂട്ടം രൂപംകൊണ്ടു. അജ്ഞരായ ചില യുവാക്കൾ പരസ്പരം ആക്രമിക്കാനുള്ള അവസ്ഥയിലായിരുന്നു അവിടം. എന്നാൽ, ഇത്രയുമായപ്പോൾ ചില വിവേകികളും നിഷ്കളങ്കരുമായ മുഹാജിറുകളും അൻസ്വാറും പെട്ടെന്നുതന്നെ അവരെ പിടിച്ചുമാറ്റുകയും രഞ്ജിപ്പുണ്ടാക്കുകയും ചെയ്തു.

നബി(സ)തിരുമേനിക്ക് ഈ വാർത്ത ലഭിച്ചപ്പോൾ അവിടന്ന് പറഞ്ഞു: 'ഇത് ജാഹിലിയത്തിന്റെ പ്രദർശനമാണ്.' അവിടന്ന് അതിൽ വെറുപ്പ് പ്രകടിപ്പിക്കുകയുണ്ടായി. അങ്ങനെ ആ പ്രശ്നം അവിടെ ഒത്തുതീർപ്പായെങ്കിലും യുദ്ധത്തിൽ പങ്കെടുത്ത കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബി ൻ സുലൂൽ ഈ സംഭവമറിഞ്ഞപ്പോൾ, ആ ദുർഭഗൻ വീണ്ടും കുഴപ്പം കുത്തിപ്പൊക്കാൻ ആഗ്രഹിച്ചുകൊണ്ട് നബി(സ) തിരുമേനിക്കും മുസ്‌ലിമീങ്ങൾക്കുമെതിരെ തന്റെ കൂട്ടാളികളെ പ്രകോപിപ്പിക്കാനായി പറഞ്ഞു: 'എല്ലാം നിങ്ങളുടെ പോരായ്മയാണ്. നിങ്ങൾ അവരെ തലയിൽ കയറ്റിവച്ചിരിക്കുകയാണ്. അവരെ സംരക്ഷിക്കുന്നതിൽനിന്ന് നിങ്ങൾ ഇനി വിട്ടൊഴിയുകയാണ് വേണ്ടത്. അങ്ങനെയായാൽ ഇവർ സ്വയം മദീന വിട്ടു പോകുന്നതായിരിക്കും. ഒടുവിൽ ആ ദുർഭഗൻ ഇത്രത്തോളം പറഞ്ഞു:

*ലയിൻർറജഅ്നാ ഇലൽമദീനത്തി ലയുഖ്രിജന്നൽ അഅസ്സു മിൻഹൽഅദല്ല*

അതായത് മദീനയിലെത്തിക്കഴിഞ്ഞാൽ ഏറ്റവും ആദരണീയനായ വ്യക്തി ഏറ്റവും നിന്ദ്യനായ വ്യക്തിയെ പട്ടണത്തിൽനിന്ന് പുറത്താക്കുന്നതെങ്ങനെയെന്ന് നിങ്ങൾ കാണുക(63:9). ആ സമയത്ത് നിഷ്കളങ്കനായ ഒരു മുസ്‌ലിംകുട്ടിയായ സയ്ദ് ബിൻ അർഖം അവിടെയിരിക്കുന്നുണ്ടായിരുന്നു. അബ്ദുല്ലായുടെ വായിൽനിന്ന് ഈ വാക്ക് കേട്ടപ്പോൾ അസ്വസ്ഥനായിക്കൊണ്ട് തന്റെ പിതൃസഹോദരൻ മുഖേന നബി(സ) തിരുമേനിയെ ഈ വിവരം അറിയിച്ചു. നോക്കുക, കുട്ടികളും എത്രമാത്രം ആത്മാർഥരും കൂറുള്ളവരുമായിരുന്നു. എപ്പോഴും അവർ ജാഗരൂകരായിരുന്നു. എന്താണ് ശരിയെന്നും എന്താണ് തെറ്റെന്നും അവർ മനസ്സിലാക്കിയിരുന്നു. എന്തായാലും അവൻ തന്റെ മാതുലനെ വിവരം അറയിച്ചു. അപ്പോൾ നബി(സ)തിരുമേനിയുടെ സമീപത്ത് ഹദ്റത്ത് ഉമറും ഇരിക്കുന്നുണ്ടായിരുന്നു. ആ വാക്കുകൾ കേട്ട ഉമർ കലിപൂണ്ടു. നബി(സ)തിരുമേനിയോട് പറഞ്ഞു: 'യാ റസൂലല്ലാഹ്! കുഴപ്പം സൃഷ്ടിക്കുന്ന ആ കപടവിശ്വാസിയുടെ തലയെടുക്കാൻ എനിക്കനുവാദം തന്നാലും.' അവിടന്ന് പറഞ്ഞു: 'വിട്ടുകളയുക ഉമർ. മുഹമ്മദ് തന്റെ കൂടെയുള്ളവരെ കൊന്നു നടക്കുകയാണെന്ന് ജനങ്ങൾ പറയുന്നത് കേൾക്കാൻ നീ ഇഷ്ടപ്പെടുമോ?' തുടർന്ന് നബി(സ) തിരുമേനി അബ്ദുല്ലാഹ് ബിൻ ഉബയ്യിനെയും കൂട്ടാളികളെയും വിളിപ്പിച്ചു. ഞാനീ കേട്ട സംഭവമെന്താണെന്നു ചോദിച്ചു. ഞങ്ങളങ്ങനെയൊന്നും പറഞ്ഞിട്ടില്ലെന്ന് അവർ സത്യം ചെയ്തു പറഞ്ഞു. ചില അൻസ്വാറും ശിപാർശ എന്ന നിലയിൽ പറഞ്ഞു: 'സയ്ദ് ബിൻ അർഖമിന് തെറ്റുപറ്റിയിട്ടുണ്ടാകും. ഇദ്ദേഹം ഇങ്ങനെ സംസാരിക്കാൻ ഇടയില്ല. നബി(സ)തിരുമേനി ആ നേരത്ത് അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റേയും അയാളുടെ കൂട്ടാളികളുടേയും വിവരണം സ്വീകരിച്ചു. സയ്ദ് പറഞ്ഞത് തള്ളുകയും ചെയ്തു. ഇതുമുഖേന സയ്ദിന് കഠിനമായി വിഷമമുണ്ടായി. സങ്കടമുണ്ടായി. എന്നാൽ, പിന്നീട് ഞാനോതിയ ഖുർആനിക വഹ്‌യ് സയ്ദ് പറഞ്ഞത് ശരിവെക്കുകയും കപടവിശ്വാസികളെ വ്യാജരായി പ്രഖ്യാപിക്കുകയും ചെയ്തു.

ഇവിടെ നബി(സ)തിരുമേനി അബ്ദുല്ലാഹ് ബിൻ ഉബയ്യ് തുടങ്ങിയവരെ വിളിച്ചു ഇക്കാര്യം സാക്ഷ്യപ്പെടുത്താൻ തുടങ്ങി. അവിടെ നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനോടു പറഞ്ഞു: 'ഇപ്പോൾത്തന്നെ മദീനിയിലേക്ക് പുറപ്പെടാൻ ആളുകളോടു കല്പിക്കുക.' ഇതു ഉച്ചനേരമായിരുന്നു. നബി(സ)തിരുമേനി സാധാരണ ഉച്ചയ്ക്ക് യാത്രപുറപ്പെടാൻ പറയാറില്ല. യാത്ര തുടങ്ങുമായിരുന്നില്ല. കാരണം അറേബ്യയുടെ കാലാവസ്ഥയുടെ അടിസ്ഥാനത്തിൽ ആ നേരം വളരെ ചൂടുള്ളതായിരിക്കും. ആ നേരത്ത് യാത്ര ചെയ്യൽ വളരെ ബുദ്ധിമുട്ടായിരിക്കും. എന്നാൽ, നബി(സ)തിരുമേനി ആ നേരത്തെ അവസ്ഥകളനുസരിച്ച് അവിടെനിന്ന് പുറപ്പെടുന്നതാണ് നല്ലതെന്ന് മനസ്സിലാക്കി. അങ്ങനെ നബിയുടെ കല്പനയനുസരിച്ച് ക്ഷണത്തിൽ ഇസ്‌ലാമി കസൈന്യം പുറപ്പെടാൻ തയ്യാറായി. അതേ അവസരത്തിലാണെന്ന് തോന്നുന്നു, ഔസ് ഗോത്രത്തിന്റെ അങ്ങേയറ്റം പേരുകേട്ട നേതാവ് ഉസയ്ദ് ബിൻ ഹുളയ്ർ അൻസ്വാരി, നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങ് ഇത്തരം നേരത്ത് സാധാരണ യാത്രപുറപ്പെടാറില്ല. ഈ ഉച്ച നേരത്ത് യാത്ര പുറപ്പെടാനുള്ള കാരണം എന്താണ്? അവിടന്ന് പറഞ്ഞു: 'ഉസയ്ദേ! അബ്ദുല്ലാഹ് ബിൻ ഉബയ്യ് എന്തു വാക്കുകളാണ് പറഞ്ഞതെന്ന് താങ്കൾ കേട്ടില്ലേ? 'തങ്ങൾ മദീനയിലെത്തിയാൽ ആദരണീയനായ വ്യക്തി നിന്ദ്യനായവനെ പുറത്താക്കുമെന്ന്.' ഉസയ്ദ്(റ) നിഷ്കളങ്കമായി പറഞ്ഞു: 'അതേ, യാ റസൂല്ലലാഹ്!ശരിതന്നെയാണ്. ഇക്കാര്യമുണ്ട്. പക്ഷേ, അങ്ങ് ഉദ്ദേശിക്കുകയാണെങ്കിൽ നിസംശയം അബ്ദുല്ലായെ മദീനയിൽനിന്ന് പുറത്താക്കാൻ സാധിക്കും. കാരണം അല്ലാഹുവാണ! ആദരണീയൻ അങ്ങാണ്. അയാളല്ല. അയാൾ തന്നെയാണ് നിന്ദ്യൻ.' തുടർന്ന് ഉസയ്ദ് ബിൻ ഹുളയ്ർ പറഞ്ഞു:'യാ റസൂലല്ലാഹ്! അങ്ങു വരുന്നതിനുമുമ്പേ അബ്ദുല്ലാഹ് ബിൻ ഉബയ്യ് തന്റെ ജനതയിൽ വളരെ ബഹുമാന്യനായിരുന്നു. അയാളുടെ ജനത അയാളെ രാജാവാക്കാൻ പദ്ധതിയിട്ടിരുന്നു. അങ്ങ് വന്നതോടെ അയാളുടെ ശ്രമം മണ്ണിലടിഞ്ഞുപോയി. ഇക്കാരണത്താൽ അയാളുടെ മനസ്സിൽ അങ്ങയോടു അസൂയ കൂടിയിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് അയാളുടെ അനാവശ്യങ്ങൾ ഗൗനിക്കണ്ട. അയാളെ അയാളുടെ വഴിക്കു വിട്ടേക്കുക. അല്പ സമയത്തിനുശേഷം അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ്-അദ്ദേഹത്തെക്കുറിച്ചാണ് ഇപ്പോൾ വിവരിച്ചുകൊണ്ടിരിക്കുന്നത് വളരെ ആത്മാർഥനായ സ്വഹാബിയായിരുന്നു- പരിഭ്രമിച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ മുന്നിൽ ഹാജരായി പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് എന്റെ പിതാവിന്റെ ധാർഷ്ട്യവും കലഹമുണ്ടാക്കലും കാരണമായി വധശിക്ഷയ്ക്കു വിധിക്കാൻ പോകുന്നുവെന്നു കേട്ടു. അതുതന്നെയാണ് അങ്ങയുടെ തീരുമാനമെങ്കിൽ എനിക്കു കല്പന നൽകിയാലും. ഞാനെന്റെ പിതാവിന്റെ തലയറുത്ത് താങ്കളുടെ കാൽക്കീഴിൽ കൊണ്ടുവരുന്നതാണ്. എന്നാൽ, മറ്റാർക്കും അതിനുള്ള കല്പന നൽകരുത്. കാരണം എന്റെ ഏതെങ്കിലുമൊരു നാഡിയിൽ ജാഹിലിയ്യ കാലത്തുള്ള ആവേശം നുരഞ്ഞു പൊങ്ങുകയും എന്റെ പിതാവിന്റെ ഘാതകർക്ക് എപ്പോഴെങ്കിലും വല്ല ക്ഷതവും ഞാൻ ഏല്പ്പിക്കുകയും ചെയ്തു പോകാമെന്നു ഞാൻ ഭയപ്പെടുന്നു. അങ്ങനെ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചിട്ടും നരകത്തിൽ പോയി പതിക്കുമോ എന്നു ഞാൻ ഭയക്കുന്നു. നബി(സ)തിരുമേനി അദ്ദേഹത്തെ ആശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞു: 'നമുക്കൊരിക്കലും അത്തരമൊരു ഉദ്ദേശ്യമില്ല. തീർച്ചയായും നാം താങ്കളുടെ പിതാവിനോട് വിട്ടുവീഴ്ചയോടും കാരുണ്യത്തോടും കൂടി പെരുമാറുന്നതാണ്.'

എന്നാൽ, ഹദ്റത്ത് അബ്ദുല്ലായ്ക്ക് തന്റെ പിതാവിനോടുള്ള വിരോധം എത്രത്തോളം ഉണ്ടായിരുന്നുവെന്നാൽ ഇസ്‌ലാമിക സൈന്യം മദീനയിലേക്കു തിരിച്ചപ്പോൾ അബ്ദുല്ലാഹ് തന്റെ പിതാവിന്റെ വഴി തടഞ്ഞു കൊണ്ടു പറഞ്ഞു: 'അല്ലാഹുവാണ! നബി(സ)തിരുമേനി ഏറ്റവും ആദരണീയനാണെന്നും താങ്കൾ നിന്ദ്യനാണെന്നും സ്വന്തം നാവുകൊണ്ട് ഏറ്റുപറയുന്നതുവരെ ഞാൻ താങ്കളെ പോകാൻ അനുവദിക്കുകയില്ല.' അബ്ദുല്ലാഹ് എത്രമാത്രം നിർബന്ധത്തോടും ആവേശത്തോടും തന്റെ പിതാവിന്റെമേൽ സമ്മർദം ചെലുത്തിയെന്നാൽ ഒടുവിൽ അയാൾ ആ വാക്കുകൾ ഏറ്റു പറയുവാൻ നിർബന്ധിതനായി . അതിനുശേഷമാണ് അബ്ദുല്ലാഹ് അയാളെ വിട്ടയച്ചത്.'(സീറത്തുഖാത്തമുന്നബിയ്യീൻ പേജ് 557, 559, 561)

പിന്നെ ഹദ്റത്ത് ആഇശ(റ)യുടെമേൽ മുനാഫിഖുകൾ പ്രചരിപ്പിച്ച അപവാദത്തിന്റെ മുഖ്യ സുത്രധാരകൻ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ആയിരുന്നു. ഈ സംഭവം നടന്നതും ബനൂമുസ്ത്വലിഖ് യുദ്ധം കഴിഞ്ഞു വരുമ്പോൾ ആയിരുന്നു. അതിൽ ഹദ്റത്ത് ആഇശ(റ)യുടെ അനുഗൃഹീത വ്യക്തിത്വത്തിനുമേൽ അപവാദങ്ങൾ പ്രചരിപ്പിച്ചിരുന്നു.

ഇബ്നുസഅ്ദ് ഈ വാക്കുകളിലാണ് ആ സംഭവം വിവരിച്ചത്: 'നബി(സ)തിരുമേനി സ്വഹാബത്തിനോടു യാത്ര പുറപ്പെടാൻ കല്പിച്ചപ്പോൾ അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് തന്റെ പിതാവിന്റെ വഴി തടഞ്ഞു. ഒട്ടകത്തിൽനിന്നിറങ്ങി വന്നു. തന്റെ പിതാവിനോടു പറഞ്ഞു: 'താങ്കൾ ഏറ്റവും നിന്ദ്യനാണെന്നും മുഹമ്മദു(സ) ഏറ്റവും വന്ദ്യനാണെന്നും പറയുന്നതുവരെ ഞാൻ താങ്കളെ മുന്നോട്ടു വിടുകയില്ല. നബി(സ)തിരുമേനിയുടെ അടുത്തൂടെ അവർ നീങ്ങുമ്പോൾ അവിടന്ന് പറഞ്ഞു:'അയാളെ വിട്ടയക്കുക.' നബി(സ) തിരുമേനി അവരെ കണ്ടു. അവിടന്ന് പറഞ്ഞു: അയാളെ വിട്ടയക്കുക. അവിടന്ന് പറഞ്ഞു: 'എന്റെ ആയുസാണ!അയാൾ നമ്മുടെ ഇടയിൽ ജീവിച്ചിരിക്കുവോളം നാം അയാളോടു നല്ല രീതിയിൽ പെരുമാറുന്നതാണ്.' (അത്ത്വബക്കാത്തുൽ കുബ്റാ ഭാഗം 2, പേജ് 50, ഗസ്‌വത്തു റസൂലുല്ലാഹ് അൽമുറയ്സീഅ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഇതു ത്വബക്കാത്തുൽ കുബ്റായിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ഇങ്ങനേയും പറഞ്ഞു കാണുന്നു, ഹദ്റത്ത് അബദുല്ലായുടെ പിതാവ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറഞ്ഞു:

*ലയുഖ്രിജന്നൽ അഅസ്സു മിൻഹൽ അദല്ല*

അതായത് ആദരണീയനായ വ്യക്തി അല്ലെങ്കിൽ സംഘം നിന്ദ്യനായവനെ അല്ലെങ്കിൽ നിന്ദ്യനായ സംഘത്തെ തന്റെ നാട്ടിൽനിന്ന് പുറത്താക്കുന്നതായിരിക്കും. ഹദ്റത്ത് അബ്ദുല്ലാഹ് നബി(സ)തിരുമേനിയോടു പറഞ്ഞു: 'യാ റസൂലല്ലാഹ്! അയാൾത്തന്നെയാണ് നിന്ദ്യൻ. അങ്ങ് വന്ദ്യനാണ്.' മകൻ സ്വന്തം പിതാവിനെ കുറിച്ച് പറഞ്ഞതാണിത്!' (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ് ഭാഗം 3,

പേജ് 941, അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് അൻസ്വാരി, ദാറുൽജീൽ ബേറൂത്ത്)

പിന്നീട് മുനാഫിക്കുകൾ ഹദ്റത്ത് ആഇശയുടെമേൽ ഒരു കൊടും അപവാദം പറഞ്ഞു പരത്തി. ഇഫ്ക് സംഭവവുമായിട്ടാണ് അതിന് ബന്ധം. ഇതിന്റെ മുഖ്യസൂത്രധാരകൻ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലായിരുന്നു. ബനൂ മുസ്ത്വലിഖ് യുദ്ധം കഴിഞ്ഞു തിരിച്ചു വരുമ്പോൾ ഇഫ്ക് സംഭവമുണ്ടായി. അതിൽ ഹദ്റത്ത് ആഇശായുടെ വ്യക്തിത്വത്തിനുമേൽ അപവാദം ഉന്നയിച്ചു. ഇഫ്ക് സംഭവത്തെ കുറിച്ച് കഴിഞ്ഞവർഷം അവസാനം ഒരു ഖുത്ബയിൽ വിശദീകരിച്ചിട്ടുണ്ട്. (ജുമുഅ ഖുത്ബ 14-12-2018, അൽഫള്ൽ ഇന്റർ നാഷണൽ 2019 ജനുവരി 4) പക്ഷേ, ഇതിനെ കുറിച്ച് അല്പം ഇവിടെ വിശദീകരിക്കുകയാണ്. ഹദ്റത്ത് ആഇശായുടെ നിവേദനവും ഇവിടെയുണ്ട്. മുഴുവൻ നിവേദനവുമല്ല, കുറച്ചുഭാഗം കേൾപ്പിക്കുകയാണ്.

ബുഖാരിയിലെ നിവേദനമനുസരിച്ച് തന്റെ പേരിൽ കെട്ടിയുണ്ടാക്കി പറഞ്ഞ സംഭവം വിശദീകരിച്ചുകൊണ്ടു ഹദ്റത്ത് ആഇശ(റ) പറയുന്നു: (ഇതിന്റെ വിശദീകരണം പ്രാധാന്യമർഹിക്കുന്നതുകൊണ്ട് ഞാനും അത് വിവരിക്കുകയാണ്). ഹദ്റത്ത് ആഇശ(റ) പറയുന്നു:'നബി(സ)തിരുമേനി ഒരു യാത്ര പുറപ്പെടാനുദ്ദേശിച്ചാൽ തന്റെ ഭാര്യമാർക്കിടയിൽ നറുക്കിടുമായിരുന്നു. നറുക്കിൽ ആരുടെപേരാണോ വീഴുന്നത് അവരേയുംകൊണ്ട് യാത്ര പുറപ്പെടും. അതനുസരിച്ച് നബി(സ)തിരുമേനി ഒരു യുദ്ധയാത്രയിൽ നറുക്കിട്ടു. എന്റെ നറുക്കാണ് വീണത്. ഞാൻ നബി(സ)തിരുമേനിയോടൊപ്പം യാത്ര പുറപ്പെട്ടു. പർദയുടെ വിധി നടപ്പിൽ വന്നശേഷമായതിനാൽ ഒരു പല്ലക്കിനുള്ളിൽ കയറിയാണ് ഞാൻ യാത്ര പുറപ്പെട്ടത്.(ഒട്ടകപ്പുറത്ത് യാത്രക്കാർ ഇരിക്കുന്ന സ്ഥലത്ത് നാലുഭാഗവും മറച്ചുണ്ടാക്കുന്നതാണ് ഈ പല്ലക്ക്). വല്ലയിടത്തും ഇറങ്ങേണ്ടി വരുമ്പോൾ അതോടുകൂടിതന്നെയാണ് എന്നെ ഇറക്കിയിരുന്നത്. അങ്ങനെ ഞങ്ങൾ യാത്ര തുടർന്നു. യുദ്ധം കഴിഞ്ഞ് ഞങ്ങൾ മടങ്ങുകയും മദീനയെ സമീപിക്കുകയും ചെയ്തപ്പോൾ ഒരു രാത്രി യാത്ര തുടരാൻ നബി(സ) എല്ലാവരേയും വിളിച്ചറിയിച്ചു. അതനുസരിച്ച് ഞാനും എഴുന്നേറ്റ് പ്രാഥമകാവശ്യങ്ങൾക്കായി പുറപ്പെട്ടു. അവസാനം ഞാൻ പട്ടാളത്തിന്റെ മുമ്പിലേക്ക് കടന്നുകഴിഞ്ഞ് പ്രാഥമകാവശ്യങ്ങൾ നിർവ്വഹിച്ച് എന്റെ വാഹനത്തിനടുക്കൽ വന്ന് നെഞ്ചിൽ കൈവെച്ച് നോക്കിയപ്പോൾ യമനിലെ ളിഫാറിൽ തയ്യാർ ചെയ്ത മണികൾ കോർത്ത മാല അറ്റുവീണുപോയിരിക്കുന്നു. മാല അന്വേഷിച്ചുകൊണ്ട് ഞാൻ തിരിച്ചുപോയി. അതിന്റെ അന്വേഷണം എന്നെ തടഞ്ഞു വെച്ചു. അപ്പോൾ എന്റെ ഒട്ടകപ്പല്ലക്ക് വഹിക്കുന്നവർ മുന്നിട്ട് വന്നു. അവരെന്റെ പല്ലക്ക് എടുത്തിട്ട് ഞാൻ യാത്ര ചെയ്തിരുന്ന ഒട്ടകപ്പുറത്ത് വെച്ചു. ഞാൻ ആ പല്ലക്കില്ലുണ്ടെന്നാണ് അവർ ധരിച്ചത്. അക്കാലത്ത് സ്ത്രീകൾക്ക് തടിച്ച ശരീരം ഉണ്ടായിരുന്നില്ല. വളരെ ചുരുങ്ങിയ ആഹാരം മാത്രമേ അന്ന് സ്ത്രീകൾ കഴിക്കാറുണ്ടായിരുന്നുള്ളു. തന്നിമിത്തം എന്റെ അഭാവം അവർക്ക് സംശയമുണ്ടാക്കിയില്ല. ഞാൻ അന്ന് ചെറുപ്രായക്കാരിയായ ഒരു പെൺകുട്ടിയായിരുന്നു. അങ്ങനെ ഒട്ടകത്തെ തെളിച്ചുകൊണ്ട് അവർ മുമ്പോട്ട് പോയി. അതിനിടയ്ക്ക് മാല എനിക്ക് കണ്ടുകിട്ടി. പട്ടാളം കുറെ മുമ്പോട്ട് നീങ്ങിക്കഴിഞ്ഞശേഷം ഞാൻ താവളത്തിൽ തിരിച്ചെത്തിയപ്പോൾ അവിടെ ആരുമില്ല. ഇറങ്ങിയ അതെ സ്ഥലത്ത് പോയിരിക്കാൻ ഞാനുദ്ദേശിച്ചു. എന്നെ കാണാതിരിക്കുമ്പോൾ അവർ എന്നെ അന്വേഷിച്ച് തിരിച്ചുവരുമെന്ന് ഞാനുറപ്പിച്ചു. അങ്ങനെ ഞാൻ ഇരിക്കുമ്പോൾ എന്റെ ഇരുനേത്രങ്ങൾ എന്നെ കീഴ്പ്പെടുത്തുകയും ഞാൻ ഉറങ്ങുകയും ചെയ്തു.

സ്വഫ്വാൻ ബിൻ മുഅത്ത്വൽ സുലമീ ദക്വാനീ പട്ടാളത്തിന്റെ പിന്നിൽ യാത്ര ചെയ്തു കൊണ്ടിരിക്കുകയായിരുന്നു.(എന്തെങ്കിലും സാധനം വീണുപോയിട്ടുണ്ടോ, ആരെങ്കിലും പിന്നിലായിട്ടുണ്ടോ എന്നു നോക്കുന്നതിനുവേണ്ടി ഒരാൾ എപ്പോഴും സൈന്യത്തിന്റെ പിന്നാലെ ഉണ്ടാകും). ആഇശ(റ) പറയുന്നു: അദ്ദേഹം പ്രഭാതവേളയിൽ എന്റെ താവളത്തിലെത്തി. ഒരു മനുഷ്യൻ ഉറങ്ങുന്ന നിഴൽ അദ്ദേഹം കണ്ടു. ഉടനെ എന്റെ അടുത്തുവന്നു. പർദയുടെ കല്പന വരുന്നതിനുമുമ്പേ അദ്ദേഹം എന്നെ കാണാറുണ്ടായിരുന്നു. അദ്ദേഹം ഇന്നാലില്ലാഹി ചൊല്ലുന്നതു കേട്ടപ്പോൾ ഞാനുണർന്നു. ഉടനെ അദ്ദേഹം തന്റെ ഒട്ടകത്തെ മുട്ടുകുത്തിച്ചു. അതിന്റെ കൈ എനിക്കു കയറുവാൻ സൗകര്യപ്പെടുത്തി. ഞാൻ ഒട്ടകപ്പുറത്ത് കയറി. അങ്ങനെ എന്നെ വാഹനത്തിലിരുത്തിക്കൊണ്ട് സ്വഫ്വാൻ മുമ്പോട്ട് നടന്നു. ഹദ്റത്ത് ആഇശ(റ) പറയുന്നു: 'വാഹനം പട്ടാളസംഘത്തോടൊപ്പം എത്തിച്ചേർന്നു. അവർ മധ്യാഹ്ന വിശ്രമത്തിനുവേണ്ടി ഒരിടത്തു ഇറങ്ങിക്കഴിഞ്ഞിരുന്നു. അപ്പോഴേക്കും ഊഹാപോഹങ്ങൾ കെട്ടിച്ചമച്ച് നശിക്കേണ്ടവരെല്ലാം നശിച്ചുകഴിഞ്ഞിരുന്നു.(അതായത് ഇക്കാര്യത്തിൽ ചിലയാളുകൾ ആക്ഷേപം ഉന്നയിക്കാൻ തുടങ്ങിയിരുന്നു. തെറ്റായ രീതിയിലുള്ള കാര്യങ്ങൾ ഹദ്റത്ത് ആഇശയ്ക്കെതിരിൽ പറയാൻ തുടങ്ങിയിരുന്നു). ഹദ്റത്ത് ആഇശ(റ) പറയുന്നു: 'ആരോപണത്തിന്റെ നേതൃത്വം വഹിച്ചിരുന്നതു അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സലൂലായിരുന്നു. ഞങ്ങൾ മദീനയിലെത്തിക്കഴിഞ്ഞശേഷം അവിടെ ഒരുമാസം ഞാൻ രോഗിയായിക്കിടന്നു. ആളുകളാവട്ടെ ആരോപണം കെട്ടിച്ചമച്ചുണ്ടാക്കിയവരുടെ വാക്കുകൾ നാടെങ്ങും പ്രചരിപ്പിക്കുന്നതിൽ വ്യാപൃതരായി. ഞാൻ രോഗിയാകുന്ന സന്ദർഭത്തിൽ നബി(സ)തിരുമേനിയിൽ ഞാൻ കാണാറുള്ള അനുകമ്പ ഈ സന്ദർഭത്തിൽ ഞാൻ കാണാതിരുന്നത് എനിക്ക് സംശയവും ഉണ്ടാക്കി. നബി(സ)തിരുമേനി എന്റെ അടുത്തു പ്രവേശിച്ച് നിനക്കെങ്ങനെയുണ്ടെന്ന് മാത്രം ചോദിച്ചു. (അതും അവരുടെ മാതാപിതാക്കളോടാണ് ചോദിച്ചിരുന്നത്). യഥാർഥത്തിൽ ഞാൻ സുഖം പ്രാപിക്കും വരേക്കും ഇക്കഥകളൊന്നുംഅറിഞ്ഞിരുന്നില്ല

ഹദ്റത്ത് ആഇശ(റ)പറയുന്നു: ഒരിക്കൽ ഞാൻ ഉമ്മു മിസ്ത്വഹ്ന്റെ കൂടെ പ്രഭാത കൃത്യത്തിനായി വെളിയിൽ പോയതായിരുന്നു. അവിടെ വച്ചാണ് ആ അപവാദം പ്രചരിപ്പിക്കുന്നവരുടെ കാര്യം എന്നോട് അവർ പറഞ്ഞത്. ഞാൻ വീട്ടിലെത്തിയപ്പോൾ നബി(സ)തിരുമേനി എന്റെ അടുത്തുവന്നു. അസ്സലാമു അലയ്ക്കും പറഞ്ഞു. എന്നിട്ടു ചോദിച്ചു: 'ഇപ്പോൾ നിനക്കെങ്ങനെയുണ്ട്.' ഞാൻ പറഞ്ഞു: 'എനിക്കെന്റെ മാതാപിതാക്കളുടെ അടുത്ത് പോകണം.' അവിടന്ന് എനിക്ക് അനുവാദം നൽകി. അങ്ങനെ മാതാപിതാക്കളുടെ അടുത്തെത്തിയപ്പോൾ ഞാൻ എന്റെ മാതാവിനോടു ചോദിച്ചു: 'ജനങ്ങൾ എന്താണ് പറഞ്ഞു നടക്കുന്നത്? അവർ പറഞ്ഞു: 'മകളേ നീ ഇക്കാര്യത്തിൽ വിഷമത്തിലാകരുത്. സമാധാനമായിരിക്കുക. ജനങ്ങൾ ഇങ്ങനെയെല്ലാം പറയും.' ഞാൻ പറഞ്ഞു: 'സുബ്ഹാനല്ലാഹ്!ഇങ്ങനെയൊക്കെയാണോ ജനങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്.' അവർ പറയുമായിരുന്നു: 'രാത്രിമുഴുവനും എന്റെ കണ്ണുനീർ തോർന്നില്ല? എനിക്കുറക്കവും വന്നില്ല.' എന്തായാലും ഈ ഈ അപവാദപ്രചാരണം നടന്നുകൊണ്ടിരുന്നു. നബി(സ)തിരുമേനി ചില സ്വഹാബിമാരോട് എന്തു ചെയ്യണമെന്ന് അഭിപ്രായം ചോദിച്ചിരുന്നു. ഹദ്റത്ത് ആഇശ(റ) പറയുന്നു: 'ഒരു ദിവസം എന്റെ സേവികയായ ബരീറയെ വിളിച്ചുകൊണ്ട് നബി(സ)തിരുമേനി ചോദിച്ചു: 'ബരീറാ നിനക്കെപ്പോഴെങ്കിലും സംശയകരമായ എന്തെങ്കിലും ആഇശയിൽനിന്ന് കാണാൻ കഴിഞ്ഞിട്ടുണ്ടോ? ബരീറ പറഞ്ഞു: 'ഒരിക്കലുമില്ല. താങ്കളെ സത്യത്തോടെ അയച്ചവനെക്കൊണ്ട് സത്യം! എനിക്ക് ന്യൂനതയായി തോന്നുന്ന ഒന്നും ഞാൻ ആഇശയിൽനിന്ന് കണ്ടിട്ടില്ല.' അതുകേട്ട് അന്നുതന്നെ നബി(സ)സ്വഹാബാക്കളോടു ചോദിച്ചു: 'എന്റെ ഭാര്യയെക്കുറിച്ച് എന്നെ ദുഃഖത്തിലാക്കിയ വ്യക്തിയെ ആരാണ് കൈകാര്യം ചെയ്യുക. ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ടു പറയുന്നു: എന്റെ ഭാര്യയിൽ നന്മയല്ലാതെ മറ്റൊന്നും ഞാൻ കണ്ടിട്ടില്ല.'

ചുരുക്കിപ്പറഞ്ഞാൽ ഹദ്റത്ത് ആഇശ(റ) പറയുന്നു: 'ഒരു ദിവസം നബി(സ)തിരുമേനി ഇതു സംബന്ധമായി എന്നോടു നേരിട്ട് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: 'അല്ലാഹുവാണ! ജനങ്ങൾ ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന കാര്യങ്ങളാണ് താങ്കളും കേട്ടിരിക്കുന്നതെന്ന് എനിക്ക് തീർച്ചയായും അറിയാം. ഞാനങ്ങനെയൊന്നും ചെയ്തിട്ടില്ല എന്ന് താങ്കളോടു പറയുകയാണെങ്കിൽത്തന്നെ ഞാൻ സത്യമാണ് പറയുന്നതെന്ന് താങ്കൾ വിശ്വസിക്കുകയില്ല- യഥാർഥത്തിൽ ഞാൻ നിരപരാധിയാണെന്ന് അല്ലാഹുവിനറിയാം- ഇനി ഞാനങ്ങനെ ചെയ്തിട്ടുണ്ടെന്ന് സമ്മതിക്കുന്ന പക്ഷം താങ്കളെന്നെ വിശ്വസിക്കുകയും ചെയ്യും. അല്ലാഹുവാണ! എന്റെയും താങ്കളുടെയും ഉദാഹരണം യൂസുഫ് നബിയുടെ പിതാവിന്റെ പോലെയല്ലാതെ അല്ല.' അദ്ദേഹം പറഞ്ഞു: *ഫസ്വബ്റുൻ ജമീൽ വല്ലാഹുൽ മുസ്തആനു അലാ മാ തസ്വിഫൂൺ*

## അല്ലാഹുവിന്റെ കലാം:

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

അതായത് സഹനം കൈക്കൊള്ളുക എന്നതാണ് ഉത്തമം. നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹുവിനോട് സഹായമർഥിക്കുക.(12:19) അതിനുശേഷം ഞാനെന്റെ കിടപ്പറയിലേക്കു പോയി. അല്ലാഹു എന്റെ നിരപരാധിത്വം തെളിയിക്കുമെന്നും ആ കുറ്റാരോപണത്തിൽ ഞാൻ നിരപരാധിയാണെന്ന കാര്യം നബിതിരുമേനിയെ അറിയിക്കുമെന്നും എനിക്കുറപ്പുണ്ടായിരുന്നു. ഹദ്റത്ത് ആഇശ(റ) പറയുന്നു: 'ഈ സംഭവത്തിനുശേഷം, ഞാൻ ഇക്കാര്യം പറഞ്ഞതിനുശേഷം അല്ലാഹുവാണ! നബി(സ)തിരുമേനി താനിരുന്ന സ്ഥലത്തുനിന്ന് മാറിയിട്ടില്ല, ഹദ്റത്ത് ആഇശ(റ) ഇക്കാര്യം പറഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്കറും(റ), ഹദ്റത്ത് ആഇശയുടെ മാതാവും അവിടെ ഉണ്ടായിരുന്നു. ഹദ്റത്ത് ആഇശ(റ)പറയുന്നു: 'അവിടന്നും വീട്ടുകാരും അഹ്ലെ ബയ്ത്തിൽപ്പെട്ട ആരും പുറത്തുപോയിട്ടില്ല, എല്ലാ കുടുംബക്കാരും അവിടെ ഉണ്ടായിരുന്നു, ആ അവസ്ഥയിൽ നബി(സ)തിരുമേനിയിൽ വെളിപാട് ഇറങ്ങാൻ തുടങ്ങി. തിരുമേനിയിൽനിന്ന് വെളിപാടിറങ്ങുമ്പോളുണ്ടാകുന്ന അവസ്ഥ നീങ്ങിത്തുടങ്ങിയപ്പോൾ -വഹ്യുണ്ടാകുന്ന സമയത്ത് നബി(സ)തിരുമേനിക്ക് കഠിനമായ വിഷമമുണ്ടാകുമായിരുന്നു. അത് അങ്ങയിൽനിന്ന് പ്രകടമാകാൻ തുടങ്ങി. ശരീരം വിയർപ്പുകൊണ്ടു നിറയുമായിരുന്നു. ഹദ്റത്ത് ആഇശ(റ) പറയുന്നു: 'വഹ്യുടെ അവസ്ഥ നീങ്ങിയപ്പോൾ അവിടന്ന് പുഞ്ചിരിക്കുകയായിരുന്നു.' അദ്ദേഹം പറഞ്ഞു: 'ആഇശാ, അല്ലാഹുവിനോട് നന്ദി പറയുക. അവൻ നിന്റെ നിരപരാധിത്വം തെളിയിച്ചിരിക്കുന്നു.' എന്റെ മാതാവ് എന്നോടു പറഞ്ഞു: 'എഴുന്നേൽക്കൂ, നബി തിരുമേനിയുടെ അടുക്കലേക്കു പോകൂ.' ഞാൻ പറഞ്ഞു: 'ഒരിക്കലുമില്ല. ഞാൻ അദ്ദേഹത്തിനു നന്ദി പറയുകയില്ല. ഞാനദ്ദേഹത്തിന്റെയടുക്കൽ പോകുന്നില്ല. അല്ലാഹുവിനോടല്ലാതെ ആരോടും നന്ദി പറയുകയുമില്ല.' അല്ലാഹു ഈ വഹ്യ് ഇറക്കി: 'ഇന്നല്ലദീന ജാഊ ബിൽഇഫ്കി ഉസ്ബത്തുൻ മ്മിൻകും. നിങ്ങളിൽപ്പെട്ട ഒരു സംഘംതന്നെയാണ് ഈ അപവാദം പറഞ്ഞു പരത്തിയത്. ഇതെല്ലാം ഉണ്ടായിട്ടും അവസാനം മോചിതയായി. നബി(സ)തിരുമേനി വിളംബരം ചെയ്തു. വിശുദ്ധ ഖുർആനിൽ അല്ലാഹു ആയത്ത് ഇറക്കി. എന്നല്ല ഹദ്റത്ത് ആഇശ പറയാറുണ്ടായിരുന്നു, ഞാൻ ധരിച്ചത് അല്ലാഹു സ്വപ്നം മുഖേന അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ പറയുമെന്നാണ്. വിശുദ്ധ ഖുർആനിൽ ഇതുസംബന്ധമായി ആയത്തിറക്കുമെന്ന് ഞാൻ വിചാരിച്ചിട്ടേയില്ല.'(സ്ഹീഹ് ബുഖാരി കിതാബുശ്ശാഹാദാത്ത്, ഹദീഥുനമ്പർ 2661).

അങ്ങനെ ഇക്കാര്യം അവസാനിച്ചു. ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. വിവിധ ചലനങ്ങളും സംഭവിച്ചികൊണ്ടിരുന്നു. പക്ഷേ, ഇക്കാര്യങ്ങളൊക്കെ ഉണ്ടായിട്ടും കപടവിശ്വാസികളുടെ ആ നേതാവിനോടു റഹ്മത്തുല്ലിൽ ആലമീൻ നബി(സ)തിരുമേനി എങ്ങനെയാണ് പെരുമാറിയത്. ഹദ്റത്ത് അബ്ദുല്ലായുടെ പിതാവ് മരണപ്പെട്ടപ്പോൾ, അതായത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ മരണപ്പെട്ടപ്പോൾ നബി(സ)തിരുമേനിയോട് അദ്ദേഹം ജനാസ നമസ്കരിപ്പിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. അതുപോലെ തന്നെ കഫൻ പൊതിയുന്നതിന് അവിടത്തെ കുപ്പായവും ചോദിച്ചു. എങ്ങനെയെങ്കിലും തന്റെ പിതാവിന്റെ പാപഭാരം കുറയട്ടെ എന്നു കരുതിയാണ് അബ്ദുല്ലാഹ് അത് ചോദിച്ചത്. അങ്ങനെ നബി(സ)തിരുമേനി അതു നല്കി. മറ്റൊരു നിവേദനത്തിൽ ഈ വാക്കുകളും ലഭിക്കുന്നുണ്ട്. ഹദ്റത്ത് അബ്ദുല്ലായുടെ(റ) പിതാവ് അതായത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ മരണപ്പെട്ടപ്പോൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ അദ്ദേഹം ഹാജരായി. തന്റെ പിതാവിനെ കഫൻ ചെയ്യാൻ അങ്ങയുടെ കുപ്പായം തരാൻ അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിനുവേണ്ടി ജനാസ നമസ്കരിക്കുകയും പൊറുക്കലിനെ തേടുകയും ചെയ്താലും. അങ്ങനെ നബി(സ)തിരുമേനി അദ്ദേഹത്തിന് കുപ്പായം കൊടുത്തു. കഫൻ പൊതിഞ്ഞതിനുശേഷം തന്നെ വിളിക്കാൻ നബി(സ)തിരുമേനി പറഞ്ഞു. നബി(സ) തിരുമേനി ജനാസ നമസ്കരിക്കാൻ ഒരുങ്ങുമ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'അല്ലാഹു അങ്ങയെ കപടവിശ്വാസികളുടെ ജനാസ നമസ്കരിക്കരുതെന്ന് പറഞ്ഞിട്ടുണ്ടല്ലോ?' നബി(സ) തിരുമേനി പറഞ്ഞു: 'എനിക്ക് അധികാരം നല്കപ്പെട്ടിരിക്കുന്നു. എനിക്കുവേണമെങ്കിൽ നമസ്കരിക്കാം നമസ്കരിക്കാതിരിക്കാം.' അങ്ങനെ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. അല്ലാഹു അത്തരക്കാരുടെ ജനാസ നമസ്കരിക്കുരുതെന്ന് പൂർണമായും വിരോധിച്ചപ്പോൾ അവിടന്ന് കപടവിശ്വാസികളുടെ ജനാസ നമസ്കാരം നിറുത്തുകയും ചെയ്തു.' (അൽ ഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ് ഭാഗം 3, പേജ് 941, 'അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് അൻസ്വാരി' ദാറുൽജീൽ ബേറൂത്ത്)

ഇങ്ങനേയും നിവേദനമുണ്ട്. നബി(സ)തിരുമേനി എത്തിയപ്പോൾ ജനാസ ഖബ്റിൽ വെക്കപ്പെട്ടു കഴിഞ്ഞിരുന്നു. അവിടന്ന് അത് പുറത്തെടുവിച്ചു. തന്റെ കാലുകളിൽ അദ്ദേഹത്തിന്റെ ശിരസ് വെച്ചു. പിന്നീട് തന്റെ ഉമിനീര് അയാളുടെ വായിലിട്ടു. പിന്നീട് ദുആ ചെയ്തു. കുപ്പായവും ജുബ്ബയും ഊരി നല്കി.'(സ്വഹീഹ് ബുഖാരി, കിതാബുൽജനാഇസ്, ഹദീഥ് 1350)

ഇങ്ങനേയും ഒരു നിവേദനമുണ്ട്, ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് വിവരിക്കുന്നു: 'ബദ്ർ ദിവസം നഗ്നനായിക്കൊണ്ടു അബ്ബാസ് കൊണ്ടുവരപ്പെട്ടു. അപ്പോൾ അദ്ദേഹത്തെ ധരിപ്പിക്കുവാൻ നബി(സ)തിരുമേനി വസ്ത്രം അന്വേഷിച്ചു. അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ വസ്ത്രം അദ്ദേഹത്തിന് യോജിച്ചതായി നബി(സ)തിരുമേനി കണ്ടു. അതിനാൽ അത് നബി(സ)തിരുമേനി അദ്ദേഹത്തെ ധരിപ്പിച്ചു. ഇക്കാരണത്താലാണ് നബി(സ)തിരുമേനി, തന്റെ വസ്ത്രം ഊരിക്കൊടുത്ത് അബ്ദുല്ലാഹ് ബിൻ ഉബയ്യിനെ കഫൻപുടവയായി ധരിപ്പിച്ചത്.

ഇബ്നു ഉയൈന പറയുന്നു: അയാൾ നബിയെ സഹായിച്ചു. അതിനാൽ നബി(സ)തിരുമേനി അയാൾക്ക് പ്രത്യുപകാരം ചെയ്യാൻ ആഗ്രഹിച്ചു. (ബുഖാരി കിതാബുൽ ജിഹാദ്, ഹദീഥ് 3008)

ഇത്തരം ഹദീഥ് സ്വഹീഹ് ബുഖാരിയെ ഉദ്ധരിച്ചും ഉണ്ടെങ്കിലും പക്ഷേ, ഇത് ഇത്ര മൗവേലിശേര ശരിയായും തോന്നുന്നില്ല. നബി(സ)തിരുമേനി റഹ്മത്തുല്ലിൽ ആലമീനായിരുന്നു. വെറും ഈ പെരുമാറ്റംകൊണ്ടു ഇക്കാര്യം അല്ലെങ്കിൽ വെറും ഇതേ കാര്യം ഉണ്ടാകാൻ സാധ്യതയില്ല. ഒന്ന് ചിലയാളുകൾ പറയുന്നത് ബദ്ർ യുദ്ധാവസരത്തിൽ ഇയാൾ മുസ്‌ലിമുമായിരുന്നില്ല എന്നാണ്. ഇനി കുപ്പായം ഊരിക്കൊടുത്തെങ്കിൽത്തന്നെ അതിന്നിടയിൽ നബി(സ) തിരുമേനി നിരവധി നന്മകളും ചെയ്തിരുന്നു. എന്തായാലും ഇത് അനുകമ്പാപൂർവമായ ഒരു പെരുമാറ്റമായിരുന്നു. ഞാൻ കരുതുന്നത് അബ്ദുല്ലാഹ്(റ)കാരണത്താൽ നബി(സ)തിരുമേനി അത് ചെയ്തതാണ്. മകൻ എല്ലാ കാര്യത്തിലും ഇസ്‌ലാമിന്റെ അഭിമാനം കാത്തുസൂക്ഷിച്ചു. നബി(സ)തിരുമേനിയുടെ അഭിമാനം കാത്തുസൂക്ഷിച്ചു. തന്റെ ഈമാനെ രക്ഷിച്ചു. തന്റെ പിതാവിനോടു കടുപ്പവും കാണിച്ചു. അതുകൊണ്ട് മകന്റെ തൃപ്തിക്കുവേണ്ടി അല്ലെങ്കിൽ മകന്റെ ആഗ്രഹം കാരണത്താൽ അവിടന്ന് വസ്ത്രം ഊരി നല്കിയതാണ്.

ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ) പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ചത്തപ്പോൾ നബി(സ)തിരുമേനിയോടു അപേക്ഷിക്കപ്പെട്ടു.(ഈ നിവേദനം ഹദ്റത്ത് ഉമർ(റ)നേരിട്ടും നിവേദനം ചെയ്തു). അങ്ങ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കുക. നബി(സ)തിരുമേനി നിൽക്കുമ്പോൾ ഞാൻ പെട്ടെന്നുതന്നെ തിരുമേനിയുടെ അടുത്തെത്തിക്കൊണ്ടു പറഞ്ഞു: യാ റസൂലല്ലാഹ്!താങ്കൾ ഇബ്നു ഉബയ്യിന്റെ ജനാസ നമസ്കരിക്കുകയാണോ? അയാൾ ഇന്ന ദിവസം ഇന്നതൊക്കെ പറഞ്ഞിരുന്നതല്ലെ? ഞാൻ ഓരോ കാര്യവും എണ്ണിപ്പറയാൻ തുടങ്ങി. നബി തിരുമേനി(സ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: മാറി നിൽക്കൂ ഉമർ. ഞാൻ കൂടുതൽ നിർബന്ധിച്ചപ്പോൾ അവിടന്ന് പറഞ്ഞു: എനിക്കതു തീരുമാനിക്കുവാനുള്ള അനുവാദം തന്നിട്ടുണ്ട്. അതുകൊണ്ട് ഞാനിങ്ങനെ ചെയ്യാൻ തീരുമാനിച്ചു. മാത്രമല്ല എഴുപതിലധികം തവണ പൊറുക്കലിനെത്തേടിയാൽ അല്ലാഹു അയാൾക്കു പൊറുത്തുകൊടുക്കുമെന്നറിഞ്ഞാൽ ഞാൻ തീർച്ചയായും അതിലും കൂടുതൽ തവണ അത് ചെയ്യുന്നതാണ്. ഹദ്റത്ത് ഉമർ(റ)പറയന്നു: അങ്ങനെ നബി(സ)തിരുമേനി അയാളുടെ ജനാസ നമസ്കരിപ്പിച്ചു. പിന്നീട് തിരിച്ചെത്തി അല്പ സമയം കഴിഞ്ഞപ്പോൾ സൂറഃ ബറാഅ അഥവാ സൂറഃ തൗബയിലെ ഈ രണ്ടു ആയത്ത് അവതരിക്കുകയുണ്ടായി.

*വലാ തുസ്വല്ലി അലാ അഹദിൻ മ്മിൻഹും മ്മാത്ത അബദൻ വ്വലാതഖും അലാ ഖബ്റിഹീ ഇന്നഹും കഫറൂ ബില്ലാഹി വ റസൂലിഹീ വ മാത്തൂ വഹും ഫാസിഖൂൻ*

അതായത്, അവരിൽനിന്ന് മരിച്ച ഒരുത്തനുവേണ്ടിയും നീ ഒരിക്കലും ജനാസ നമസ്കരിക്കരുത്. അവന്റെ ഖബറിനരികിൽ പ്രാർഥന

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 3)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

ക്കായി നിൽക്കുകയുമരുത്. കാരണം അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും നിഷേധിക്കുകയും ധിക്കാരികളായി മരിക്കുകയും ചെയ്തിരിക്കുന്നു(9:84). ഹദ്റത്ത് ഉമർ(റ) പറയുന്നു: ഇതിനുശേഷം ഞാൻ എന്റെ ധൈര്യത്തിൽ അത്ഭുതപ്പെട്ടു. എനിക്ക് നബി(സ)തിരുമേനിയോടു ഇങ്ങനെ സംസാരിക്കാൻ എങ്ങനെയാണ് ധൈര്യമുണ്ടായത്? അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നവൻ.'(ബുഖാരി കിതാബുൽ ജനാഇസ് ഹദീഥ് 1366)

ഹദ്റത്ത് അബ്ദുല്ലായെ സംബന്ധിച്ചുള്ള സംഭവം ഇവിടെ അവസാനിച്ചു. ഇനി മറ്റു സ്വഹാബാക്കളെ കുറിച്ച് പറയുന്നതായിരിക്കും.

ഇപ്പോൾ ഞാൻ ചില വഫാത്തായവരെ സ്മരിക്കുന്നതാണ്. ജുമുഅക്കുശേഷം, നമസ്കാരങ്ങൾക്കുശേഷം അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്. അവരിൽ ആദ്യത്തേത് അമത്തുൽ ഹഫീള് സാഹിബയാണ്. കേരളത്തിലെ മൗലാനാ മുഹമ്മദ് ഉമർ സാഹിബിന്റെ ഭാര്യയായിരുന്നു. ഒക്ടോബർ 20ന് 72-ാം വയസ്സിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1947-ൽ അവർ കേരളത്തിൽ ജനിച്ചു. പരേതയുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അവരുടെ പ്രമാതാമഹൻ മുഖേനയായിരുന്നു. അദ്ദേഹം കേരളത്തിലെ ആദ്യകാല അഹ്മദികളിൽപെട്ടയാളായിരുന്നു. പരേതയ്ക്ക് ചെന്നൈയിൽ സെക്രട്ടറിമാലായും കേരളത്തിൽ ദീർഘകാലം ലജ്നാ ഇമായില്ലാഹ് സംസ്ഥാന സ്വദ്റായും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലും തഹജ്ജുദ് നമസ്കരിക്കുന്നതിലും കൃത്യനിഷ്ഠ പാലിച്ചിരുന്നു. ലജ്നയേയും നാസ്വിറാത്തിനേയും വിശുദ്ധഖുർആൻ പഠിപ്പിക്കുമായിരുന്നു. നിർബന്ധമായതും ഐച്ഛികവുമായ എല്ലാ നോമ്പുകളും നോറ്റിരുന്നു. തന്റെ ജീവിതത്തിന്റെ അവസാനംവരെ മൗലാനാ മുഹമ്മദ് ഉമർ സാഹിബിനെ വളരെ സേവിച്ചിരുന്നു. അതിഥി സൽക്കാരപ്രിയയും സൃഷ്ടിസേവനത്തിന്റെ വികാരങ്ങൾകൊണ്ട് മഹോത്സുകയുമായിരുന്നു. ഉത്തമയായ സ്ത്രീയായിരുന്നു. ഖിലാഫത്തിനോടു അഗാധമായ ബന്ധമായിരുന്നു. എവിടെയൊക്കെ അവർ താമസിച്ചിട്ടുണ്ടോ മിഷൻഹൗസുകളിൽ വരുന്ന സഹോദരങ്ങളോടു ആത്മാർഥമായി ബന്ധപ്പെട്ടിരുന്നു. വളരെ ആത്മാർഥതയോടെ സേവനം ചെയ്തിരുന്നു. മരണത്തിനുമുമ്പേ അവർക്ക് മൂന്നുപ്രാവശ്യം ഹൃദയാഘാതമുണ്ടായി. മൂന്നാമത്തെ പ്രാവശ്യമുണ്ടായപ്പോൾ മൗലവി ഉമർ സാഹിബിനോട് അവർ പറഞ്ഞു: 'എന്റെ മരണസമയം അടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു.' അതിനുശേഷം പറഞ്ഞു: 'എന്റെ സലാം എല്ലാവർക്കുമെത്തിക്കുക.' പിന്നീട് ഉച്ചത്തിൽ മൂന്നുവട്ടം അല്ലാഹു അക്ബർ എന്നു പറഞ്ഞു. അങ്ങനെ പിന്നീട് അവർ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരായി. പരേത മൂസ്വിയായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ നാലും പെൺമക്കളാണുള്ളത്. അവർ മുനവ്വർ അഹ്മദ് നാസ്വിറിന്റെ ഭാര്യാമാതാവായിരുന്നു. അദ്ദേഹം പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ നമ്മുടെ തമിഴ് കത്തുകളുമായി ബന്ധപ്പെട്ട് വളന്റിയറായി സേവനം ചെയ്തുവരുന്നു.

മൗലവി ഉമർ സാഹിബ് എഴുതുന്നു: 1961-ൽ ഞാൻ മൗലവി ഫാളിൽ പരീക്ഷ പാസായപ്പോൾ എന്റെ ആദ്യത്തെ നിയമനം മദ്രസ അഹ്മദിയ്യായിൽ പഠിപ്പിക്കാനായിരുന്നു. പിന്നീട് ഹൈദ്രാബാദിലായി. അവിടെ ഒരു അപകടവും ഉണ്ടായി. 1967-ൽ ഹൈദ്രാബാദിൽ ജൂബിലി ഹാളിന്റെ ആദ്യത്തെ നിലയിൽ പ്രയർഹാളും ദഫ്ത്തറും പണിതിട്ടുണ്ടായിരുന്നു. അതിന്റെ രണ്ടാമത്തെനില ലജ്നയുമായി പ്രത്യേകം ബന്ധപ്പെടുത്തിയിരുന്നു. മൂന്നാം നിലയിലായിരുന്നു മിഷൻ ഹൗസ്. മുമ്പേയുണ്ടായിരുന്ന ഭാഗം കടുത്ത മഴയെ തുടർന്ന് അടർന്നുവീണു.' പറയുന്നു: 'ആ നേരത്ത് ഞാൻ അവിടെ ഉണ്ടായിരുന്നില്ല. ഉച്ചയ്ക്ക് മിഷൻഹൗസിലെത്തിയപ്പോൾ കെട്ടിടം മുഴുവൻ വീണുകിടക്കുന്നതു കണ്ട് അത്ഭുതപ്പെട്ടു. അവിടെ ഒരു മൂലമാത്രം നില്പുണ്ടായിരുന്നു. ഈ അവസ്ഥയിൽ എന്റെ ഭാര്യയും മക്കളും രക്ഷപ്പെടുക എന്നത് ബാഹ്യമായി നോക്കുമ്പോൾ അവിശ്വസനീയമായിരുന്നു.' പറയുന്നു: 'അവർ നിന്നയിടത്ത് അതിന്റെ താഴെ വളരെ ആഴത്തിൽ കെട്ടിടത്തിന്റെ അവശിഷ്ടങ്ങളായിരുന്നു. താഴേക്ക് ചാടാൻ പറ്റുമായിരുന്നില്ല. താഴെ ഇറങ്ങാൻ ഒരു മാർഗവും കാണുന്നുണ്ടായിരുന്നില്ല. ഫയർ ബ്രിഗേസിൽനിന്ന് ഒരു ഏണി കൊണ്ടുവന്നു. പക്ഷേ, അതിൽ കയറി ഉമ്മയേയും മക്കളേയും രക്ഷിക്കാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. ആ നേരത്ത് പ്രായമുള്ള ഒരു ഫയർമാൻ പറഞ്ഞു: 'എന്റെ ജീവൻ പോയാലും ഉമ്മയേയും മക്കളേയും രക്ഷിക്കാൻ ഞാൻ ശ്രമിക്കുന്നതാണ്.' പിന്നീട് അയാൾ ഏണിയിൽ കയറി ആദ്യം മക്കളേയും പിന്നീട് ഉമ്മയേയും താഴെ ഇറക്കിക്കൊണ്ടുവന്നു.' പറയുന്നു: 'അങ്ങനെ അത്ഭുതകരമായ നിലയിൽ ഇരുവരുടേയും ജീവൻ രക്ഷപ്പെട്ടു.' പറയുന്നു: 'വളരെ ക്ഷമയോടെ എല്ലായിടത്തും അവർ എന്നെ സഹായിച്ചു.' എന്റെ നിയമനം കേരളത്തിലായപ്പോൾ അവിടെ ഇവർ 15 വർഷം വരെ സംസ്ഥാന സ്വദ്ർ ലജ്ന ഇമാഇല്ലാഹ് എന്ന നിലയിൽ താമസിച്ചു. വളരെ നല്ലനിലയിൽ തന്റെ സേവനങ്ങൾ നിർവഹിച്ചു. 2007 മുതൽ 2014വരെ ഇദ്ദേഹം നാളിർ ഇസ്‌ലാഹ് വ ഇർശാദ് ആയിരുന്നപ്പോൾ ഇവർ ഖാദിയാനിലും താമസിച്ചു. ഇക്കാലത്ത് നിത്യവും ബയ്ത്തുദ്ദുആയിൽ പോയി ദീർഘനേരം ദുആ ചെയ്യുമായിരുന്നു. പിന്നീട് 2015ൽ അവർക്ക് ഉംറ ചെയ്യാൻ ഭാഗ്യം കിട്ടി. ഉമർ സാഹിബെഴുതുന്നു: 'നിത്യവും സുബ്ഹി നമസ്കാരം കഴിഞ്ഞാൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുമായിരുന്നു. ഹദീഥുകൾ വായിക്കുമായിരുന്നു. ഇത് അവരുടെ നിത്യചര്യയായിരുന്നു. വഫാത്തായ ദിവസവും ഇതനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു തൗഫീഖ് നല്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലും ഉത്സുകയായിരുന്നു. അതിനു പുറമെ, ജനറൽ നോളഡ്ജും കരസ്ഥമാക്കുന്നതിൽ തൽപരയായിരുന്നു.' ഇതാണ് ഒരു മുറബ്ബിയുടെ ഭാര്യയുടെ പ്രത്യേകതകളായിരിക്കേണ്ടത്. അത് അവരിൽ ദൈവകൃപയാൽ ഉണ്ടായിരുന്നു. മുറബ്ബിമാരുടേയും ഭാരവാഹികളുടേയും വലിയ സ്ഥാനവും നിലയും മനസ്സിലാക്കി അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. ആതിഥ്യത്തിൽ ഒരു കുറവും വരുത്താൻ അനുവദിച്ചിരുന്നില്ല. അല്ലാഹു അവരോട് മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കളെ അവരുടെ ദുആകൾക്ക് അനന്തരാവകാശിയാക്കട്ടെ.

രണ്ടാമത്തെ ജനാസ ചൗദ്ദരി മുഹമ്മദ് ഇബ്റാഹീം സാഹിബിന്റേതാണ്. അദ്ദേഹം പാക്കിസ്താനിൽനിന്ന് പ്രസിദ്ധീകരിക്കുന്ന അൻസ്വാറുല്ലാഹ് എന്ന മാസികയുടെ മുൻ മാനേജരും പബ്ലിഷറുമായിരുന്നു. ഒക്ടോബർ 16ന് 83-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1957-ൽ കേന്ദ്ര അൻസാറുല്ലാഹ് സെക്രട്ടറി എന്ന നിലയിൽ റബ്വയിൽ (പാക്കിസ്താൻ) ആയിരുന്നു അദ്ദേഹത്തിന്റെ ആദ്യനിയമനം. 2004 വരെ വളരെ നല്ലനിലയിൽ ഈ കടമ അദ്ദേഹം നിറവേറ്റി. പാക്കിസ്താൻ അൻസ്വാറുല്ലായിൽ അദ്ദേഹത്തിന് ഓഫീസ് സൂപ്രണ്ടായും നാഇബ് ഖായിദ് ഉമൂമിയായും സ്വദ്റെ മജ്‌ലിസ് സെക്രട്ടറിയായും സേവനങ്ങൾ ചെയ്യാൻ തൗഫീഖ് കിട്ടി. 2003ൽ അദ്ദേഹത്തെ ഒരു കേസിൽ 'പ്രചാരകൻ' എന്ന് മുദ്രകുത്തി. പിന്നീട് അദ്ദേഹം എന്റെ അനുവാദത്തോടെ ഇവിടെ ലണ്ടനിൽ വന്നു. ഇവിടെ ഷിഫ്റ്റായി കഴിഞ്ഞിരുന്നു. ഇവിടെ വന്നിട്ടും അദ്ദേഹത്തിന് അൻസ്വാറുല്ലായിൽ എട്ടൊമ്പത് വർഷം സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. നാഷണൽ മജ്‌ലിസെ ആമിലായുടെ അംഗവുമായിരുന്നു. പരേതൻ മൂസ്വിയായിരുന്നു. മരിക്കുന്നതിന് കുറച്ചുനേരം മുമ്പേ രോഗം കാരണത്താൽ റബ്വയിലേക്കു പോയി. അവിടെയാണ് അദ്ദേഹം വഫാത്തായത്. സന്തപ്ത കുടുംബാംഗങ്ങളിൽ ഒരു മകളും അഞ്ചു പുത്രന്മാരുമുണ്ട്. ധാരാളം പൗത്രിമാരും പൗത്രന്മാരുമുണ്ട്. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കരുണയോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറകൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. ജമാഅത്തിനോടും ഖിലാഫത്തിനോടും ബന്ധം വെക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. പാക്കിസ്താനിൽ അൻസ്വാറുല്ലായുടെ മാനേജരായിരിക്കുമ്പോൾ എല്ലാ കാര്യത്തിനും അദ്ദേഹത്തിന്റെമേൽ കേസുണ്ടാകുമായിരുന്നു. ഏകദേശം 26 കേസുകളായിരുന്നു ഉണ്ടായിരുന്നത്. ഒരുമാസംവരെ അദ്ദേഹം അസീറാനെ രാഹെ മൗലായുമായിരുന്നു.

മൂന്നാമത്തെ ജനാസ രാജ മസ്ഊദ് അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം പിണ്ട് ദാദൻഖാനിലെ രാജ മുഹമ്മദ് നവാസ് സാഹിബിന്റെ മകനായിരുന്നു. ഒക്ടോബർ 19-ന് ദീർഘകാലമായ അസുഖത്തിനുശേഷം 69-ാം വയസ്സിൽ നിര്യാതനായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ

## അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:-

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

അഹ്മദിയ്യത്ത് വന്നത് പിതാവുമുഖേനയാണ്. അക്കാലത്ത് 1943–44ൽ നാളിർ ബയ്ത്തുൽ മാലായിരുന്നു രാജ മുഹമ്മദ് അലി സാഹിബ്. അദ്ദേഹവുമായി ഇദ്ദേഹത്തിന്റെ പിതാവിന് ബന്ധമുണ്ടായിരുന്നു. അദ്ദേഹം ഇദ്ദേഹത്തെ ഖാദിയാൻ ജൽസയിൽ കൊണ്ടുപോയി. അവിടെ ഇദ്ദേഹം ബയ്അത്ത് ചെയ്തു. ബയ്അത്ത് ചെയ്തത് ഒരു തെളിവും ചോദിക്കാതെയായിരുന്നു. മറിച്ച് ഒരു സംഭവമുണ്ടായി. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ജൽസയിൽ പ്രസംഗിക്കുകയായിരുന്നു. അതിനിടയിൽ ഒരു സൗന്ദര്യവാനായ യുവാവ് ഒരു അഴുക്കുപുരണ്ട കുട്ടിയെ മടിയിലെടുത്ത് കൊണ്ടുവന്നു. കുട്ടിയുടെ മൂക്കിൽനിന്ന് മൂക്കിട്ട ഒഴുകുന്നുണ്ടായിരുന്നു. ആ നേരത്ത് തന്റെ പോക്കറ്റിൽനിന്ന് ഉറുമാലെടുത്ത് ആ കുട്ടിയുടെ മൂക്ക് വൃത്തിയാക്കി പിന്നിൽ വന്നു നിന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പ്രസംഗത്തിൽ മുഴുകിയിരിക്കുകയായിരുന്നു. കുറച്ചുനേരത്തിനുശേഷം കുട്ടി കരഞ്ഞപ്പോൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തിരിഞ്ഞു നോക്കി. 'ആരുടേയോ കുട്ടിയാണ്. മാതാപിതാക്കൾ വന്നുകൊണ്ടുപോകുക' എന്ന് വിളംബരം ചെയ്തു. പറയുന്നു: 'നല്ല വൃത്തിയിൽ വസ്ത്രധാരണം ചെയ്തിട്ടുള്ള ചെറുപ്പക്കാരൻ ആരാണ് എന്നു ചോദിച്ചപ്പോൾ അത് ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബാണെന്ന് പറയപ്പെട്ടു.' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ മൂത്തമകൻ. ആ കാലത്ത് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്വദ്റും ആയിരുന്നുവെന്നാണ് തോന്നുന്നത്. ഇതെന്നെ വല്ലാതെ സ്വാധീനിച്ചു. മറ്റു കാര്യങ്ങളെല്ലാം വിദൂരമായതാണ്. ഞാൻ ഇന്നുതന്നെ ഈ മാതൃക വെച്ച് ബയ്അത്ത് ചെയ്യുകയാണ്. ജൽസയിൽ പങ്കെടുക്കുന്ന ചിലയാളുകൾ എപ്പോഴും ഇത്തരം മാതൃകകൾ കണ്ട് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേരാറുണ്ട്.

രാജാസാഹിബ് 1991–ൽ യുകെയിൽ വന്നു. ഇവിടെ കേറ്റ് ഫോർസ് ജമാഅത്തിന്റെ ആദ്യ സ്വദ്റായിരുന്നു. തന്റെ വീടും ജമാഅത്തിന്റെ സെന്ററെന്ന നിലയിൽ ഉപയോഗിച്ചു. ഇവിടെ വന്ന് അൻസ്വാറുല്ലാഹ് ഖാഇദ് ഉമൂമി, അഡീഷണൽ സെക്രട്ടറി വസ്വായാ, പിന്നീട് നാഷണൽ സെക്രട്ടറി വസ്വായ എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. വസിയ്യത്ത് വ്യവസ്ഥിതി സുതാര്യമാക്കണമെന്ന് ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം ഒരുപാട് പ്രവയത്നിച്ചു. അല്ലാഹുവിന്റെ കൃപയാൽ മൂസിമാരുടെ ഈ വ്യവസ്ഥിതിയെ സുദൃഢമാക്കി. ഖിലാഫത്തുമായി അഗാധബന്ധമായിരുന്നു. ജമാഅത്തിന്റെ ഭാരവാഹികളെ ആദരിച്ചിരുന്നു. നമസ്കാരവും തഹജ്ജുദ് നമസ്കാരവും നിർവഹിച്ചിരുന്നു. ചന്ദകൾ തുറന്നമനസ്സോടെ നല്കിയിരുന്നു. ദാനധർമങ്ങൾ ചെയ്യുമായിരുന്നു. ദരിദ്രരെ സഹായിക്കുമായിരുന്നു. സുശീലനായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയുമായിരുന്നു. ഭാര്യക്ക് പുറമെ ഒരു മകളും രണ്ടു പുത്രന്മാരും സന്തപ്ത കുടുംബാംഗങ്ങളിലുണ്ട്. അല്ലാഹു അദ്ദേഹത്തോടും പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. എന്നോടൊപ്പം കോളേജിൽ ഒരേ ക്ലാസിലായിരുന്നില്ല. അദ്ദേഹത്തിന്റെ വിഷയം വേറെയായിരുന്നു. എന്തായാലും ഞാൻ പഠിക്കുന്നകാലത്ത് കോളേജിലുണ്ടായിരുന്നു. ഇപ്രകാരംതന്നെ അദ്ദേഹവുമായി അവിടെവെച്ച് പരിചയമുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ കോളേജിൽ ഒരുമിച്ച് ഒരേയൊരു ക്ലാസിൽ പഠിച്ചിരുന്നുവെന്ന് പറയാം. ഒരു ഉർദു ക്ലാസുണ്ടായിരുന്നു. അത് ഒന്നിച്ചായിരുന്നു. ഞങ്ങൾ ഒരുമിച്ചുതന്നെയാണ് ഇരുന്നിരുന്നത്. അപ്പോഴും അദ്ദേഹത്തിൽ ഒരുപാട് സിവശേഷതകളുണ്ടായിരുന്നു. അത് ഞാൻ കണ്ടതാണ്. തന്റെ ജോലികൊണ്ട് ജോലിചെയ്യുന്നയാളായിരുന്നു. കുട്ടികളിൽ കാണുന്ന കുസൃതികളൊന്നുമുണ്ടായിരുന്നില്ല. ആരേയും ബുദ്ധിമുട്ടിക്കുകയുമില്ലായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

വക്കീലുതഅ്ലിം റബ്വയാണ് അല്ലാഹ് ബഖ്ശ് സ്വാദിഖ് സാഹിബ്. അദ്ദേഹത്തെ കുറിച്ചെഴുതുന്നു: വലിയ ധൈര്യവാനും അഭിമാനിയുമായ അഹ്മദിയായിരുന്നു. ഝലംനഗരത്തിലെ മസ്ജിദ് വളരെ പഴയതായിരുന്നു. അതിന്റെ മേൽക്കൂരയ്ക്ക് അധികം പൊക്കമുണ്ടായിരുന്നില്ല. അതിലെ മുറികളുടെ തറയും പൊക്കവുംതാഴ്ചയുമുള്ളതായിരുന്നു. 84നുശേഷം പ്രതികൂലാവസ്ഥകളായിരുന്നു. ആ നിയമനത്തിനുശേഷം ജമാഅത്തിന്റെ മസ്ജിദുകൾ നിർമിക്കാനും കഴിയുമായിരുന്നില്ല. അറ്റകുറ്റപ്പണികളും ചെയ്യാൻ സാധിക്കുമായിരുന്നില്ല. പക്ഷേ, രാജാസാഹിബ് വളരെ തന്റേടത്തോടെ മസ്ജിദിന്റെ നിർമാണപ്രവൃത്തി തന്റെ ഉത്തരവാദിത്വത്തിലേറ്റെടുത്തു. വളരെ ബുദ്ധിപൂർവ്വം അമീർ സാഹിബുമായി കൂടിയാലോചിച്ച് അതിന്റെ ജോലി പൂർത്തിയാക്കി. റോഡിലേക്കുള്ള ഭിത്തികൾ ഒന്നും ചെയ്യാതെ ഒരു പ്ലാനുമില്ലാതെ ഹാളിന്റെ തൂണ് നിർമിച്ചു. പിന്നീട് വളരെ സമർഥമായി അതിനുമേൽ മച്ചിട്ടു. ഇപ്രകാരം അദ്ദേഹം സ്വയമേവ വളരെ ത്യാഗം ചെയ്തു. ധനത്യാഗത്തിന്റെ നേരത്ത് അതും ചെയ്തു. ജനങ്ങളോടു പറയുകയും ചെയ്തു. ഇപ്രകാരം മസ്ജിദിനെ തികച്ചും പുതിയതാക്കി മാറ്റി. ലിന്റലിട്ട് മുറികളുടെ ഭിത്തികൾ പിന്നീട് നീക്കി. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ താഴെയും മുകളിലുമായി രണ്ട് ഹാൾ തയ്യാറാക്കപ്പെട്ടു.

നാലാമത്തെ ജനാസ സ്വാലിഹ അൻവർ ഉബഡോ സാഹിബയുടേതാണ്. അവർ പരേതനായ അൻവർ അലി ഉബഡോ സാഹിബിന്റെ ഭാര്യയായിരുന്നു. ഒക്ടോബർ ഒന്നിനാണ് ഇവർ വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വളരെ ധൈര്യവതിയും ധീരയും ആരാധനകൾ നിർവഹിക്കുന്നവരും അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നവരുമായിരുന്നു. കുട്ടിക്കാലം മുതലേ നമസ്കാരവും നോമ്പും അനുഷ്ഠിച്ചിരുന്നു. ചന്ദ തുടങ്ങിയവ കൊടുത്തിരുന്നു. ഖിലാഫത്തുമായി സത്യസന്ധമായ ബന്ധമായിരുന്നു. അവരുടെ പിതാവ് ഇറാനിൽനിന്ന് റിട്ടയർമെന്റ് വാങ്ങി നവാബ് ശാഹിൽവന്ന് താമസം തുടങ്ങിയപ്പോൾ അദ്ദേഹത്തിൽനിന്ന് കിട്ടിയിരുന്ന തുച്ഛമായ പോക്കറ്റുമണിയിൽനിന്ന് ചന്ദ കൊടുത്തിരുന്നു. ഒരിക്കൽ ലജ്നയുടെ ഒരു കേന്ദ്ര ഉദ്യോഗസ്ഥ അവിടെ പോയി. എല്ലാ ലജ്നകളോടും അവർ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'മുഴുവൻ നവാബ്ശാഹിലുമുള്ള ലജ്നകളിൽ ഏറ്റവുമധികം ചന്ദ ഈ കുട്ടിയുടേതാണ് വരുന്നത്.' ഇത് അവരുടെ വിവാഹത്തിനു മുമ്പേയുള്ള സംഭവമാണ്. അവരുടെ മകൾ ത്വാഹിറ മുഅ്മിൻ പറയുന്നു: വിവാഹത്തിനുശേഷം അല്ലാഹുവിന്റെ ഒരുപാട് അനുഗ്രഹമുണ്ടായി. അത്രമാത്രം വലിയ മനസ്സും അവർക്ക് അല്ലാഹു നല്കി. ദരിദ്രരെ ധാരാളം സഹായിച്ചു. എളിമയുടെയും വിനയത്തിന്റെയും ഉടമയായിരുന്നു. ചന്ദകളിലെല്ലാം ലബ്ബൈക്ക് പറഞ്ഞിരുന്നു. ഏറ്റവുമധികം വാഗ്ദാനം എഴുതിക്കുമായിരുന്നു. ലാഡ്കാന ജില്ലയുടെ സ്വദ്ർ ലജ്നയായി ദീർഘകാലം സേവനമനുഷ്ഠിച്ചു. പര്യടനം നടത്തുമ്പോഴൊക്കെ ചന്ദകൊടുക്കാൻ ആഹ്വാനം ചെയ്യും. വലിയ പ്രതികരണവും അതിനുണ്ടായിരുന്നു. കാരണം അവരുടെ സ്വന്തം മാതൃക നല്ലതായിരുന്നു. വളരെ ധൈര്യവതിയും അഭിമാനിയുമായിരുന്നു. അക്കാലത്തെ സംസ്കാരം തീണ്ടിയിട്ടില്ലാത്ത ചുറ്റുപാടിലേക്കാണ് അവരെ വിവാഹം കഴിച്ചുകൊണ്ടുവന്നത്. തികച്ചും സിന്ധികുടുംബങ്ങളിലുള്ള അനാചാരങ്ങളിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും അകന്ന് സാമൂഹിക ജീവിതം കഴിച്ചു. എല്ലാവരുമായും ബന്ധവും വെച്ചു; ഹൃദയംഗമമായിതന്നെ. ബന്ധുത്വങ്ങളും നല്ലവണ്ണം നിറവേറ്റി. ഭർത്താവിന്റെ വീട്ടുകാരുമായുള്ള ബന്ധവും നല്ലനിലയിൽ നിർവഹിച്ചു. അവരുടെ മകൾ എഴുതുന്നു: ലജ്ന മെമ്പർമാർ എവിടെയൊക്കെയുണ്ടോ അവരെല്ലാം എപ്പോഴും ഒരുപാട് ഓർക്കുന്നു. അവർക്ക് പ്രയാസങ്ങളുണ്ടാകുമ്പോൾ അവരോട് പറയാറുണ്ടായിരുന്നു. അവർ പറയുന്നു: ആദ്യം അവർ നമസ്കരിക്കാൻ ഞങ്ങളോട് പറയുമായിരുന്നു. ദുആ ചെയ്യാൻ പ്രേരിപ്പിക്കുമായിരുന്നു. പിന്നീട് ഞങ്ങൾക്ക് വേണ്ടി ഒരുപാട് ദുആ ചെയ്യുമായിരുന്നു. വളരെ നല്ല ബന്ധമായിരുന്നു എല്ലാവരോടും; വലിയ സോഷ്യലായിരുന്നു. എവിടെപോയാലും അവരോടൊപ്പം ചേരുന്നു. തന്റെ സുഹൃത്ബന്ധങ്ങൾ വിശാലമാക്കുമായിരുന്നു. അല്ലാഹു അവരുടെ മക്കളിലും ആത്മാർഥതയും കൂറുമുണ്ടാക്കുമാറാകട്ടെ. അവരോടു പൊറുക്കലോടും കരുതലോടുംകൂടി പെരുമാറട്ടെ. അവർ സ്വയം ഉണ്ടായിരുന്നതുപോലെ അവരുടെ കുട്ടികളും ജമാഅത്തിനോട് ബന്ധപ്പെട്ടിരിക്കുകയും ത്യാഗങ്ങൾ ചെയ്യുന്ന വരുമാകട്ടെ. അവർ മക്കൾക്കു വേണ്ടി ചെയ്ത ദുആയും അല്ലാഹു സ്വീകരിക്കുമാറാകട്ടെ. അവർക്ക് രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമാണുള്ളത്. നമസ്കാരങ്ങൾക്കുശേഷം ഞാൻ പറഞ്ഞതുപോലെ ഇവരുടെയെല്ലാം ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്.




**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്ബ 27 – 1 – 2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

# ഖുത്ബ ജുമുഅ

ഞങ്ങൾ അങ്ങയുടെ വലത്തും ഇടത്തും മുന്നിലും പിന്നിലും നിന്ന് പോരാടുന്നതായിരിക്കും

ബദ്ർ യുദ്ധത്തിൽ അല്ലാഹുവിന്റെ വഴിയിൽ കൊലചെയ്യപ്പെട്ട
ആദ്യത്തെ കുതിരസവാരിക്കാരൻ എന്ന ബഹുമതി അദ്ദേഹത്തിന് ലഭിച്ചു.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബി
വില്ലാളിവീരൻ ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദിന്റെ(റളിയല്ലാഹു അൻഹു)അനുഗൃഹീത ജീവചരിത്ര വിവരണം

ഏതെങ്കിലും പരീക്ഷണത്തിനും കഷ്ടത്തിനും ദുആ ചെയ്യാതിരിക്കേണ്ടതാണ്. ആഗ്രഹിക്കുകയുമരുത്.
പക്ഷേ, പരീക്ഷണം വന്നാൽ, പരീക്ഷ വന്നാൽ ക്ഷമ കാണിക്കേണ്ടതാണ്.

**ഖുത്ബ ജുമുഅ 2019 നവംബർ 22/1398 നുബുവ്വത്ത് 22**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ്, മോർഡൻ,(സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -
لَيْسَ عَلَيْكَ هُدٰىهُمْ وَلٰكِنَّ اللّٰهَ يَهْدِيْ مَنْ يَّشَآءُ ؕ وَمَا تُنْفِقُوْا مِنْ خَيْرٍ فَلِاَنْفُسِكُمْ ؕ
وَمَا تُنْفِقُوْنَ اِلَّا ابْتِغَآءَ وَجْهِ اللّٰهِ ؕ وَمَا تُنْفِقُوْا مِنْ خَيْرٍ يُّوَفَّ اِلَيْكُمْ وَاَنْتُمْ لَا تُظْلَمُوْنَ ○

ബദരീ സ്വഹാബാക്കളുടെ വിവരണത്തിൽ ഇന്ന് ഞാൻ ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദ് അല്ലെങ്കിൽ മിഖ്ദാദ് ബിൻ അംറിനെ(റ)കുറിച്ച് പറയുന്നതായിരിക്കും. അദ്ദേഹത്തിന്റെ യഥാർഥ പേര് മിഖ്ദാദ് ബിൻ അംറ് എന്നായിരുന്നു. അദ്ദേഹം ബഹ്റാഅ് ഗോത്രത്തിൽനിന്നുള്ള ആളായിരുന്നു. ഹദ്റത്ത് മിഖ്ദാദിന്റെ പിതാവിന്റെ പേര് അംറ് ബിൻ ഥഅ്ലബ എന്നായിരുന്നവെങ്കിലും അദ്ദേഹത്തെ അസ്വദ് ബിൻ യഗൂഥിനോടു ചേർത്താണ് പറയാറുള്ളത്. കാരണം ബാല്യത്തിൽ അദ്ദേഹത്തിന്റെ വളർത്തുമകനായിരുന്നു ഇദ്ദേഹം. അതിനാൽ മിഖ്ദാദ് ബിൻ അസ്വദ് എന്ന പേരിൽ പ്രസിദ്ധനായി. (സുനനുത്തുർമുദി കിതാബ് അസ്സുഹ്ദ് ഹദീഥ് 2393)(ഇബ്നു ഹിശാം പേജ് 151, ബാബു ദിക്റു ഹിജ്റത്തുൽ ഊലാ, ദാറു ബിൻ ഹസം 2009)

ഹദ്റത്ത് മിഖ്ദാദിന്റെ പിതാവ് അംറ് ബിൻ ഥഅ്ലബ ബഹ്റാഅ് ഗോത്രവുമായി ബന്ധമുള്ള ആളായിരുന്നു. അത് യമന്റെ പ്രദേശത്തുള്ള 'ഖുളാഅ'യുടെ ഒരു ഗോത്രമായിരുന്നു. ജാഹിലിയ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പിതാവ് അംറിന്റെ കൈകളാൽ ആരോ വധിക്കപ്പെട്ടിരുന്നു. ഇക്കാരണത്താൽ അദ്ദേഹം ഓടി സമുദ്രതീരത്ത് ഏദന്റെ കിഴക്കുഭാഗത്തുള്ള യമനിലെ ഒരു പ്രദേശമായ ഹള്ർ മൗത്തിലെത്തി. അവിടെ 'കിൻദ' ഗോത്രത്തിന്റെ സഖ്യകക്ഷിയായി. ഇതിന്റെ അടിസ്ഥാനത്തിലാണ് 'കിൻദി' എന്ന് വിളിക്കപ്പെട്ടത്. അവിടെ ഒരു സ്ത്രീയെ അംറ് വിവാഹം കഴിച്ചു. അതിലാണ് ഹദ്റത്ത് മിഖ്ദാദ്(റ) ജനിച്ചത്. മിഖ്ദാദ് വലുതായപ്പോൾ 'അബൂ ശിമർ ബിൻ ഹജർ കിൻദി'യുമായി വഴക്കുണ്ടായി. അദ്ദേഹം ശിമറയുടെ കാല് വാളുകൊണ്ട് വെട്ടിമുറിച്ചു. പിന്നീടാണ് മക്കയിൽ ഓടിവന്നത്. പിന്നെ അസ്വദ് ബിൻ അബ്ദുയഗൂഥിന്റെ സഖ്യകക്ഷിയായി. മിഖ്ദാദ്(റ) തന്റെ പിതാവിന് കത്തെഴുതി. അങ്ങനെ അദ്ദേഹവും മക്കയിലെത്തി. അസ്വദ്, മിഖ്ദാദിനെ തന്റെ വളർത്തുമകനാക്കിയിരുന്നു. ഇക്കാരണത്താൽ അദ്ദേഹത്തെ മിഖ്ദാദ് ബിൻ അസ്വദ് എന്നും വിളിക്കുന്നു. പൊതുവെ ആ നാമമാണ് പ്രസിദ്ധമായത്.പക്ഷേ, *ഉദ്ഊഹും ലി ആബാഇഹിം* (33:6) അതായത് വളർത്തുമക്കളെ ആരോടു തന്നെ ചേർത്തു പറഞ്ഞാലും ശരി, അവരുടെ പരമ്പര യഥാർഥത്തിൽ പിതാവിന്റേതാണ്. അതിനാൽ പിതാവിനോട് ചേർത്ത് വിളിക്കുക എന്ന ആയത്ത് ഇറങ്ങിയപ്പോൾ അദ്ദേഹത്തെ മിഖ്ദാദ് ബിൻ അംറ് എന്ന് വിളിക്കാൻ തുടങ്ങി. പക്ഷേ, പ്രസിദ്ധനായത് മിഖ്ദാദ് ബിൻ അസ്വദ് എന്ന പേരിലായിരുന്നു. എന്തായാലും അല്ലാഹുവിന്റെ കല്പന *ഉദ്ഊഹും ലിആബാഇഹിം* എന്നുതന്നെയാണ്. ഒരിക്കൽ ഹദ്റത്ത് മിഖ്ദാദും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫും ഇരിക്കുകയായിരുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ ചോദിച്ചു: 'താങ്കളെന്താണ് വിവാഹം കഴിക്കാത്തത്?' ഹദ്റത്ത് മിഖ്ദാദ് പറഞ്ഞു: 'താങ്കൾ എന്നോടു ചോദിക്കുന്നു. താങ്കളുടെ മകളെ എനിക്ക് വിവാഹം ചെയ്തുതരിക.' ഇതു കേട്ടപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ കോപാകുലനായി. അദ്ദേഹത്തെ വഴക്കു പറഞ്ഞു. ഹദ്റത്ത് മിഖ്ദാദ് നബി(സ) തിരുമേനിയോടു ഇക്കാര്യം പറഞ്ഞ് പരാതിപ്പെട്ടു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'ഞാൻ നിന്റെ വിവാഹം നടത്തിതരാം.'

തുടർന്ന് നബി(സ)തിരുമേനി തന്റെ പിതൃസഹോദരനായ സുബയ്ർ ബിൻ അബ്ദുൽ മുത്ത്വലിബിന്റെ മകൾ 'ളുബാഅ'യുമായി അദ്ദേഹത്തിന്റെ വിവാഹം നടത്തി. (ശറഹ് അസ്സുർഖാനി, വാള്യം 5, പേജ് 213, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)(മുഅ്ജമുൽ ബുൽദാൻ വാള്യം 2, പേജ് 311, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)(ഇബ്നു ഹിശാം പേജ് 151, ബാബു ദിക്റു ഹിജ്റത്തുൽ ഊലാ, ദാറു ബിൻ ഹസം 2009)(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 85, മിഖ്ദാദ് ബിൻ അംറ്, ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബേറൂത്ത് ലബ്നാൻ 1996)(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 6 പേജ് 160, അൽമിഖാദാദുബ്നുൽ അസ്വദ്,പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബിനാൻ 2005)

ഹദ്റത്ത് ളുബാഅ, ഹദ്റത്ത് സുബയ്റിന്റേയും ആത്തിക്ക ബിൻത് അബീ വഹ്ബിന്റേയും മകളായിരുന്നു. നബി(സ)തിരുമേനി അവരുടെ വിവാഹം ഹദ്റത്ത് മിഖ്ദാദുമായി നടത്തി. അവർക്ക് മക്കളുണ്ടായി. രണ്ട് കുട്ടികളാണ് ജനിച്ചത്; കരീമ, അബ്ദുല്ലാഹ്. അബ്ദുല്ലാഹ് ജമൽ യുദ്ധത്തിൽ ഹദ്റത്ത് ആഇശ(റ)യുടെ ഭാഗത്ത് നിന്ന് പൊരുതുകയും ശഹീദാക്കപ്പെടുകയും ചെയ്തു. നബി(സ) തിരുമേനി ഖയ്ബറിൽനിന്ന് നാൽപത് 'വസഖ്' ഇന്തപ്പഴങ്ങൾ ളുബാഅത്തിന് നല്കിയിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 8, പേജ് 38, മിഖ്ദാദാ ബിൻ അംറ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)

നാൽപത് 'വസഖ്'ഏകദേശം 6000 കിലോ തൂക്കത്തിന് അടുത്ത് വരും.(ലുഗാത്തുൽ ഹദീഥ് വാള്യം 4, പേജ് 487, 'വസഖ്' ലുഗാത്തുൽ ഹദീഥ് വാള്യം 2, പേജ് 648'സ്വാഅ്')

ഹദ്റത്ത് മിഖ്ദാദിന്റെ ഒരു മകന്റെ പേര് മഅ്ബദ് എന്നായിരുന്നു.(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 6, പേജ് 207, മഅ്ബദ് ബിൻ മിഖ്ദാദ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2005).

ഹദ്റത്ത് മിഖ്ദാദിന്റെ മകൾ കരീമ അദ്ദേഹത്തിന്റെ രൂപാകൃതി വിവരിക്കുന്നു: 'അദ്ദേഹത്തിന് ഉയരം കൂടുതലും ഗോതമ്പിന്റെ നിറവും വലിയ വയറും ഇടതൂർന്ന മുടിയുമായിരുന്നു. അദ്ദേഹം താടിരോമങ്ങൾക്ക് മഞ്ഞ നിറം നില്കിയിരുന്നു. അത് വളരെ സുന്ദരമായിരുന്നു. അത് വലുതോ ചെറുതോ ആയിരുന്നില്ല. കണ്ണുകൾ കറുത്തതും, പുരികം നേർത്തതും നീളമുള്ളതും ആയിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 87,

ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബേറൂത്ത് ലബ്നാൻ 1996).

ഹദ്റത്ത് മിഖ്ദാദിന്റെ ഇസ്‌ലാം സ്വീകരണ സംഭവം ഇങ്ങനെയാണ്: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) വിവരിക്കുന്നു: മക്കയിൽ തങ്ങളുടെ ഇസ്‌ലാം സ്വീകരണം ഏറ്റവും ആദ്യം പ്രകടിപ്പിച്ച ഏഴു സ്വഹാബാക്കളിലായിരുന്നു ഹദ്റത്ത് മിഖ്ദാദ്(റ). (ഉസുദുൽ ഗാബ ഫീ മഅ്‌രിഫത്തിസ്സ്വഹാബ, വാള്യം 5, പേജ് 243, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

മുമ്പേ ഹദ്റത്ത് അമ്മാർ ബിൻ യാസിറിനെ കുറിച്ച് പറഞ്ഞപ്പോൾ ഇത് വിശദീകരിച്ചിട്ടുണ്ട്. ഹദ്റത്ത് മിഖ്ദാദിന്റെ മദീനയിലേക്കുള്ള ഹിജ്റത്തിനെ സംബന്ധിച്ച് വരുന്നു, അതായത് ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്ത മുസ്‌ലിമീങ്ങളിൽ ഹദ്റത്ത് മിഖ്ദാദുമുണ്ടായിരുന്നു. കുറച്ച് കാലത്തിനുശേഷം മക്കയിലേക്ക് തിരിച്ച് വന്നു. നബി(സ)തിരുമേനി ഹിജ്റത്ത് ചെയ്ത് മദീനയിലേക്ക് പോയപ്പോൾ ഹദ്റത്ത് മിഖ്ദാദ് ഹിജ്റത്ത് ചെയ്തിരുന്നില്ല. നബി(സ)തിരുമേനി ഒരു യുദ്ധത്തിനായി ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥിന്റെ നേതൃത്വത്തിൽ ഒരു സേനയെ അയക്കുന്ന സമയംവരെ ഇദ്ദേഹം മക്കയിൽ താമസിച്ചു. ഹദ്റത്ത് മിഖ്ദാദും ഹദ്റത്ത് ഉത്ബ ബിൻ ഗസ്‌വാനും അവരിരുവരും അവസരം കിട്ടിയാൽ മുസ്‌ലിമീങ്ങളിൽ ചെന്നുചേരും എന്ന ഉദ്ദേശ്യത്തോടെ ഇക്‌രിമ ബിൻ അബൂ ജഹ്‌ലിന്റെ നേതൃത്വത്തിലുള്ള സൈന്യത്തിൽ ചേർന്നവരാണ്. (ഉസുദുൽഗാബ ഫീ മഅ്‌രിഫത്തിസ്സ്വഹാബ, വാള്യം 5, പേജ് 242, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

ഇതിന്റെ വിശദീകരണവും ഞാൻ മുമ്പേ നല്കിക്കഴിഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തുഖാത്തമുന്നബിയ്യീനിൽ എഴുതിയതിൽനിന്ന് കുറച്ചു ഭാഗം വിവരിക്കാം. അതിങ്ങനെയാണ്:

വദ്ദാൻ യുദ്ധത്തിനുശേഷം മടങ്ങി വരുമ്പോൾ റബീഉൽ അവ്വൽ മാസത്തിന്റെ തുടക്കത്തിൽ നബി(സ) തിരുമേനി, തന്റെ അടുത്ത ബന്ധുവായ ഉബയ്ദത്ത് ബിൻ അൽഹാരിഥ് മുത്ത്വലബിയുടെ നേതൃത്വത്തിൽ 60 ഒട്ടകസവാരികളുടെ മുഹാജിരീംകളുടെ ഒരു സേനയെ യാത്ര അയച്ചു. ആ സേനയുടെയും ലക്ഷ്യം മക്കയിലെ ഖുറയ്ശികളുടെ ആക്രമണത്തെ തടയുകയെന്നതായിരുന്നു. അങ്ങനെ ഉബയ്ദത്ത് ബിൻ അൽഹാരിഥും കൂട്ടുകാരും കുറച്ച് ദൂരം താണ്ടി, ഥനിയത്തുൽ മർറയുടെ സമീപത്ത് എത്തിയപ്പോൾ പെട്ടെന്നവർ കണ്ടത് ഖുറയ്ശികളുടെ 200 ആയുധധാരികളായ യുവാക്കൾ ഇക്‌രിമ ബിൻ അബൂ ജഹ്‌ലിന്റെ നേതൃത്വത്തിൽ അവിടെ തമ്പടിച്ചുകൊണ്ടിരിക്കുന്നതാണ്. ഇരു സംഘവും പരസ്പരം കണ്ടുമുട്ടി. ഏറ്റുമുട്ടലിന്റെ ഭാഗമായി പരസ്പരം കുറച്ച് അമ്പെയ്ത്തുകളും നടന്നു. എന്നാൽ, ഖുറയ്ശികൾ, മുസ്‌ലിമീങ്ങളുടെ പിന്നിൽ രഹസ്യ സഹായികളും ഉണ്ടായിരിക്കും എന്ന് ഭയന്ന് അതിൽനിന്ന് പിന്മാറി. മുസ്‌ലിമീങ്ങൾ അവരുടെ പിന്നാലെ പോയതുമില്ല. എന്നാൽ, മുശ്‌രിക്കുകളുടെ സേനയിൽനിന്ന് രണ്ട് ആളുകൾ, മിഖ്ദാദ് ബിൻ അംറ്, ഉത്ബ ബിൻ അസ്‌വാൻ എന്നിവർ ഇക്‌രിമ ബിൻ അബൂജഹ്‌ലിന്റെ സേനയിൽനിന്ന് സ്വയം പിന്മാറി മുസ്‌ലിമീങ്ങളുടെ സേനയിൽ വന്ന് ചേർന്നു. അവർ ഈ ഉദ്ദേശ്യത്തോടുകൂടി തന്നെയാണ് ഖുറയ്ശികളുടെ കൂടെ വന്നത്. അവർ ഹൃദയംകൊണ്ട് മുസ്‌ലിം ആയിരുന്നു. അതുകൊണ്ടുതന്നെ അവസരം നോക്കി അവർ മുസ്‌ലിമീങ്ങളിൽ വന്ന് ചേർന്നു. തങ്ങളുടെ ബലഹീനത കാരണത്താൽ ഖുറയ്ശികളെ ഭയന്ന് ഹിജ്റത്ത് ചെയ്യാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ഈ സംഭവം ഖുറയ്ശികളെ മനംമാറ്റിയതാകാനും സാധ്യതയുണ്ട്. അവർ അത് അശുഭമായി മനസ്സിലാക്കി പിന്മാറാം എന്നു തീരുമാനിച്ചതുമാകാം. ഖുറയ്ശികളുടെ ഈ സൈന്യം തീർച്ചയായും ഏതെങ്കിലും വാണിജ്യ സംഘമായിരിക്കാം എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിനെ സംബന്ധിച്ച് ഇബ്നു ഇസഹാഖ് ജംഉൻ അളീം(വലിയ സംഘം)എന്ന വാക്കുകളാണ് ഉപയോഗിച്ചിട്ടുള്ളത്. എന്തോ പ്രത്യേകമായ ഉദ്ദേശ്യത്തോടെ അവർ അവിടെ വന്നതാണ്. പക്ഷേ, അവരുടെ ഉദ്ദേശ്യം നല്ലതല്ലായിരുന്നുവെന്ന് ഉറപ്പാണ്. മുസ്‌ലിമീങ്ങളെ ഉത്സുകരായും തങ്ങളുടെ ആളുകളിൽപ്പെട്ട ചിലർ മുസ്‌ലിമീങ്ങളിലേക്ക് ഓടിപ്പോകുന്നവരായും കണ്ട് അവർക്ക് തന്റേട മുണ്ടാകാതെ മടങ്ങിപ്പോയി എന്നത് അല്ലാഹുവിന്റെ കൃപതന്നെയായിരുന്നു. ഇതിൽ സ്വഹാബത്തിനുണ്ടായ കർമപരമായ നേട്ടം രണ്ടു മുസ്‌ലിം ആത്മാക്കൾ ഖുറയ്ശികളുടെ അക്രമണങ്ങളിൽനിന്ന് രക്ഷപ്പെട്ടുവെന്നതാണ്.'(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 328-329)

മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത സന്ദർഭത്തിൽ ഹദ്റത്ത് മിഖ്ദാദ്, കുൽഥൂം ബിൻ ഹിദ്മിന്റെ ഭവനത്തിലാണ് താമസിച്ചത്. നബി(സ) തിരുമേനി ഹദ്റത്ത് മിഖ്ദാദിനേയും ഹദ്റത്ത് ജബ്ബാർ ബിൻ സ്വഹ്‌റായേയും സഹോദരന്മാരാക്കി. നബി(സ)തിരുമേനി അൻസ്വാറിന്റെ ഗോത്രമായ ഖസ്‌റജിന്റെ ശാഖ, ബനൂ ഹുദയ്‌ലയുടെ മഹല്ലിൽ അദ്ദേഹത്തിന് താമസ സൗകര്യം നല്കി. ഹദ്റത്ത ഉബയ്യ് ബിൻ കഅ്ബ് അദ്ദേഹത്തെ ആ മഹല്ലിൽ താമസിക്കാൻ ക്ഷണിച്ചിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 86, ദാറു അഹ്‌യാഉത്തുറാഥ് ബേറൂത്ത് ലബ്നാൻ 1996)

ഹദീഥുകളിൽ രാത്രി ആട്ടിൻപാൽ കുടിച്ച സംഭവം വിവരിക്കപ്പെടുന്നുണ്ട്. നബി(സ) തിരുമേനിക്കുവേണ്ടി മൂന്നാളുകൾ പാലു വെക്കാറുണ്ടായിരുന്നു. അവരുടെ ബന്ധം ഹദ്റത്ത് മിഖ്ദാദുമായിട്ടായിരുന്നു. ആ പാലും ഒരിക്കൽ ഒരു സ്വഹാബി കുടിച്ചു.

ഹദ്റത്ത് മിഖ്ദാദിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: 'ഞാനും എന്റെ രണ്ട് കൂട്ടുകാരും മദീനയിൽ ഹിജ്റത്ത് ചെയ്തുവന്നു. ബുദ്ധിമുട്ടുകൾ ചെവിയേയും കണ്ണുകളേയും ബാധിച്ചിരുന്നു. ഞങ്ങളെക്കൂടെ താമസിപ്പിക്കാൻ ഞങ്ങൾ സ്വഹാബത്തിനോടു പറഞ്ഞു. പക്ഷേ, ആരും സ്വീകരിച്ചില്ല. അങ്ങനെ ഞങ്ങൾ നബി(സ)തിരുമേനിയുടെ അടുത്തുവന്നു. അവിടന്ന് ഞങ്ങളെ തന്റെ വീട്ടിൽ കൊണ്ടുപോയി. അവിടെ മൂന്ന് ആടുണ്ടായിരുന്നു. ഞങ്ങൾക്കെല്ലാവർക്കും അവയുടെ പാലു കറന്നുകൊണ്ടുവരാൻ നബി(സ) തിരുമേനി പറഞ്ഞു. അദ്ദേഹം പറയുന്നു: ഞങ്ങൾ പാല് കറക്കുകയും ഞങ്ങളിലോരോരുത്തരും അവരവരുടെ വിഹിതം കുടിക്കുകയും ചെയ്തിരുന്നു. നബി(സ)തിരുമേനിയുടെ ഭാഗം ഞങ്ങൾ മാറ്റിവെക്കുമായിരുന്നു.' അദ്ദേഹം പറയുന്നു: 'രാത്രി അവിടന്ന് വരുമായിരുന്നു ഉറങ്ങുന്നവർക്ക് ശല്യമുണ്ടാക്കാത്ത വിധം മെല്ലെ അസ്സലാമുഅലയ്ക്കും പറയും; ഉണർന്നിട്ടുള്ളവർ കേൾക്കാനും.' അദ്ദേഹം പറയുന്നു: 'പിന്നീട് നബി(സ) തിരുമേനി മസ്ജിദിൽ പോകും. നമസ്കരിക്കും. തുടർന്ന് തന്റെ പാല് എടുക്കുകയും കുടിക്കുകയും ചെയ്യും.' അദ്ദേഹം പറയുന്നു: 'ഒരു രാത്രി എന്റെയടുത്തു ശയ്ത്താൻ വന്നു. ഞാനെന്റെ പാല് കുടിച്ചുകഴിഞ്ഞിരുന്നു. അതായത് സാത്താനിക വിചാരങ്ങളുണ്ടായി. അവൻ പറഞ്ഞു: 'മുഹമ്മദ് റസൂലുല്ലാഹ്(സ) അൻസ്വാറിന്റെ അടുത്തുപോകുന്നു. അൻസ്വാർ അദ്ദേഹത്തിന് സമ്മാനം നല്കുന്നു. നബി(സ) തിരുമേനിക്ക് ഈ ഒരു കവിൾ പാലിന്റെ അതായത് കുറച്ചുപാലിന്റെ– അത് നബി(സ)ക്കു വേണ്ടി എടുത്തുവച്ചതായിരുന്നു, ആവശ്യമില്ല.' അദ്ദേഹം പറയുന്നു: 'അങ്ങനെ ഞാൻ നബി(സ) തിരുമേനിക്ക് വെച്ചിരുന്ന പാലും എടുത്തുകുടിച്ചു. അതെന്റെ വയറ്റിൽ ചെന്നപ്പോൾ–അറബികളുടെ വിവരണത്തിന് ഒരു പ്രത്യേക രീതിയുണ്ട്– പറയുന്നു: അതെന്റെ വയറ്റിൽ ചെന്നപ്പോൾ ഇനി അത് തിരിച്ചുകിട്ടാൻ ഒരു മാർഗവുമില്ലെന്ന് ഞാനറിഞ്ഞു. ഇനി അത് തിരിച്ചുകിട്ടുകയില്ല.' പറയുന്നു: 'ശയ്ത്താൻ എന്നെ നാണം കെടുത്തി.' പറഞ്ഞു: 'നിനക്ക് നാശം! നീ എന്താണ് ഈ ചെയ്തത്! നീ മുഹമ്മദിന്റെ(സ) വിഹിതമായ പാല് കുടിച്ചു. അദ്ദേഹം തിരിച്ചുവരുമ്പോൾ പാല് കാണുന്നില്ലെങ്കിൽ നിനക്കെതിരെ ദുആ ചെയ്യുന്നതായിരിക്കും. നീ നശിച്ചുപോകും. നിന്റെ ഇഹലോകവും പരലോകവും നശിച്ചുപോകുന്നതായിരിക്കും.' ശയ്ത്താനെന്തിനാണ് നാണം കെടുത്തിയത്? ഹദ്റത്ത് മിഖ്ദാദ് ഈ വാക്യം പറഞ്ഞതെന്തിനാണ്? കാരണം ശയ്ത്താൻ അദ്ദേഹത്തിന്റെ മനസ്സിൽ ഈ ദുർബോധനം ഇട്ടതാണ്; അതായത് നബി(സ) തിരുമേനി താങ്കൾക്കെതിരെ ശാപപ്രാർഥന ചെയ്യും. വാസ്തവത്തിൽ നബി(സ) തിരുമേനി സർവലോകത്തിനും കാരുണ്യമാണ്. ഈ നിസാര കാര്യത്തിന് അദ്ദേഹം ദുആ ചെയ്യുന്നതെന്തിനാണ്? നബി(സ) തിരുമേനി ശാപപ്രാർഥന ചെയ്യുമെന്ന വിചാരവും സാത്താനികമായിരുന്നു. എന്തായാലും പറയുന്നു: 'ദുആ ചെയ്യണമെന്ന വിചാരം എനിക്കുണ്ടായി; ഞാൻ നശിക്കുമെന്നും ഇഹലോകവും പരലോകവും നശിക്കുമെന്നും.' അദ്ദേഹം പറയുന്നു: 'എന്റെ മേൽ ഒരു ചാദുർ ഉണ്ടായിരുന്നു. അത് ഞാനെന്റെ കാലിൽ ഇടുമ്പോൾ ശിരസ് വെളിയിലാകുമായിരുന്നു. ശിരസിലിടുമ്പോൾ കാല് വെളിയിലാകുമായിരുന്നു. എനിക്ക് ഉറക്കം വരുമായിരുന്നില്ല. എന്റെ രണ്ടുകൂട്ടുകാരും ഉറങ്ങിപ്പോയി. ഞാൻ ചെയ്തത് അവർ ചെയ്തിരുന്നില്ല. അതായത് ഞാൻ പാലു കുടിച്ചു.' പറയുന്നു: 'നബി(സ)തിരുമേനിവന്നു. അവിടന്ന് സാധാരണപോലെ അസ്സലാമു അലയ്ക്കും പറഞ്ഞു. പിന്നീട് മസ്ജിദിൽ പോയി. നമസ്കരിച്ചു. അതായത് നഫ്ൽ നമസ്കരിച്ചു. പിന്നീട് പാലു കുടിക്കുന്ന സ്ഥലത്തുവന്നു. പാലിന്റെ ഗ്ലാസ് വെക്കാറുള്ള സ്ഥലത്ത് വന്നു. അതിന്റെ മൂടി തുറന്നു. അതിൽ ഒന്നുമുണ്ടായിരുന്നില്ല. നബി(സ)തിരുമേനി ആകാശത്തേക്ക് തലയുയർത്തി.' പറയുന്നു: 'ഞാനുറങ്ങിയിരുന്നില്ല. എല്ലാം കാണുന്നുണ്ടായിരുന്നു. ഇനി എനിക്കെതിരെ ശാപപ്രാർഥന ചെയ്യുമെന്ന് ഞാൻ കരുതി; അങ്ങനെ ഞാൻ നശിക്കുകയും ചെയ്യും. പക്ഷേ, അവിടന്ന് പറഞ്ഞു: '*അല്ലാഹുമ്മ അത്വയിം മൻ അത്അമനീ വ അസ്ഖി മൻ അസ്ഖാനീ* അല്ലാഹുവേ ആരാണോ എന്നെ തീറ്റിച്ചത് അവനെ നീ തീറ്റിച്ചാലും. എന്നെ കുടിപ്പിച്ചവനെ നീ കുടിപ്പിച്ചാലും.' പറയുന്നു: 'ഇതുകേട്ട് ഞാൻ എന്റെ ചാദുർ എടുത്തു. എന്റെമേൽ ശക്തമായി കെട്ടി. ഞാനുണർന്നിരിക്കുകയായിരുന്നു. ചെറിയ വടിയുമെടുത്ത് വെളിയിലിറങ്ങി. വെളിയിൽനിന്നിരുന്ന ആടുകളിൽ നല്ലവണ്ണം തടിച്ചുകൊഴുത്ത ആരോഗ്യവതിയായ ആടിന്റെ അടുക്കൽ പോയി. നബി(സ)തിരുമേനിക്കുവേണ്ടി അതിനെ അറുക്കുക എന്നതായിരുന്നു ഉദ്ദേശ്യം.' അദ്ദേഹം പറയുന്നു: 'ഞാൻ അവിടെയെത്തിയപ്പോൾ കണ്ടത് അതിന്റെ അകിട് പാലുകൊണ്ട് നിറഞ്ഞിരിക്കുന്നതാണ്. എന്നല്ല അവയുടെ എല്ലാം അകിട് പാലുചുരത്തിയിരുന്നു.' പിന്നീട് ഞാൻ

നബി(സ) തിരുമേനിയുടെ വീട്ടുകാരുടെ ഒരു പാത്രം കൊണ്ടുവന്നു. അതു പാലുകൊണ്ട് നിറയുമെന്ന് അവർ വിചാരിച്ചിട്ടേ ഉണ്ടാകുകയില്ല.' അദ്ദേഹം പറയുന്നു: 'ഞാനതിൽ പാലുകറന്നു. അതിന്റെ മേൽഭാഗംവരെ എത്തി. പാത്രം മുഴുവൻ നിറഞ്ഞു. ഞാൻ നബിയുടെ അടുത്തുവന്നു.' അവിടന്ന് ചോദിച്ചു: 'നിങ്ങൾ ഇന്നുരാത്രി നിങ്ങളുടെ വിഹിതം പാല് കുടിച്ചിരുന്നുവോ?' അദ്ദേഹം പറയുന്നു. ഞാൻ പറഞ്ഞു: 'കുടിച്ചു. യാറസൂലല്ലാഹ്.' അങ്ങ് ചോദിക്കരുത്. അങ്ങ് ഇത് കുടിച്ചാലും.' അവിടന്ന് പാത്രം പിന്നീട് എനിക്ക് തന്നു. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഇനിയും കുടിച്ചാലും. അവിടന്ന് വീണ്ടും കുടിച്ചു. പിന്നീട് പാത്രം എനിക്ക് തന്നു. നബി(സ) തിരുമേനിക്ക് വയറു നിറഞ്ഞു എന്നെനിക്ക് തോന്നിയപ്പോൾ, 'അല്ലാഹുവേ, എന്നെ കുടിപ്പിച്ചവനേ നീയും കുടിപ്പിച്ചാലും എന്നെ തീറ്റിച്ചവനെ നീയും തീറ്റിച്ചാലും' എന്ന നബി(സ)തിരുമേനി ചെയ്ത ദുആയിൽ ഞാനും ഭാഗഭാക്കായി എന്ന് വിചാരിച്ചു. പറയുന്നു: പാലും കുടിപ്പിച്ചു. ഞാൻ ദുആയുമെടുത്തു. ഞാൻ ചിരിച്ചു. ഞാൻ എത്രമാത്രം ചിരിച്ചുവെന്നാൽ നിയന്ത്രണംവിട്ട് ഭൂമിയിൽ പോകുകയാണെന്ന് തോന്നി. അതായത് ചിരിച്ചുകൊണ്ട് തൃപ്തനായി. അദ്ദേഹം പറയുന്നു: ഞാൻ ചിരിക്കുന്നത് അവിടന്ന് കണ്ടപ്പോൾ അവിടന്ന് പറഞ്ഞു. 'മിഖ്ദാദേ നിന്റെയെന്തോ കുസൃതി ഉണ്ടല്ലോ.' അവിടന്ന് പറഞ്ഞു: 'നീ എന്തോ കുസൃതി കാണിച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നു.' ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാനിങ്ങനെ ചെയ്തു.' അങ്ങനെയെല്ലാം പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: 'അല്ലാഹുവിൽ നിന്നുള്ള കാരുണ്യമാണ്. ഇക്കാര്യം നീ എന്തുകൊണ്ട് ആദ്യം എന്നോട് പറഞ്ഞില്ല. നമുക്ക് നമ്മുടെ രണ്ട് കൂട്ടുകാരേയും കൂട്ടാമായിരുന്നില്ലേ? അവരും കുടിക്കുമായിരുന്നല്ലോ. അവരും കാരുണ്യത്തിൽ പങ്കാളിയാകുമായിരുന്നല്ലോ.' പറയുന്നു. ഞാൻ പറഞ്ഞു: താങ്കളെ സത്യത്തോടെ അയച്ചവനാണ! അങ്ങ് ആ കാരുണ്യം പ്രാപിച്ചപ്പോൾ, ഞാനും അങ്ങയോടൊപ്പം ആ കാരുണ്യം പ്രാപിച്ചു. ഇനി ആളുകളിൽ ആര് അത് കരസ്ഥമാക്കിയാലും എനിക്ക് പ്രശ്നമില്ല. എനിക്ക് എന്നെ കുറിച്ചുള്ള ചിന്തയായിരുന്നു. കാരണം ഞാൻ തന്നെയാണ് ആ തെറ്റു ചെയ്തത്.' (സ്വഹീഹ് മുസ്‌ലിം ഹദീഥ് 2055)

ഹദ്റത്ത് മിഖ്ദാദ്(റ) ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് മിഖ്ദാദ് നബി(സ)തിരുമേനിയുടെ അമ്പെയ്ത്തുകാരിലാണ് എണ്ണപ്പെടുന്നത്. (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 86, ദാറു അഹ്‌യാഉത്തുറാഥ് ബേറൂത്ത് ലബ്നാൻ 1996).

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു: 'ബദ്ർ യുദ്ധാവസരത്തിൽ ഞാൻ മിഖ്ദാദ് ബിൻ അസ്‌വദിന്റെ ഒരു ദൃശ്യം കണ്ടു. അത് എനിക്ക് കിട്ടിയിരുന്നുവെങ്കിൽ പുണ്യത്തിൽ ഈയൊരു ദൃശ്യത്തിന് തുല്യമായിത്തീരുന്ന എല്ലാ നന്മകളേക്കാളും ഏറ്റവും എനിക്ക് പ്രിയപ്പെട്ടതാകുമായിരുന്നു. പറയുന്നു: സംഭവം ഇങ്ങനെയാണ്: നബി(സ)തിരുമേനിയുടെ അടുത്ത് മിഖ്ദാദ് വന്നു; അവിടന്ന് മുശ്‌രിക്കീങ്ങൾക്കെതിരിൽ ദുആ ചെയ്യുകയായിരുന്നു. മിഖ്ദാദ് (റ)പറഞ്ഞു: യാ റസൂലല്ലാഹ്! മൂസായുടെ ജനത പറഞ്ഞതുപോലെ ഫദ്ഹബ് അൻത വ റബ്ബുക്ക ഫഖാത്തിലാ എന്നു ഞങ്ങൾ പറയുകയില്ല. മറിച്ച്, *വലാക്കിന്നാ നുഖാത്തിലു അൻയമീനിക്ക വ അൻ ശിമാലിക്ക വബയന യദയ്ക്ക വ ഖൽഫക്ക.* ഞങ്ങൾ അങ്ങയുടെ വലത്തും ഇടത്തും മുന്നിലും പിന്നിലും നിന്ന് യുദ്ധം ചെയ്യുന്നതായിരിക്കും എന്നായിരിക്കും പറയുക. അപ്പോൾ നബി(സ)തിരുമേനിയുടെ മുഖം വിളങ്ങുന്നത് ഞാൻ കണ്ടു. മിഖ്ദാദിന്റെ ഈ സംസാരം നബി(സ)തിരുമേനിയെ സന്തോഷിപ്പിച്ചു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ഹദീഥ് 3952)

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ബദ്ർ യുദ്ധത്തെ ഉദ്ധരിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: ശത്രുക്കളുടെ വിവരമറിഞ്ഞ് അവരുടെ ഉദ്ദേശ്യം അറിയുന്നതിനും അവർ ഇനി യുദ്ധം ചെയ്യുകയാണെങ്കിൽ അവരെ യുദ്ധത്തിൽനിന്ന് തടയുന്നതിനുംവേണ്ടി നബി(സ)തിരുമേനി ബദ്റിലേക്ക് പുറപ്പെട്ടു. റൗഹാഅ് എന്ന സ്ഥലത്തിന്റെ അടുത്തെത്തിയപ്പോൾ അവിടന്ന് ബസീസ്, അദിയ്യ് എന്ന് പേരുള്ള രണ്ട് സ്വഹാബാക്കളെ ശത്രുക്കളുടെ പദ്ധതികളും തന്ത്രങ്ങളും അറിഞ്ഞ് വരുന്നതിന് ബദ്റിലേക്ക് അയച്ചു. അവരോട് വേഗത്തിൽ വാർത്തയുമായി വരുവാനും കല്പിച്ചു. റൗഹാഇയിൽ നിന്ന് പുറപ്പെട്ട് മുസ്‌ലിമീങ്ങൾ സ്വഫ്റാ താഴ്‌വാരത്തിന്റെ ഒരുവശത്തുകൂടി സഞ്ചരിച്ച് ബദ്റിന് അടുത്ത് സ്ഥിതി ചെയ്യുന്ന സ്വഫ്റാൻ എന്നറിയപ്പെടുന്ന സ്ഥലത്ത് എത്തിയപ്പോൾ ഖുറയ്ശികളുടെ ആയുധധാരികളായ ഒരു വലിയ യുദ്ധസംഘം അവരുടെ കച്ചവട സംഘത്തെ സംരക്ഷിക്കുന്നതിനായി മക്കയിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നുവെന്ന അറിയിപ്പ് ലഭിച്ചു. അപ്പോൾ നബി(സ)തിരുമേനി എല്ലാ സ്വഹാബാക്കളെയും ഒരുമിച്ച് കൂട്ടി ലഭിച്ച വാർത്ത അവരെ അറിയിച്ചു. ഇനി എന്ത് ചെയ്യണമെന്ന് അവരോട് അഭിപ്രായം ആരാഞ്ഞു. ചില സ്വഹാബാക്കൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ബാഹ്യമായ കാര്യഹേതുക്കൾ കാണുമ്പോൾ സംഘത്തെ നേരിട്ട് കാണുന്നത് ഉത്തമമായിതോന്നുന്നു. നമുക്ക് നോക്കാമല്ലോ! കച്ചവടസംഘത്തിന്റെ ഉദ്ദേശ്യമെന്താണെന്ന്. എന്താണ് അവർ ആഗ്രഹിക്കുന്നതെന്ന്. ഇനി ആ സൈന്യം യുദ്ധത്തിനാണ് വരുന്നതെങ്കിൽ, അവരെ നേരിടാൻ നമ്മൾ ഇപ്പോൾ പൂർണ തയ്യാറെടുപ്പിലല്ല ഉള്ളത്. എന്നാൽ, അവിടന്ന് ഈ അഭിപ്രായം ഇഷ്ടപ്പെട്ടില്ല.

മദീനയിൽനിന്ന് പൊയ്ക്കൊണ്ട് നബി(സ) തിരുമേനിയുടെ കൂടെ നിന്നിരുന്ന അധിക സ്വഹാബത്തിനും യുദ്ധത്തിനു പോകുന്നുവെന്ന വിവരമുണ്ടായിരുന്നില്ല. കാരണം യുദ്ധത്തിന്റെ സാഹചര്യവും ഉണ്ടാകാനിടയുണ്ടായിരുന്നു. പക്ഷേ, അവർ കരുതിയത് ഒരു കച്ചവടസംഘമാണ്, അവരുടെ നിയ്യത്തെന്താണെന്ന് നോക്കണം എന്നതായിരുന്നു. ഇനി അവർ എന്തെങ്കിലും ആക്രമണം നടത്തുകയാണെങ്കിൽ ചെറിയ സംഘമായിരിക്കും അവരുമായി പോരാടുകയും ചെയ്യാം. പക്ഷേ, സൈന്യം മദീനയിൽനിന്ന് പുറപ്പെടുന്നത് യുദ്ധത്തിനാണെന്ന് സ്വഹാബത്തിന് അറിയില്ലായിരുന്നു. എന്തായാലും അവിടന്ന് ചോദിച്ചപ്പോൾ ചിലർ പറഞ്ഞു: സൈന്യത്തെ നേരിടാൻ നമുക്ക് കഴിയില്ല. അതുകൊണ്ട് നമ്മൾ യുദ്ധം ചെയ്യാതിരിക്കേണ്ടതാണ്. അവിടന്ന് ഈ അഭിപ്രായവും ഇഷ്ടപ്പെട്ടില്ല.

ചില മുതിർന്ന സഹാബാക്കൾ എഴുന്നേറ്റ് ജീവൻ ബലിയർപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രഭാഷണങ്ങൾ നടത്തി. പറഞ്ഞു: നമ്മുടെ ജീവനും സമ്പത്തും എല്ലാം അല്ലാഹുവിന്റെതാകുന്നു. നമ്മൾ എല്ലാ അവസരത്തിലും എല്ലാ സേവനത്തിനും സന്നദ്ധരാണ്. അങ്ങനെ മിഖ്ദാദ് ബിൻ അസ്‌വദ് അദ്ദേഹത്തിന്റെ മറ്റൊരുപേര് മിഖ്ദാദ് ബിൻ അംറ് എന്നുമാണ്-ഇതാണ് യഥാർഥ പേര്-പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! മൂസായുടെ അനുയായികളെപോലെ, നീയും നിന്റെ ദൈവവും പോയി യുദ്ധം ചെയ്യുക, ഞങ്ങൾ ഇവിടെ വിശ്രമിക്കാമെന്ന് ഒരിക്കലും ഞങ്ങൾ പറയുകയില്ല. മറിച്ച് എവിടെയാണെങ്കിലും ഞങ്ങൾ അങ്ങയോടൊപ്പം ഉണ്ടാകുമെന്നും അങ്ങയുടെ വലത്തും ഇടത്തും മുന്നിലും പിന്നിലും ഞങ്ങൾ പോരാടുന്നതായിരിക്കുമെന്നുമാണ് ഞങ്ങൾ പറയുക' ഈ സംസാരം കേട്ട് അങ്ങയുടെ തിരുമുഖം സന്തോഷത്താൽ വെട്ടിതിളങ്ങി.' ഈ അവസരത്തിലും നബി(സ) തിരുമേനി അൻസ്വാറിന്റെ മറുപടി പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അവരും എന്തെങ്കിലും പറയണമെന്ന് അവിടന്ന് ആഗ്രഹിച്ചു. കാരണം അവിടന്ന് വിചാരിച്ചത് ഒരുപക്ഷേ, അൻസ്വാർ മനസ്സിലാക്കുന്നത്, അഖബ ബയ്അത്ത് അനുസരിച്ച് തങ്ങളുടെ നിർബന്ധകടമ മദീനയിൽ ആരെങ്കിലും ആക്രമണം നടത്തിയാൽ അവരെ പ്രതിരോധിച്ചാൽമതി എന്ന് മനസ്സിലാക്കിയിട്ടുണ്ടാകുമെന്നാണ്. അങ്ങനെ മുഹാജിർ സ്വഹാബാക്കളുടെ ഇത്തരത്തിലുള്ള ജീവൻ ബലിയർപിക്കാൻ പ്രചോദനം നല്കുന്ന പ്രസംഗങ്ങൾ ഉണ്ടായിട്ടും അവിടന്ന് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. 'എന്നോട് അഭിപ്രായം പറയുക എന്താണ് ചെയ്യേണ്ടത്?' ഔസ് ഖബീലയുടെ നേതാവായ സഅ്ദ് ബിൻ മുആദ്(റ) നബിയുടെ താൽപര്യമെന്താണെന്ന് മനസ്സിലാക്കി. അൻസ്വാറിന്റെ ഭാഗത്തുനിന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്, ഒരുപക്ഷേ അങ്ങ് ഞങ്ങളുടെ അഭിപ്രായമായിരിക്കും ചോദിക്കുന്നത്. അല്ലാഹുവാണ! അങ്ങ് സത്യവാനാണെന്ന് മനസ്സിലാക്കി അങ്ങയിൽ വിശ്വസിച്ചവരാണ് ഞങ്ങൾ. അപ്പോൾ ഞങ്ങളുടെ കൈ ഞങ്ങൾ അങ്ങയുടെ കൈയിൽ തന്നിരിക്കുകയാണ്. അങ്ങ് എവിടെ പോയാലും ഞങ്ങൾ അങ്ങയോടൊപ്പം ഉണ്ടാകും. അങ്ങയെ സത്യത്തോടെ അയച്ച അല്ലാഹുവാണ! അങ്ങ് ഞങ്ങളോട് സമുദ്രത്തിൽ ചാടാൻ പറഞ്ഞാൽ ഞങ്ങൾ ചാടും. ഞങ്ങളിൽ ഒരാൾപോലും അറച്ചുനില്ക്കുകയില്ല. അങ്ങ് ഇൻശാഅല്ലാഹ് ഞങ്ങളെ യുദ്ധത്തിൽ സ്ഥിരചിത്തരായി കാണുന്നതായിരിക്കും. അങ്ങയുടെ കണ്ണിന് കുളിർമ പകരുന്ന കാര്യങ്ങൾ ഞങ്ങളിൽനിന്ന് അങ്ങ് കാണുന്നതായിരിക്കും. നബി(സ) തിരുമേനി ഈ പ്രഭാഷണം കേട്ടു വളരെ സന്തോഷിച്ചു. അവിടന്ന് പറഞ്ഞു: *സീറൂ വബ്ശിറൂ ഫ ഇന്നല്ലാഹ ഖദ് വഅദനീ ഇഹ്ദത്താഇഫത്തയ്നി വല്ലാഹി ലകഅന്നീ അൻളുറു ഇലാ മസ്വാരിയിൽഖൗമി*

അതായത് അങ്ങനെയാണെങ്കിൽ അല്ലാഹുവിന്റെ പേരെടുത്ത് മുന്നോട്ടുപോകുക. സന്തോഷിക്കുകയും ചെയ്യുക. കാരണം അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തു. സത്യനിഷേധികളുടെ ഈ രണ്ട് സംഘം അതായത് സൈന്യം അല്ലെങ്കിൽ കച്ചവടസംഘം അവരിൽ ഏതെങ്കിലും ഒരു സംഘത്തിനുമേൽ അല്ലാഹു നമുക്ക് തീർച്ചയായും വിജയം നല്കും. അല്ലാഹുവാണ! ശത്രുക്കളുടെ ആളുകൾ വധിക്കപ്പെട്ടുവീഴുന്ന സ്ഥലങ്ങൾ ഞാൻ ഈ നേരത്ത് കാണുകയാണ്. (സീറത്തു ഖാത്തമുന്നബയ്യീൻ പേജ് 354-355)

ഹദ്റത്ത് മിഖ്ദാദിനെ സംബന്ധിച്ച് ഇങ്ങനേയും വന്നിരിക്കുന്നു, ബദ്ർ യുദ്ധത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്ന ആദ്യ കുതിരസവാരിക്കാരനാകുവാനുള്ള സൗഭാഗ്യം ഹദ്റത്ത് മിഖ്ദാദിന് ലഭിച്ചു. അദ്ദേഹത്തിന്റെ കുതിരയുടെ പേര് 'സബ്ഹ' എന്നായിരുന്നു. ഒരു നിവേദനമനുസരിച്ച് ബദ്ർ യുദ്ധത്തിൽ മുസ്‌ലിമീങ്ങളുടെ രണ്ട് കുതിരയെ കുറിച്ചുള്ള വിവരണം കിട്ടുന്നുണ്ട്. ഹദ്റത്ത് അലി(റ) പറയുന്നു: ബദ്ർ ദിവസം ഞങ്ങളുടെ കൈയിൽ രണ്ട് കുതിര ഉണ്ടായിരുന്നു. ഒന്ന് ഹദ്റത്ത്

സുബയ്ർ ബിൻ അവാമിന്റേതായിരുന്നു. രണ്ടാമത്തേത് ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദിന്റേതും. ഇബ്നു ഹിശാം പറയുന്നതനുസരിച്ച് ബദ്ർ യുദ്ധ ദിവസം മുസ്‌ലിമീങ്ങളുടെ പക്കൽ മൂന്ന് കുതിര ഉണ്ടായിരുന്നു. ഹദ്റത്ത് മർഥദ്ബിൻ അബൂ മർഥദിന്റെ പക്കൽ കുതിര ഉണ്ടായിരുന്നു. അതിന്റെ പേര് 'സബൻ' എന്നായിരുന്നു. ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദിന്റെ കൈയിൽ കുതിരയുണ്ടായിരുന്നു. അതിന്റേ പേര് 'ബഅ്സജ' എന്നായിരുന്നു. അല്ലെങ്കിൽ 'സബഹ' എന്നായിരുന്നു. ഹദ്റത്ത് സുബയ്ർ ബിൻ അവാമിന്റെ അടുക്കൽ കുതിരയുണ്ടായിരുന്നു. അതിന്റെ പേര് 'യഅ്സൂബ്' എന്നായിരുന്നു (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 3, പേജ് 86, ദാറു അഹ്‌യാഉത്തുറാഥ് ബേറൂത്ത് ലബ്നാൻ 1996)(ദലാഇലുന്നുബുവ്വത്തി വലിൽ ബയ്ഹഖി വാല്യം3 പേജ് 39, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2002)(അസ്സീറത്തുന്നബവിയ്യ ലിഇബ്നി ഹിശാം പേജ് 452, അസ്മാഉ ഖയ്‌ലുൽ മുസ്‌ലിമീൻ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2001)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവിധ ചരിത്ര ഗ്രന്ഥങ്ങളിൽ നിന്നെടുത്ത് സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: ഇതനുസരിച്ച് ബദ്ർ യുദ്ധത്തിൽ മുസ്‌ലിമീങ്ങളുടെ പക്കൽ രണ്ട് കുതിരകളാണ് ഉണ്ടായിരുന്നത്. ചില ഗ്രന്ഥങ്ങളിൽ ഞാൻ പറഞ്ഞതുപോലെ മൂന്നു ഉണ്ടായിരുന്നുവെന്നും പറയുന്നുണ്ട്. ചിലർ അഞ്ചായിരുന്നുവെന്നും പറഞ്ഞിട്ടുണ്ട്. (സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 353)(ശറഹ് അസ്സുർഖാനീ അലൽമവാഹിബിൽ ല്ലദുന്നിയ്യ വാല്യം 2, പേജ് 260 ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 2 പേജ് 205, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

എന്തായാലും കുതിര രണ്ടെണ്ണമായിരുന്നോ മൂന്നെണ്ണമായിരുന്നോ അഞ്ചെണ്ണമായിരുന്നോ എന്തുമാകട്ടെ പക്ഷേ,മുസ്‌ലിമീങ്ങളുടെയും അവിശ്വാസികളുടെയും യുദ്ധസാധന സാമഗ്രികൾ തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. സത്യനിഷേധികളുടെ ആയുധങ്ങൾ നോക്കുമ്പോൾ മുസ്‌ലിമീങ്ങളുടേത് ഇല്ലാത്തതിനു തുല്യമായിരുന്നു. പക്ഷേ, എന്നിട്ടും ശത്രുക്കൾക്കെതിരിൽ അവർ അണിനിരന്നപ്പോൾ മുഹാജിറുകളും അൻസ്വാറും ചെയ്ത പ്രതിജ്ഞ അവർ പൂർത്തിയാക്കി കാണിച്ചു.

ഹദ്റത്ത് മിഖ്ദാദ് ബിൻ അംറ് കിൻദി ബനൂ സുഹ്റ ഗോത്രത്തിന്റെ സഖ്യകക്ഷിയായിരുന്നു. ബദ്ർ യുദ്ധ ദിവസം നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തവരിൽപ്പെട്ടയാളായിരുന്നു. ഒരിക്കൽ ഹദ്റത്ത് മിഖ്ദാദ്, നബിസ)തിരുമേനിയോട് ചോദിച്ചു: 'അല്ലയോ അല്ലാഹുവിന്റെ റസൂലേ! ഞാൻ ഏതെങ്കിലും അവിശ്വാസിയുമായി യുദ്ധം ചെയ്യുമ്പോൾ, അയാൾ എന്റെ കൈ വാൾകൊണ്ട് വെട്ടിമാറ്റുകയും പിന്നെ ഒരു മരത്തിന്റെ പിന്നിൽ ഒളിക്കുകയും അല്ലാഹുവിനുവേണ്ടി ഞാൻ മുസ്‌ലിമായിരിക്കുന്നുവെന്ന് പറയുകയും ചെയ്താൽ, എനിക്ക് അവനെ വധിക്കാൻ അനുവാദം ഉണ്ടാകുമോ?' അവിടന്ന് പറഞ്ഞു: 'അവനെ നീ വധിക്കരുത്.' ഹദ്റത്ത് മിഖ്ദാദ് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അവൻ എന്റെ കൈ മുറിച്ചവനാണ്.' നബി(സ)തിരുമേനി പറഞ്ഞു: 'അവനെ വധിക്കരുത്. ഇനി നീ വധിക്കുകയാണെങ്കിൽ അവനെ വധിക്കുന്നതിന് മുമ്പേ നിനക്കുണ്ടായിരുന്ന സ്ഥാനത്ത് അതായത് ഈമാന്റെ സ്ഥാനത്ത് അവൻ വരികയും കലിമ ചെല്ലുന്നതിനുമുമ്പേ അവനുണ്ടായിരുന്ന സ്ഥാനം നിനക്കു ലഭിക്കുകയും ചെയ്യുന്നതാണ്.' (സ്വഹീഹുൽബുഖാരി, കിതാബുൽ മഗാസി ബാബ് 12 ഹദീഥ് 4019)

ഈ അനുമാനപരമായ കാര്യം നബി(സ) തിരുമേനിയുടെ മുമ്പിൽ അവതരിപ്പിച്ചു. ഞാൻ ഏതെങ്കിലും അവിശ്വാസിയുമായി യുദ്ധം ചെയ്യുമ്പോൾ, അയാൾ എന്റെ കൈ വാൾകൊണ്ട് വെട്ടിമാറ്റുകയും പിന്നെ ഒരു മരത്തിന്റെ പിന്നിൽ ഒളിക്കുകയും അല്ലാഹുവിനുവേണ്ടി താൻ മുസ്‌ലിമായിരിക്കുന്നുവെന്ന് പറയുകയും ചെയ്താൽ, എനിക്ക് അവനെ വധിക്കാൻ അനുവാദം ഉണ്ടാകുമോ?' നബി(സ)തിരുമേനി പറഞ്ഞു: ഇല്ല. അങ്ങനെ ചെയ്താൽ ആ കാഫിർ മുഅ്മിനാകും. നീ വിശ്വാസിയായിട്ടും ആ കാഫിറിന്റെ സ്ഥാനത്ത് നിൽക്കുകയും ചെയ്യും.

ഇതാണ് നബി(സ)തിരുമേനി കലിമ ചെല്ലുന്നവർക്ക് കൽപ്പിച്ച സ്ഥാനം. ഈ കാലഘട്ടത്തിലെ ഉലമാക്കൾ എന്ന് വിളിക്കപ്പെടുന്നവരുടെയും ഇസ്‌ലാമിക ഭരണകൂടങ്ങളുടെയും പ്രവർത്തനങ്ങൾ നോക്കുക. അവർ സത്യാവിശ്വാസിയുടെ സ്ഥാനത്താണോ അവിശ്വാസികളുടെ സ്ഥാനത്താണോ നിൽക്കുന്നതെന്ന് ഈ ഹദീഥ്‌വച്ച്, സ്വയം ഒരു പരിശോധന നടത്തിയാൽ അത് എത്ര നന്നായിരുന്നു!

നബി(സ)തിരുമേനിയുടെ ഒട്ടകം ബനൂഗഫ്ഫാറിലെ ഒരുഇടയന്റെ മേൽനോട്ടത്തിൽ മദീനയ്ക്കുവെളിയിൽ മേയുകയായിരുന്നു. ആ ഇടയന്റെ ഭാര്യയും ഒപ്പമുണ്ടായിരുന്നു. ഫസാറ ഗോത്രത്തിലെ ഉഅയ്ന ബിൻ ഹിസ്ന്, ബനൂ ഗത്ഫാന്റെ കുറച്ച് കുതിരസവാരിക്കാരുമായി ചേർന്ന് അവരെ ആക്രമിച്ചു. ഇടയനെ വധിക്കുകയും ചെയ്തു. അയാളുടെ ഭാര്യയേയും ഒട്ടകങ്ങളേയും പിടിച്ചുകൊണ്ടുപോകുകയും ചെയ്തു. ഹദ്റത്ത് സലമാ ബിൻ അക്‌വഅ് ആണ് അവരെ കുറിച്ച് ഏറ്റവുമാദ്യം ഇതറിഞ്ഞത്. അദ്ദേഹത്തോടൊപ്പം ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായുടെ അടിമ കുതിരയുമായി പുറപ്പെട്ടു. ഹദ്റത്ത് സലമ ഥനിയത്തുൽവദാഇൽ– ഈ താഴ്‌വരയുടെ പേരിനെക്കുറിച്ച് വിഭിന്നങ്ങളായ അഭിപ്രായമുണ്ട്. ചിലരുടെ പക്കൽ ഇത് മദീനയ്ക്കുവെളിയിൽ മക്കയിലേക്കു പോകുന്നവർ കൂടെ ചെല്ലുന്നവരെ യാത്ര പറഞ്ഞ് തിരിച്ചയക്കുന്ന സ്ഥലമാണ്. മറ്റൊരു അഭിപ്രായമനുസരിച്ച് ഈ രാജ്യം ശാമിന്റെ വശത്തുകിടക്കുന്ന മദീനയ്ക്കുവെളിയിലുള്ള ഒരു സ്ഥലമാണ്. തബൂക് യുദ്ധം കഴിഞ്ഞ് മടങ്ങിവരുമ്പോൾ മദീനക്കാർ നബി(സ)തിരുമേനിയെ സ്വീകരിച്ചത് ഇവിടെവെച്ചാണ്. നബി(സ)തിരുമേനി ഈ സ്ഥലത്തുവച്ച് ചില സൈന്യങ്ങളെ യാത്രയാക്കിയിരുന്നു– എത്തിയപ്പോൾ അവർ ഉസയ്യനേയും അയാളുടെ കൂട്ടുകാരനേയും കണ്ടു. മദീനയ്ക്കടുത്തുള്ള സലഗ് മലയിൽ കയറി സഹായത്തിനുവേണ്ടി വിളിച്ചു പറയുന്ന വാക്യം ഉച്ചത്തിൽ ഇവിടെനിന്ന് വിളിച്ചു പറയുമായിരുന്നു; അതായത് 'യാ സ്വബാഹാ.'

പിന്നീട് സലമ അമ്പെയ്തുകൊണ്ട് അവരുടെ പിന്നാലെ ഓടി. അവരുടെ ദിശ തിരിച്ചുവിട്ടു. ഹദ്റത്ത് സലമായുടെ സഹായം തേടിയുള്ള മുറവിളി കേട്ടപ്പോൾ നബി(സ) തിരുമേനി ശത്രുക്കളോട് പോരാടാൻ മദീനയിൽ വിളംബരം നടത്തി. നബി(സ) തിരുമേനിയുടെ വിളംബരം കേട്ട് കുതിരപട്ടാളക്കാർ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരാകാൻ തുടങ്ങി. അവരിൽ ഏറ്റവും ആദ്യം ലബ്ബൈക് പറഞ്ഞുകൊണ്ട് നബി(സ)തിരുമേനിയുടെ മുമ്പാകെ വന്നത് ഹദ്റത്ത് മിഖ്ദാദ്(റ) ആയിരുന്നു.'(ശറഹ് അസ്സുർഖാനി വാല്യം 2 പേജ് 166–169 ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)(അസ്സീറത്തുന്നബവിയ്യ ലി ഇബ്നിഹിശാം, ഭാഗം 3–4, പേജ് 174–175,ദാറുൽകിതാബിൽ അറബി ബേറൂത്ത് ലബ്നാൻ2008)(അത്ത്വബക്കാത്തുൽ കുബ്റാ, വാല്യം 2, പേജ് 63, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

നബി(സ)തിരുമേനി മക്കാപ്രവേശനത്തിനായി തയ്യാറെടുപ്പ് നടത്തിയപ്പോൾ, സ്വഹാബത്ത് അതിനുള്ള തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരുന്നിട്ടും ആ ഉദ്ദേശ്യത്തെ വളരെ രഹസ്യമാക്കി വെച്ചിരുന്നു. മക്കയിൽ പോകണമെന്ന കാര്യം പരസ്യമാക്കിയിരുന്നില്ല. തദവസരത്തിൽ ഒരു ബദ്‌രീ സ്വഹാബി, ഹദ്റത്ത് ഹാത്വിബ് ബിൻ ബൽത്തഅ തന്റെ നിഷ്കളങ്കതകൊണ്ടും അജ്ഞതകൊണ്ടും ഒരു കത്ത് മക്കയിൽനിന്ന് വന്ന ഒരു സ്ത്രീയുടെ കൈവശം രഹസ്യമായ ഒരു കത്ത് കൊടുത്തുവിട്ടു. അതിൽ മക്കയെ ആക്രമിക്കാനുള്ള മുഴുവൻ തയ്യാറെടുപ്പിനെയും കുറിച്ച് പറയപ്പെട്ടിരുന്നു. ആ സ്ത്രീ കത്തുമായി പോയപ്പോൾ അല്ലാഹു ഈ വിവരം നബി(സ) തിരുമേനിയെ അറിയിച്ചു. അങ്ങനെ നബി(സ) തിരുമേനി ഹദ്റത്ത് അലിയെ രണ്ടുമൂന്നു ആളുകളോടൊപ്പം അതിൽ ഹദ്റത്ത് മിഖ്ദാദുമുണ്ടായിരുന്നു, ആ സ്ത്രീയെ പിന്തുടർന്ന് കത്തുവാങ്ങിക്കൊണ്ടുവരുന്നതിന് അയച്ചു. ഹദ്റത്ത് അലി(റ)നിവേദനം. നബി(സ)തിരുമേനി എന്നേയും സുബയ്റിനേയും മിഖ്ദാദിനേയും അയച്ചു. റൗളത്ത് ഖാഖിൽ പോകാൻ അവിടന്ന് പറഞ്ഞു. അവിടെ ഒട്ടകപ്പുറത്ത് യാത്രചെയ്യുന്ന ഒരു സ്ത്രീയുണ്ട്. അവളുടെ കൈയിൽ ഒരു കത്തുണ്ട് അതുവാങ്ങിവരിക. അങ്ങനെ ഞങ്ങൾ പുറപ്പെട്ടു. ഞങ്ങളുടെ കുതിര ഞങ്ങളേയുംകൊണ്ട് അതിവേഗം ഓടി. ഞങ്ങൾ അവരുടെ അടുത്തെത്തി കത്തെടുക്കാൻ പറഞ്ഞു. തന്റെ കൈയിൽ കത്തൊന്നുമില്ലെന്ന് അവർ പറഞ്ഞു. നീ എത്രയും വേഗം കത്തെടുക്കുന്നില്ലെങ്കിൽ തുണിയുരിഞ്ഞു ഞങ്ങൾക്കു നിന്നെ പരിശോധിക്കേണ്ടിവരും. അവൾ ആ കത്ത് മുടിയുടെ ഇടയിൽനിന്നെടുത്തു ഞങ്ങൾക്കുതന്നു. അവളിൽനിന്ന് ആ സ്വഹാബി അവിശ്വാസികൾക്ക് എഴുതിയ ആ കത്തും വാങ്ങി, ഞങ്ങൾ റസൂലുല്ലാഹ്(സ) തിരുമേനിയുടെ സന്നിധിയിലെത്തി. അദ്ദേഹം അത് നിഷ്കളങ്കമായി എഴുതിയതായിരുന്നു. പക്ഷേ, ഇക്കാര്യം കുറച്ചു രഹസ്യ സ്വഭാവമുള്ളതായിരുന്നതുകൊണ്ട് അതു വാങ്ങിയതാണ്. അല്ലെങ്കിൽ അത് പരസ്യമാകേണ്ടതായിരുന്നു. എന്തായാലും അല്ലാഹു അറിയിച്ചു. ആ കത്ത് തിരിച്ച് നബി(സ)തിരുമേനിയുടെ പക്കലെത്തത്തി(സ്വഹീഹ് മുസ്‌ലിം കിതാബുൽ ഫളാഇൽ, ഹദീഥ് 2494).

മൂസാ ബിൻ യഅ്ഖൂബ് തന്റെ പിതൃസഹോദരിയിൽനിന്നും അവർ തന്റെ മാതാവിൽനിന്നും നിവേദനം. നബി(സ)തിരുമേനി ഹദ്റത്ത് മിഖ്ദാദിന് ഖയ്ബറിലെ ഉൽപാദനത്തിൽനിന്ന് പതിനഞ്ച് വസഖ്‌വർഷന്തോറും കൊടുത്തിരുന്നു. അത് അമ്പത്തഞ്ചെകാൽ മന്ന് ഏകദേശം ഒരു വർഷം ആകുമായിരുന്നു. അത് ഞങ്ങൾ മുയആവിയ ബിൻ അബൂ സുഫിയാന്റെ കൈയിൽനിന്ന് വാങ്ങിയതാണ്.' (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 3, പേജ് 86, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബേറൂത്ത് ലബ്നാൻ 1996)

ഇത് സ്ഥിരമായ വാർഷികവരുമാനമായിരുന്നു. കുറച്ചു വർഷങ്ങളിലെ ഉൽപാദനമോ അല്ലെങ്കിൽ സ്ഥിരമായ ഉൽപാദനമോ വിറ്റിട്ടുണ്ടാകും. കാരണം 56 മന്നിന് ഇത്രയധികം വില ഉണ്ടാകാൻ തരമില്ല. യർമൂക് യുദ്ധത്തിലും ഹദ്റത്ത് മിഖ്ദാദ് പങ്കെടുത്തു. ഈ യുദ്ധത്തിൽ ഖാരി ഹദ്റത്ത് മിഖ്ദാദായിരുന്നു. നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിനുശേഷം ഒരു സുന്നത്തായി പറഞ്ഞിരുന്നത് യുദ്ധ സമയത്ത്

സൂറ അൻഫാൽ പാരായണം ചെയ്യാനായിരുന്നു. നബി(സ)തിരുമേനി വഫാത്തായതിനുശേഷവും ആളുകൾ ഇതനുസരിച്ച് പ്രവർത്തിച്ചിരുന്നു. (താരീഖ് അത്വബരി, വാള്യം 4, പേജ് 59, ദാറുൽഫിക്ർ ബേറൂത്ത്, ലബ്നാൻ 2002)

നബി(സ)തിരുമേനി ഒരു സൈന്യത്തെ അയച്ചു. ഹദ്റത്ത് മിഖ്ദാദിനെയാണ് അമീറായി നിശ്ചയിച്ചിരുന്നത്. പിന്നീട് അദ്ദേഹം തിരിച്ച് വന്നപ്പോൾ നബി(സ) തിരുമേനി ചോദിച്ചു: അല്ലയോ അബൂ മഅ്ബദ് നീ ഇമാറത്തിന്റെ സ്ഥാനമാനം എത്തരത്തിലാണ് കണ്ടിരുന്നത്? അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! പുറപ്പെട്ടപ്പോൾ എന്റെ അവസ്ഥ എപ്രകാരമെന്നാൽ മറ്റുള്ളവരെ എന്റെ അടിമകളായി കണക്കാക്കിയിരുന്നു.' അവിടന്ന്(സ) പറഞ്ഞു: 'അബൂ മഅ്ബദേ! ഇമാറത്തിന്റെ അവസ്ഥ ഇപ്രകാരം തന്നെയാണ്; അല്ലാഹു അതിന്റെ ഉപദ്രവത്തിൽനിന്ന് സുരക്ഷിതരാക്കുന്നവരൊഴികെ.' മിഖ്ദാദ് പറഞ്ഞു: 'അതിൽ സംശയമില്ല. അങ്ങയെ സത്യത്തോട് അയച്ച ആ അല്ലാഹവാണ! ഞാൻ രണ്ട് ആളുകളുടെപോലും മേൽനോട്ടം വഹിക്കാൻ ഇഷ്ടപ്പെടുകയില്ല.'(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 6, പേജ് 207-208, മഅ്ബദ് ബിൻ മിഖ്ദാദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബിനാൻ 2005)

എനിക്ക് ഒരു അനുഭവമുണ്ടായി. അതിൽ ഞാൻ കണ്ടു, എല്ലാവരും എന്റെ ദാസരാണെന്ന് എനിക്കു തോന്നി. അതിനുശേഷം ഏതെങ്കിലും രണ്ടാളുടെ മേൽനോട്ടക്കാരൻ ആകാൻപോലും എനിക്ക് ഇഷ്ടമല്ലെന്ന ഫലത്തിലാണ് ഞാനെത്തിച്ചേർന്നത്. ഇത് അവരുടെ തഖ്വയുടെ നിലവാരമായിരുന്നു. ഒഫീസറാകുമ്പോൾ ആളുകളിൽ അഹങ്കാരം ഉണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് രണ്ട് പേർപോലും എന്റെ കീഴിൽ വരുന്നത് ഞാനൊരിക്കലും ഇഷ്ടപ്പെടുന്നില്ല. അതിനാൽ നമ്മുടെ എല്ലാ ഒഫീസർമാരും ഇക്കാര്യംഎപ്പോഴും ഓർമിക്കുക. ഒന്നാമതായി ആഗ്രഹം ഉണ്ടാകാൻ പാടില്ല. ഇനി ഒഫീസർ ആക്കിയാൽ, ഭാരവാഹിത്വം നല്കപ്പെട്ടാൽ അല്ലാഹുവിനോട് അതിന്റെ കുഴപ്പങ്ങളിൽനിന്ന് രക്ഷ നേടുന്നതിനായി ദുആ ചെയ്യ്തുകൊണ്ടിരിക്കുക. അല്ലാഹു ഒരിക്കലും അഹങ്കാരം ഉണ്ടാക്കാതിരിക്കുന്നതിനും അവന്റെ അനുഗ്രഹം തേടേണ്ടതാണ്.

ഹദ്റത്ത് മിഖ്ദാദ്, ഹുമുസ്വിലെ ഉപരോധത്തിൽ ഹദ്റത്ത് ഉബയ്ദ ബിൻ ജർറാഹിന്റെ കൂടെ ഉണ്ടായിരുന്നു.(താരീഖ് അത്വബരി, വാള്യം 4, പേജ് 185, ദാറുൽഫിക്ർ ബേറൂത്ത്, ലബ്നാൻ 2002)

ഹദ്റത്ത് മിഖ്ദാദ് മിസ്വറിന്റെ വിജയത്തിലും പങ്കെടുത്തിരുന്നു.(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ് വാള്യം 4, പേജ് 43, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2002).

ഹിജ്റ 20-ൽ മിസ്റിന്റെമേൽ സൈനിക നടപടി ഉണ്ടാകുകയും അസ്കറിലെ അമീറായ ഹദ്റത്ത് അംറ് ബിൻ ആസ്വി(റ) ഖിലാഫത്ത് സന്നിധിയിൽ നിന്ന് കൂടുതൽ സഹായം ആവശ്യപ്പെടുകയും ചെയ്തപ്പോൾ ഹദ്റത്ത് ഉമർ(റ) പത്തായിരം പട്ടാളത്തേയും നാലു ഓഫീസർമാരേയും അവരിലൊരാൾ ഹദ്റത്ത് മിഖ്ദാദും ആയിരുന്നു, അദ്ദേഹത്തെ സഹായിക്കാൻവേണ്ടി അയച്ചു. അദ്ദേഹം എഴുതി, ഈ ഓഫീസർമാരിൽപ്പെട്ട ഓരോരുത്തരും ശത്രുവിന്റെ ഒരായിരം പട്ടാളക്കാർക്കു തുല്യമായിരിക്കും. യഥാർഥത്തിൽ ഈ സംഘം എത്തിയുടനെതന്നെ യുദ്ധാവസ്ഥ മാറിമറിഞ്ഞു. വളരെ കുറഞ്ഞ കാലംകൊണ്ട് ഫിർഔന്റെ സ്ഥലമെല്ലാം തൗഹീദിന്റെ അനന്തരാവകാശമായിത്തീർന്നു.(സയ്റുസ്സ്വഹാബ വാള്യം 2 പേജ് 286, ഹദ്റത്ത് മിഖ്ദാദ് ബിൻ അംറ്, ദാറുൽ ഇശാഅത്ത് കറാച്ചി, 2004)

ജുബയ്ർ ബിൻ നുഫയ്ർ വിവരിക്കുന്നു, ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദ് ഞങ്ങളുടെ അടുത്ത് എന്തൊ ജോലിക്കായി വന്നു. ഞങ്ങൾ പറഞ്ഞു: 'അല്ലാഹു അങ്ങയെ ആരോഗ്യത്തോടും സമാധാനത്തോടുംകൂടി വെക്കുമാറാകട്ടെ. ഞങ്ങൾ അങ്ങയുടെ ജോലി ചെയ്തുതീർക്കുംവരെ അങ്ങ് ഇരുന്നാലും.' അദ്ദേഹം പറഞ്ഞു, 'ജനതയുടെ അവസ്ഥ കാണുമ്പോൾ അത്ഭുതം തോന്നുന്നു. ഞാനിപ്പോൾ വന്നപ്പോൾ പറഞ്ഞു, ഞാൻ അവരുടെ അടുത്തൂടെയാണ് കടന്നുവന്നത്, അവരുടെ അടുത്തൂടെ കടന്നപ്പോൾ ഇവർ കുഴപ്പമുണ്ടാക്കാൻ താൽപര്യം കാണിക്കുന്നത് കണ്ടു. നബി(സ)തിരുമേനിയും അദ്ദേഹത്തിന്റെ സ്വഹാബത്തും പരീക്ഷിക്കപ്പെട്ടതുപോലെ അല്ലാഹു അവരേയും തീർച്ചയായും പരീക്ഷിക്കുമെന്ന് അവർ ധരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു:'അല്ലാഹുവാണ! ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു, 'കുഴപ്പങ്ങളിൽനിന്ന് രക്ഷപ്പെട്ടവർ ഭാഗ്യവാന്മാരാണ്. ഇക്കാര്യം നബി(സ)തിരുമേനി മൂന്നുപ്രാവശ്യം ആവർത്തിച്ചു. അവിടന്ന് പറഞ്ഞു: ഇനി പരീക്ഷണങ്ങൾ ഉണ്ടായാൽ പിന്നെ ക്ഷമ കൈക്കൊള്ളുക.'(അൽമുഅ്ജമുൽ കബീർ ലിത്ത്വബ്റാനീ വാള്യം 20, പേജ് 252-253, ജുബയ്ർ ബിൻ നുഫയ്ർ , അനിൽ മിഖ്ദാദ് ബിൻ അൽഅസ്വദ്, ദാറു അഹ്യാഉത്തുറാഥ് അൽഅറബി, ബേറൂത്ത്)

കുഴപ്പങ്ങളുടെ അതായത് ഏതെങ്കിലും പരീക്ഷണത്തിനോ കടുപ്പത്തിനോ വേണ്ടി ദുആ ചെയ്യാൻ പാടില്ല. ആഗ്രഹിക്കാനും പാടില്ല. എന്നാൽ, പരീക്ഷണം വന്നാൽ, പരീക്ഷ വന്നാൽ അതിൽ ക്ഷമ കാണിക്കേണ്ടതാണ്. പിന്നീട് സ്ഥിരചിത്തത കാണിക്കേണ്ടതാണ്; അല്ലാതെ ഭീരുത്വം കാണിക്കാൻ പാടില്ല.

ഹദ്റത്ത് മിഖ്ദാദിന്റെ ശരീരം തടിച്ചതായിരുന്നു. എന്നിട്ടും അദ്ദേഹം ജിഹാദിന്നിറങ്ങിയിരുന്നു. ഒരിക്കൽ ഏതോ തട്ടാന്റെ പെട്ടിയുടെ അടുക്കൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഹദ്റത്ത് മിഖ്ദാദ് പെട്ടിയേക്കാൾ വലുതായിരിക്കുന്നത് കണ്ടു. ആരോ അദ്ദേഹത്തോടു പറഞ്ഞു: 'അല്ലാഹു താങ്കളെ യുദ്ധത്തിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു.' ഒരുപാട് തടിയുണ്ട്. അദ്ദേഹത്തിന്റെ മകൾ പറഞ്ഞതുപോലെ കുടവയറുണ്ടായിരുന്നു. ഹദ്റത്ത് മിഖ്ദാദ് മറുപടി നല്കി: 'എന്നോട് സൂറ ബഹൂഥ് (ബഹൂഥ് സൂറഃ തൗബയുടെ മറ്റൊരു പേരാണ്. കാരണം ഈ സൂറത്തിൽ കപടവിശ്വാസികളേയും അവരുടെ രഹസ്യ പദ്ധതികളേയും പരസ്യമാക്കിയിരിക്കുന്നു) പറയുന്നു: എന്നെ ഈ സൂറത്ത് നിർബന്ധിതനാക്കിയിരിക്കുന്നുവെന്ന്. *ഇൻഫിറൂ ഖിഫാഫൻ വ്വഥിഖാലൻ* (തൗബ:41) 'മെലിയനാണെങ്കിലും തടിയനാണെങ്കിലും ജിഹാദിന് പുറപ്പെടുക.' (അഹ്കാമുൽ ഖുർആൻ ലിഇബ്നി അറബി, വാള്യം 2, പേജ് 444, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് ലബ്നാൻ 2003) (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യ 3, പേജ് 87 ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബേറൂത്ത് ലബ്നാൻ 1996)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഖിഫാഫൻ വ്വഥിഖാലൻ എന്നതിനെ വിശദീകരിച്ചു പറയുന്നു: 'ഈ ആയത്തിൽ അല്ലാഹുവിന്റെ വഴിയിൽ ജിഹാദ് ചെയ്യാൻ പുറപ്പെടാനും ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് അവരുടെ വഴിയിൽ തടസമാകരുതെന്നും മുസ്‌ലിമീങ്ങളോടു താക്കീത് ചെയ്തു പറഞ്ഞിരിക്കുന്നു. ഖിഫാഫൻ വ്വഥിഖാലൻ എന്നതിന് പല അർഥങ്ങളുണ്ട്: നിങ്ങൾ വൃദ്ധരായിരിക്കാം, അല്ലെങ്കിൽ യുവാവായിരിക്കാം. വ്യക്തിയായിരിക്കാം. വ്യക്തികളായിരിക്കാം. അല്ലെങ്കിൽ സംഘങ്ങളായിരിക്കാം. നടന്നായിരിക്കാം. വാഹനത്തിലായിരിക്കാം. നിങ്ങളുടെ പക്കൽ ധാരാളം ആയുധങ്ങൾ ഉണ്ടായിരിക്കാം. അല്ലെങ്കിൽ ഇല്ലായിരിക്കാം. ഭക്ഷണം ധാരാളമുണ്ടാകാം. ഇല്ലായിരിക്കാം. (ദുറൂസ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഗയ്ർ മത്ബൂഅ, രജിസ്റ്റർ നമ്പർ 36, പേജ് 1006)

ഹദ്റത്ത് മിഖ്ദാദ് ഈ ആയത്തിൽനിന്ന്–കാരണം ഇതിന് ഒരുപാട് അർഥങ്ങളുണ്ട്–അദ്ദേഹത്തിന്റെ ശരീരം മെലിഞ്ഞതോ തടിച്ചതോ ഉദ്ദേശ്യമെടുത്തുകൊണ്ട് തന്റെ ജിഹാദിനോടുള്ള താൽപര്യം പ്രകടിപ്പിച്ചതാണ്.

ഹദ്റത്ത് മിഖ്ദാദിന്റെ വയറ് വളരെയധികം വലുതായിരുന്നു. അദ്ദേഹത്തിന് ഒരു റോമക്കാരനായ അടിമയുണ്ടായിരുന്നു. അയാൾ അദ്ദേഹത്തോടു പറഞ്ഞു: 'ഞാൻ താങ്കളുടെ വയർ മുറിച്ച് കൊഴുപ്പ് എടുക്കുന്നതായിരിക്കും.' (അക്കാലത്ത് ഏതു രീതിയിലുള്ള ഓപ്പറേഷനായിരുന്നോ ആ രീതിയിൽ അത് മുഖേന ശരീരത്തിന്റെ ഘനം കുറയുന്നതായിരിക്കും. ഇന്നും ആളുകൾ അങ്ങനെ ചെയ്യാറുണ്ട്. അയാൾ ഹദ്റത്ത് മിഖ്ദാദിന്റെ വയർ മുറിച്ചു. കൊഴുപ്പ് എടുത്തുമാറ്റി വീണ്ടും തുന്നിച്ചേർത്തു. പക്ഷേ, ഇക്കാരണത്താലാണ് അദ്ദേഹം വഫാത്തായത്. ഏതെങ്കിലും ഇൻഫംഗ്ഷൻ ഉണ്ടായിട്ടുണ്ടാകും. ഓപ്പറേഷൻ ശരിയായിട്ടുണ്ടാവില്ല. എന്തായാലും ആ അടിമ ഇതു കണ്ട് പിന്നീട് അവിടെനിന്ന് ഓടിക്കളഞ്ഞു.' (അൽഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 6, പേജ് 161, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2005)

പക്ഷേ, മറ്റൊരു നിവേദനവുമുണ്ട്. അതനുസരിച്ച് ഹദ്റത്ത് മിഖ്ദാദിന്റെ വഫാത്ത് കാസ്ട്രോയിൽ കുടിച്ചതുകൊണ്ടാണ് ഉണ്ടായത്. ഇത് അബൂഫാഇദ് നിവേദനം ചെയ്തതാണ്. ഹദ്റത്ത് മിഖ്ദാദിന്റെ മകൾ കരീമ പറയുന്നു:'ഹദ്റത്ത് മിഖാദാദിന്റെ വഫാത്ത് മദീനയിൽനിന്ന് മൂന്നുമൈൽ അകലെ ജുറുഫ് എന്ന സ്ഥലത്തായിരുന്നു. അവിടെനിന്ന് അദ്ദേഹത്തിന്റെ മൃതദേഹം ആളുകൾ തോളിലേറ്റി മദീനയിൽ കൊണ്ടുവന്നു. ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. ജന്നത്തുൽ ബഖീയിൽ ഖബ്റടക്കി. ഹിജ്റ 33ലാണ് ഹദ്റത്ത് മിഖ്ദാദ് വഫാത്തായത്. മരണസമയത്ത് അദ്ദേഹത്തിന് എഴുപതോ അതിനോടടുത്തോ ആയിരുന്നു പ്രായം. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 8 ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബേറൂത്ത് ലബ്നാൻ 1996)

ഇബ്നി ബുറയ്ദ തന്റെ പിതാവിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി പറഞ്ഞു; 'അല്ലാഹു എന്നോടു നാലുപേരെ സ്നേഹിക്കാൻ കല്പിച്ചു. അവനും അവരെ സ്നേഹിക്കുന്നുവെന്ന് എന്നോടു പറയപ്പെട്ടു. ചോദിക്കപ്പെട്ടു: 'യാ റസൂലല്ലാഹ്! അവർ ആരാണ്?' അവിടന്ന് പറഞ്ഞു. (ഇബ്നു മാജയിലെ നിവേദനമാണ്) വിവിധ നേരങ്ങളിൽ വിവിധങ്ങളാണ്. എന്തായാലും ഈ നിവേദനം ഇതാണ്. പറയുന്നു: അവിടന്ന് പറഞ്ഞു: അലി(റ) അവരിൽപെട്ടയാളാണ്. ഇത് നബി(സ) തിരുമേനി മൂന്നു പ്രാവശ്യം പറഞ്ഞു. പിന്നീട് അബൂദർ(റ), സൽമാൻ(റ), മിഖ്ദാദ്(റ) (സുനൻ ഇബ്നുമാജ മുഖദ്ദമ അൽമുഅല്ലിഫ് ഹദീഥ് 149)

ഹദ്റത്ത് അലി(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'ഓരോ നബിക്കും ഏഴേഴ് മഹാന്മാരായ കൂട്ടുകാർ നല്കപ്പെട്ടിട്ടുണ്ട്.' നിവേദകൻ പറയുന്നു: 'കൂട്ടുകാർ (റുഫഖാഅ്)

എന്നതിനു പകരം മേൽനോട്ടക്കാരൻ (നിഗ്‌റാൻ) എന്ന പദമാണ് ഉപയോഗിച്ചത്. 'പക്ഷേ എനിക്ക് 14 പ്രദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഞങ്ങൾ ചോദിച്ചു: 'അവർ ആരാണ്?' ഹദ്റത്ത് അലി(റ) പറയുന്നു. അവിടന്ന് പറഞ്ഞു: 'ഒന്ന് ഞാനാണ്. അതായത് ഹദ്റത്ത് അലി. എന്റെ രണ്ടു പുത്രന്മാർ, ഹസൻ-ഹുസയ്ൻ, ജഅ്ഫർ, ഹംസത്ത്, അബൂബക്കർ, ഉമർ, മിസ്അബ് ബിൻഉമയ്ർ, ബിലാൽ, സൽമാൻ, അമ്മാർ, മിഖ്ദാദ്, ഹുദയ്ഫ, അബൂദർ, അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) ഇത് സുനൻ തുർമതിയിലെ നിവേദനമാണ്. (സുനനുത്തുർമതി കിതാബുൽ മനാഖിബ്, ഹദീഥ് 3785)

വിശുദ്ധഖുർആനിലെ സൂറ അൻആമിലെ ആയത്ത് *വലാ തത്‌റുദില്ലദീന യദ്ഊന റബ്ബഹും ബിൽഗദാത്തി വൽഅശിയ്യി യുരീദൂന വജ്ഹഹൂ മാ അലയ്ക്ക മിൻ ഹിസാബിഹിം മ്മിൻ ശയ്ഇൻ വമാ മിൻ ഹിസാബിക്ക അലയ്ഹിം മ്മിൻശയ്ഇൻ ഫതത്‌റുദഹും ഫതകൂന മിനള്ളാലിമീൻ.*

തങ്ങളുടെ നാഥന്റെ പ്രീതിയെ ഉദ്ദേശിച്ച് പ്രഭാതത്തിലും പ്രദോഷത്തിലും അവനെ വിളിച്ചു പ്രാർഥിക്കുന്നവരെ നീ വിരട്ടിയകറ്റരുത്. അവരെ വിരട്ടാൻതക്കവണ്ണം അവരുടെ കണക്കിന്റെ ഒരു ഉത്തരവാദിത്വവും നിനക്കില്ല; നിന്റെ കണക്കിന്റെ ഒരു ഉത്തരവാദിത്വവും അവർക്കുമില്ല. അങ്ങനെ ചെയ്താൽ നീ അക്രമികളിൽപെട്ടവനായിത്തീരും (6:53)

ഹദ്റത്ത് സഅ്ദ്(റ) ഈ ആയത്തിനെ കുറിച്ച് പറയുന്നു: ഇതും ഇബ്നുമാജയിലെ നിവേദനമാണ്. 'ഈ ആയത്ത് ആറുപേരെ കുറിച്ചാണ് ഇറങ്ങിയത്. അതായത് ഞാൻ തന്നെയും (ഹദ്റത്ത് സഅ്ദ്), ഇബ്നുമസ്ഊദ്(റ) സുഹയ്ബ്(റ), അമ്മാർ(റ), മിഖ്ദാദ്(റ), ബിലാൽ(റ). ഹദ്റത്ത് സഅ്ദ് പറഞ്ഞു: 'ഖുറയ്ശികൾക്ക് വിധേയരായിരിക്കുന്നതിൽ തങ്ങൾ സംതൃപ്തരല്ലെന്ന് നബി(സ)തിരുമേനിയോടു അവർ പറഞ്ഞു. അതുകൊണ്ട് താങ്കൾ അവരെ വിരട്ടിയോടിക്കുക.' നിവേദകൻ പറയുന്നു: 'ഇതിന്റെ അടിസ്ഥാനത്തിൽ നബി(സ) തിരുമേനിയുടെ മനസ്സിൽ അല്ലാഹു ആഗ്രഹിച്ച കാര്യം പ്രവേശിച്ചു. അല്ലാഹു അവിടത്തെമേൽ ആയത്തിറക്കി. *വലാ തത്‌റുദില്ലദീന യദ്ഊന റബ്ബഹും ബിൽഗദാത്തി വഅശിയ്യി യുരീദൂന വജ്ഹഹൂ* (6:53)തങ്ങളുടെ നാഥന്റെ പ്രീതിയെ ഉദ്ദേശിച്ച് പ്രഭാതത്തിലും പ്രദോഷത്തിലും അവനെ വിളിച്ചു പ്രാർഥിക്കുന്നവരെ നീ വിരട്ടിയകറ്റരുത്. (സുനൻ ഇബ്നുമാജ കിതാബുസ്സുഹ്ദ്, ഹദീഥ് 4128)

എന്തായാലും ഈ വചനമിറങ്ങാൻ കാരണം ഇതാണ് പറയുന്നത്. നബി(സ) തിരുമേനി അതിന് മറുപടി നല്കി. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് മിഖ്ദാദാണ് കുതിരപ്പുറത്തേറി യുദ്ധത്തിൽ പങ്കെടുത്ത ആദ്യത്തെ സ്വഹാബി. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 6, പേജ് 160, ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2005)

ഇതും മുമ്പേ കുറച്ചു പറഞ്ഞുകഴിഞ്ഞതാണ്. ഹദ്റത്ത് മിഖ്ദാദിൽ നിന്ന് നിവേദനം: 'അദ്ദേഹം ഒരു ദിവസം പ്രാഥമികാവശ്യത്തിനു വേണ്ടി ജന്നത്തുൽ ബഖീഅ് ഖബ്ർസ്ഥാനിന്റെ ഭാഗത്തേക്കു പോയി. ആളുകൾ ഈ സമയത്ത് രണ്ടോ മൂന്നോ ദിവസത്തിനുശേഷമാണ് മറക്കിരിക്കാൻ പോകാറുണ്ടായിരുന്നത്. അദ്ദേഹം ഒരു ശൂന്യമായ സ്ഥലത്തു കടന്നു. അക്കാലത്ത് ഭക്ഷണം വളരെ കുറവായിരുന്നു.' പറയുന്നു: 'മലവും ഒട്ടകത്തിന്റെ കാട്ടം പോലെയായിരുന്നു. മറക്കിരിക്കുകയായിരുന്നു. അദ്ദേഹം ഒരു എലിയെ കണ്ടു. അത് മാളത്തിൽനിന്ന് ഒരു ദീനാർ പുറത്തെടുത്തു. പിന്നീട് ഉള്ളിൽ പോയി. മറ്റൊരു ദീനാർ എടുത്തുകൊണ്ടുവന്നു. അങ്ങനെ 17 ദീനാർ കൊണ്ടുവന്നു. അതിനുശേഷം ഒരു ചെമന്നനിറത്തിലുള്ള തുണി പുറത്തുകൊണ്ടുവന്നു. ഹദ്റത്ത് മിഖ്ദാദ്(റ) പറയുന്നു. ഞാൻ ആ തുണി പിടിച്ചുവലിച്ചു. അപ്പോൾ അതിൽ ഒരു ദീനാർ കണ്ടു. അങ്ങനെ 18 ദീനാറായി. പിന്നീട് ഞാൻ അതുമെടുത്ത് പുറപ്പെട്ടു. നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. നബി(സ) തിരുമേനിയോടു എല്ലാ കാര്യവും പറഞ്ഞു. ചോദിച്ചു: 'യാ റസൂലല്ലാഹ്! അതിന്റെ സക്കാത്ത് എടുത്താലും.' അവിടന്ന് പറഞ്ഞു: 'അതിന് സക്കാത്തില്ല. അത് കൊണ്ടുപോകുക. അല്ലാഹു അതിൽ ബർക്കത്ത് ചൊരിയുമാറാകട്ടെ.' പിന്നീട് നബി(സ)തിരുമേനി പറഞ്ഞു: 'താങ്കൾ അതിന്റെ മാളത്തിൽ കൈയിട്ടുണ്ടാകുമല്ലോ?' ഞാൻ പറഞ്ഞു: 'ഇല്ല. അങ്ങയെ സത്യത്തോടെ അയക്കുകയും ആദരവ് നല്കുകയും ചെയ്ത അല്ലാഹുവാണെ! ഞാൻ കൈയിട്ടിട്ടില്ല. മറിച്ച് ഈ രീതിയിൽ അല്ലാഹു എനിക്കുവേണ്ടി ഏർപാട് ചെയ്തതാണ്.' (സുനൻ ഇബ്നുമാജ, ഹദീഥ് 2508)

ജുബയ്ർ ബിൻ നുഫയ്ർ നിവേദനം: ഒരു 'ദിവസം ഞങ്ങൾ മിഖ്ദാദിനോടൊപ്പം മജ്‌ലിസിൽ ഇരിക്കുകയായിരുന്നു. ഒരാൾ അതുവഴി പോയി. അയാൾ പറഞ്ഞു: 'നബി(സ)തിരുമേനിയെ കണ്ടിട്ടുള്ളവരുടെ കണ്ണുകൾ എത്ര നല്ല അനുഗൃഹീതമാണ്. അല്ലാഹുവാണെ! നിങ്ങൾ കണ്ടത് ഞങ്ങൾക്കും കാണണമെന്ന് അതിയായ മോഹമുണ്ടായിരുന്നു. സ്വഹാബത്തിനെ സൂചിപ്പിച്ചുകൊണ്ടു പറഞ്ഞതാണ്. നിങ്ങൾ കണ്ടത് ഞങ്ങളും കണ്ടിരുന്നെങ്കിൽ! ഇതുകേട്ട് ഹദ്റത്ത് മിഖ്ദാദിന് ദ്വേഷം വന്നു. നിവേദകൻ പറയുന്നു. ഞാൻ അത്ഭുതത്തോടെ ചോദിച്ചു: 'അയാൾ നല്ല കാര്യം മാത്രമല്ലേ പറഞ്ഞത്.' ഹദ്റത്ത് മിഖ്ദാദ് അദ്ദേഹത്തോടു പറഞ്ഞു: 'അയാളെ ഏതു കാര്യമാണ് ഇക്കാലത്ത് വരണമെന്നുള്ള ആഗ്രഹത്തിനുമേൽ നിർബന്ധം ചെലുത്തിയത്. അതിൽ അല്ലാഹു അയാളെ മറച്ചുവെച്ചു. പിന്നീട് പറഞ്ഞു: 'അയാൾ അക്കാലത്തുണ്ടായിരുന്നെങ്കിൽ ഏത് സ്ഥാനത്തായിരിക്കുമെന്ന് നമുക്കെന്താണ് അറിയുക.' പിന്നീട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ. അല്ലാഹു നരകത്തിൽ തലകുത്തി വീഴ്ത്തിയവരും നബി(സ) തിരുമേനിയുടെ ജീവിതകാലം കണ്ടിട്ടുണ്ട്. കാരണം അവർ നബി(സ) തിരുമേനിയെ വിശ്വസിച്ചില്ല. അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തിയതുമില്ല. അപ്പോൾ ഇയാളുടെ ഭാഗ്യം എന്തായിരുന്നുവെന്ന് ആർക്കാണ് അറിയുക? സാക്ഷ്യപ്പെടുത്തിയിരുന്നില്ലെങ്കിൽ നരകത്തിൽ പോകും.

പിന്നീട് പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിനെ എന്തുകൊണ്ട് സ്തുതിക്കുന്നില്ല. നിങ്ങൾ നിങ്ങളുടെ റബ്ബിനെ തിരിച്ചറിയുന്നവരായ സമയത്താണ് അല്ലാഹു നിങ്ങളെ സൃഷ്ടിച്ചത്. ഒരു അന്യാരാധനയും നടത്തിയിരുന്നില്ല. നിങ്ങൾ നിങ്ങളുടെ റബ്ബിനെ തിരിച്ചറിയുന്നു. ദൂതനിൽ വിശ്വസിക്കുന്നു. നിങ്ങളുടെ നബികൊണ്ടുവന്ന ശരീഅത്തിനെ സാക്ഷ്യപ്പെടുത്തുന്നവരാണ് നിങ്ങൾ. അല്ലാഹു മറ്റുള്ളവർ മുഖേന നിങ്ങളെ പരീക്ഷണങ്ങളിൽനിന്ന് രക്ഷിച്ചു. മുമ്പേ ഉണ്ടായിരുന്നവർ അല്ലെങ്കിൽ ഇക്കാലഘട്ടത്തിലെ മറ്റുള്ളവർ പരീക്ഷണങ്ങളിലൂടെ കടന്നു. അല്ലാഹു നിങ്ങളെ ഈ പരീക്ഷണങ്ങളിൽനിന്ന് രക്ഷിച്ചു. നിങ്ങൾ ആ ദൈവത്തിന് നന്ദി പറയുക.' പിന്നീട് പറഞ്ഞു: 'അല്ലാഹുവാണെ! നബി(സ) തിരുമേനിയെ ജാഹിലിയ കാലഘട്ടത്തിൽ അല്ലാഹു അയച്ചു. വഹ്‌യുടെ ഫത്റത്ത് കാലഘട്ടത്തിൽ(രണ്ടുനബിമാർക്കിയിടയിലുള്ള കാലം) അത് എല്ലാ നബിമാരും വന്ന കാലഘട്ടത്തെക്കാൾ ഏറ്റവും കൂടുതൽ കഠിനമായ കാലഘട്ടമായിരുന്നു. അതായത് ദീർഘമായ കാലത്തിനുശേഷമാണ് വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ടത്. ഒരു നബിക്കുശേഷം മറ്റൊരു നബിയ്ക്കിടയിൽ ഉള്ള ഇടവേളകളിൽ വഹ്‌യുണ്ടായിരുന്നില്ല. അല്ലെങ്കിൽ ഒരു നബിക്കുശേഷം മറ്റൊരു നബിയുടെ കാലഘട്ടത്തിനിടയിൽ ഒരു ദീർഘമായ കാലമായിരുന്നു അത്. അതിൽ പ്രവാചകന്മാരുടേതുപോലുള്ള വഹ്‌യ് ഉണ്ടാകുകയില്ല. അതിനാണ് ഫത്റത്ത് എന്നു പറയുന്നത്. അത് ദീർഘകാലഘട്ടമായിരുന്നു. അതിൽ വഹ്‌യ് ഉണ്ടായില്ല. അല്ലെങ്കിൽ നബി(സ)തിരുമേനി നിയോഗിതനായില്ല. അതിൽ അന്യാരാധനയും വ്യാപിച്ചു. പിന്നീട് മിഖ്ദാദ്(റ)പറഞ്ഞു: ഇത് കാഠിന്യമേറിയ കാലമായിരുന്നു. ജനങ്ങൾ ബിംബങ്ങളെ ആരാധിച്ചിരുന്നു. അതിനെക്കാൾ ഒന്നിനേയും മുന്തിച്ചിരുന്നില്ല. പിന്നീട് നബി(സ) തിരുമേനി ഫുർഖാനുമായി(സത്യാസത്യാ വിവേചന ഗ്രന്ഥം) വന്നു. അത് സത്യത്തേയും അസത്യത്തേയും വേർപെടുത്തി. പിതാവിനും പുത്രന്മാർക്കുമിടയിൽ വ്യത്യാസം ഉണ്ടാക്കി. എത്രത്തോളമെന്നാൽ, തന്റെ പിതാവ്, മകൻ അല്ലെങ്കിൽ സഹോദരനെ കാഫിറായി കരുതിയിരുന്നു. അല്ലാഹു അയാളുടെ ഹൃദയത്തിന്റെ 'പൂട്ട്' വിശ്വാസത്തിനായി തുറന്നു.' വീണ്ടും പറയുന്നു: 'താൻ കുഫ്റിന്റെ അവസ്ഥയിൽ മരിച്ചാൽ നരകത്തിൽ പോകുമെന്ന് അവർക്കറിയാമായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ടവർ നരകത്തിൽ പോകുമെന്ന് അറിഞ്ഞിരുന്നപ്പോൾ അവരുടെ കണ്ണുകൾക്ക് കുളിർമയുണ്ടായിരുന്നില്ല. ഇക്കാരണത്താലാണ് അവർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ, നബി(സ) തിരുമേനിയെ വിശ്വസിച്ചപ്പോൾ തങ്ങളുടെ ബന്ധുക്കളെക്കുറിച്ച് ആശങ്കാകുലരായിരുന്നത് വിശ്വസിക്കുകയില്ലെന്ന് അറിയാമായിരുന്നു. എതിർത്താൽ നരകത്തിൽപോകും. പിന്നീട് പറയുന്നു: ഇതുകൊണ്ടുതന്നെയാണ് ഇവരെക്കുറിച്ച് അല്ലാഹു പറഞ്ഞത്:

*വല്ലദീന യഖൂലൂന റബ്ബനാ ഹബ്‌ലനാ മിൻ അസ്‌വാജിനാ വദുർരിയ്യാത്തിനാ ഖുർറത്ത അഅ്‌യുനിൻ.* (ഫുർഖാൻ 75) ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ഞങ്ങളുടെ ഭാര്യമാരിൽനിന്നും മക്കളിൽനിന്നും കണ്ണിനു കുളിർമ നല്കിയാലും. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 7, പേജ് 890, ഹദീഥ് 24311, ആലമുൽ കുതുബ് ബേറൂത്ത് ലബ്നാൻ 1998)

തലമുറകളിൽ ദീൻ നിലനില്ക്കുന്നതിന് എപ്പോഴും ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ ഫള്ൽ ഉണ്ടായതിന് നന്ദി കാണിക്കേണ്ടതാണ്. ഹദ്റത്ത് അനസ്(റ)പറയുന്നു: 'നബി(സ)തിരുമേനി ഒരാൾ ഖുർആൻ പാരായണം ചെയ്യുന്നതു കേട്ടു. അയാൾ ഉച്ചത്തിൽ ഖുർആൻ ഓതുകയായിരുന്നു. അവിടന്ന് പറഞ്ഞു: 'ഇദ്ദേഹം ദൈവഭയമുള്ള മനുഷ്യനാണ്.' അത് ഹദ്റത്ത് മിഖ്ദാദ് ബിൻ അംറായിരുന്നു. (അൽഇസ്തീആബ് ഫീ മഅ്‌രിഫത്തിസ്സ്വഹാബ വാല്യം 4, പേജ് 44, ദാറുൽ കുതുബൂൽ ഇൽമിയ, ബേറൂത്ത് ലബ്നാൻ 2002)

അല്ലാഹു നമുക്ക് ഇസ്‌ലാമിന്റെ യാഥാർഥ്യം മനസ്സിലാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നബി(സ) തിരുമേനിയുടെ ഉമ്മത്തിൽ ആയിരിക്കുന്നതിന്റെ കടമ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ ഉള്ളിൽ ദൈവഭയം ഉണ്ടാക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം:അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 23, ചൊവ്വാഴ്ച:**

(തുടർച്ച...) ഈ അതിഥികളുമായുള്ള കൂടിക്കാഴ്ച 3.30 വരെ തുടർന്നു. ശേഷം അമേരിക്കൻ സർക്കാർ പ്രതിനിധികൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അതിൽ ചുവടെ ചേർക്കുന്ന വ്യക്തികൾ ഉണ്ടായിരുന്നു.

കോൺഗ്രസ് യൂ എസ് എ അംഗം നോർമ ടോറസ് (Norma Torres)സാഹിബ, ഡെപ്യൂട്ടി ചീഫ് അമേരിക്കൻ എമ്പസി മിഷൻ ഗ്വാട്ടിമാല ഡേവിഡ് ഹോഡ്ഗെ (David Hodge), യു എസ് എയിഡ് ഡെപ്യൂട്ടി ചീഫ് മിഷൻ അനുപമ രാമരാജൻ (Anupama Rajraman) കോൺട്രാക്ടിംഗ് ആൻഡ് എഗ്രിമെന്റ് ഓഫീസർ ഡെബോറ പേരിമാൻ (Deborah Peri Man), അമേരിക്കൻ എമ്പസി കൺട്രോൾ ഓഫീസർ ഗ്വാട്ടിമാല. റെയിൻ ബിയാൻ (Rain Bian), പൊളിറ്റിക്കൽ ഓഫീസർ അമേരിക്കൻ എമ്പസി ഗ്വാട്ടിമാല ക്രിസ്റ്റിൻ ബുഷ്ബി (Kristin Bushby), ഹെൽത്ത് ആൻഡ് എജ്യുക്കേഷൻ ഓഫീസ് പ്രൊജക്റ്റ് മാനേജർ ഹെക്ടർ റോമിയോ മെനെഡെസ് അരിയോല(Hector Romeo Menedez Arriola), അമേരിക്കൻ എമ്പസി ഇൻഫൊർമേഷൻ ഓഫീസർ ഗ്വാട്ടിമാല ക്രിസ് ജോൺസ് (Chris Jones) അമേരിക്കൻ എമ്പസി ഫോട്ടോഗ്രാഫർ ലൂയിസ് മിഡെൻസ്(Luis Midence), അമേരിക്കൻ എമ്പസി റീജ്യണൽ സെക്യൂരിറ്റി ഓഫീസർ ഗ്വാട്ടിമാല ബില്ലി അലഫോഗിയാന്നിസ് (Billy Alafogiannis), ബ്രിട്ടീഷ് എമ്പസി ഡെപ്യൂട്ടി ഹെഡ് ഓഫീസ് മിഷൻ, ഗ്വാട്ടിമാല. ബാർബര അമോനോ ഓസൻഗ് (Barbra Amono Oceng)

ഹുദൂർ എല്ലാവരേയും പരിചയപ്പെട്ടു. അമേരിക്കയിലെ ലോസ് ഏഞ്ചൽസിൽ നിന്ന് പ്രത്യേകമായി ഹോസ്പിറ്റൽ ഉൽഘാടന പ്രോഗ്രാമിൽ പങ്കെടുക്കാൻവേണ്ടി കോൺഗ്രസിലെ അംഗം നോർമ ടോറസ് (Norma Torres) സാഹിബ, ഗ്വാട്ടിമാലയിൽ വന്നിരുന്നു. അവർ തന്റെ തിരഞ്ഞെടുപ്പ് നടന്ന പ്രദേശത്തെ പരാമർശിച്ചുകൊണ്ട് പറഞ്ഞു: 'തന്റെ പ്രദേശത്തുള്ള അധികപേരും ഗ്വാട്ടിമാലയിൽ നിന്നുള്ള അമേരിക്കക്കാരാണ്. ലോസ് ഏഞ്ചൽസിൽ ഗ്വോട്ടിമാലയിൽനിന്നുള്ള ലക്ഷക്കണക്കിന് ആളുകൾ താമസിക്കുന്നു. അവരിൽ നിന്നുള്ള അധിക പേരെയും വ്യക്തിപരമായി എനിക്ക് അറിയാം.'

**ഹുദൂർ:** 'നോർമ ടോറെസ് സാഹിബയ്ക്ക് രണ്ട് നാടുകളുണ്ട്.'

അപ്പോൾ നോർമാ ടോറസ് സാഹിബ പറഞ്ഞു: 'എന്റെ മാതാവ് ഗ്വാട്ടിമാലയിലാണ് അന്തിയുറങ്ങുന്നത്. അമേരിക്കയിൽ താമസിക്കുന്ന ഗ്വാട്ടിമാലൻ വ്യക്തികൾക്ക് വരെ ഈ ഹോസ്പിറ്റലിനെ കുറിച്ച് അറിയിക്കേണ്ടത് അനിവാര്യമാണ്. ഇപ്രകാരം അവർക്കും ഹ്യുമാനിറ്റി ഫസ്റ്റിന്റെ പ്രവർത്തനത്തെ കുറിച്ചും സേവനത്തെ കുറിച്ചും അറിയാൻ കഴിയും.

അതിനു ശേഷം ഡെപ്യൂട്ടി ചീഫ് മിഷൻ അമേരിക്കൻ എമ്പസി ഗ്വാട്ടിമാല ഡേവിഡ് ഹാജ് സാഹിബ് പറയുന്നു: പ്രദേശത്ത് യൂ എസ് ഏഡാസ് വിജ്ഞാനത്തിന്റേയും ആരോഗ്യത്തിന്റേയും വകുപ്പിൽനിന്ന് സാമ്പത്തിക സഹായം നല്കുന്നു.

**ഹുദൂർ:** 'ഗ്വാട്ടിമാലയിലെ വ്യക്തികൾ അമേരിക്കയിലേക്ക് പോകേണ്ട ആവശ്യം ഇല്ലാത്ത വിധം വിദ്യാഭ്യാസ മേഖലയ്ക്കു ചെലവ് ചെയ്യുന്നത് ഗ്വാട്ടിമാലയെ ഉന്നതിയിലേക്ക് കൊണ്ടുചെന്നെത്തിക്കും.

യൂ എസ് എയിഡ് ഡെപ്യൂട്ടി ചീഫ് മിഷൻ അനുപാ സാഹിബ ഇപ്രകാരം പറയുന്നു: 'ഞാൻ വളരെയെടുത്താണ് പദവിയേറ്റെടുത്തത്. നാസിർ ഹോസ്പിറ്റലിന്റെ ഉൽഘാടനത്തിൽ പങ്കെടുത്തതിൽ അതിരറ്റ സന്തോഷമുണ്ട്. ഞങ്ങളുടെ ടീം നാസിർ ഹോസ്പിറ്റൽ നോക്കി കണ്ടു. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ഒരു സംഘം അമേരിക്കൻ എമ്പസിയും സന്ദർശിച്ചിരുന്നു.

ഒരു സംഘാംഗം പറയുന്നു: നാസിർ ഹോസ്പിറ്റൽ ഹ്യൂമാനിറ്റി ഫസ്റ്റ് ടീം ഒരു ത്രിവർഷ സഹായാപേക്ഷ തയ്യാറാക്കിയിരിക്കുന്നു. ഇതുമുഖേന ടെലി മെഡ്സിന്റെ അടിസ്ഥാന രൂപം തയ്യാറാക്കാൻ സാധിക്കുന്നതാണ്. വിദ്യാഭ്യാസ വിഭാഗങ്ങളോടൊപ്പം ചേർന്ന് പ്രവർത്തിക്കാൻ സാധിക്കുന്നതാണ്. യൂ എസ് എയിഡിനോടൊപ്പം ചേർന്നുകൊണ്ട് ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതാണ്.

അമേരിക്കൻ സംഘത്തിന്റെ കൂടിക്കാഴ്ചക്കിടയിൽ ബ്രിട്ടീഷ് എമ്പസിയുടെ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ ബാർബറാ അമോണോ ഒസെന്ജും സന്നിഹിതയായിരുന്നു. ഹുദൂറിന്റെ അന്വേഷണത്തിന് മറുപടി എന്നവണ്ണം അവർ പറഞ്ഞു: 'ഒരു മാസമായി ഇവിടെ ഈ സ്ഥാനത്ത് നിയമിതയാണ്. അവർ നാസിർ ഹോസ്പിറ്റലിന്റെ ഉൽഘാടനത്തിലും ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ആരോഗ്യ വിഭാഗത്തിലും ഇതര പ്രൊജക്ടുകളിലും സന്തോഷം പ്രകടിപ്പിക്കുകയും പ്രശംസിക്കുകയും ചെയ്തു. ഹുദൂറുമായുള്ള അമേരിക്കൻ സംഘത്തിന്റെ കൂടിക്കാഴ്ച 3.50 വരെ നീണ്ടു നിന്നു. സംഘാംഗങ്ങൾ ഓരോരുത്തരായി ഹുദൂറിനോടൊപ്പം ഫോട്ടോയും എടുത്തു.

പിന്നീട് ഹുദൂർ ഹോസ്പിറ്റലിന്റെ കാമ്പൗണ്ടിലെത്തി. അവിടെ ഹുദൂർ ഹ്യുമാനിറ്റി ഫസ്റ്റിന്റെ പതാക ഉയർത്തി. ഗ്വാട്ടിമാലയുടെ ഡെപ്യൂട്ടി ഹെൽത്ത് മിനിസ്റ്റർ ഓണറബിൾ മാരിയോ ഫിഗേറുഅ(Mario Figueroa) ഗ്വാട്ടിമാലയുടെ പതാക ഉയർത്തി. തുടർന്ന് ഹുദൂർ ദുആക്ക് നേതൃത്വം നല്കി. ഹോസ്പിറ്റലിന്റെ പുറം ഭിത്തിയിൽ സ്ഥാപിച്ച ഫലകവും അദ്ദേഹം അനാച്ഛാദനം ചെയ്തു.

ഗ്വാട്ടിമാലയിലെ നാസിർ ഹോസ്പിറ്റലിന്റെ സ്ഥാപനത്തെ കുറിച്ചുള്ള ചുരുങ്ങിയ ചരിത്രം ഇപ്രകാരമാണ്. 2012-ൽ അമേരിക്കയിൽ നടന്ന ജൽസാ സാലാനയിൽ ആറംഗങ്ങളുള്ള ഗ്വാട്ടിമാല സംഘം പങ്കെടുത്തു. ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കിടെ ഡേവിഡ് കോൺസാലസ് സാഹിബ് ഗ്വാട്ടിമാലയിൽ ഒരു ഹോസ്പിറ്റൽ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ഹുദൂറിന്റെ മുമ്പിൽ സൂചിപ്പിച്ചു. അപ്പോൾ ഹുദൂർ ഈ പദ്ധതി നടപ്പിലാക്കാൻ എത്ര രൂപ ചെലവ് വരുമെന്ന് അന്വേഷിച്ചു. ഒരു മില്യൺ ഡോളർ നിർമാണം ആരംഭിക്കുമ്പോൾ ചെലവ് വരുമെന്ന് അറിയിച്ചു. ഹുദൂർ അതിന് സമ്മതം നല്കുകയും ഇൻശാ അല്ലാഹ് അതിന്റെ ഏർപാട് ചെയ്യുന്നതാണെന്ന് അറിയിക്കുകയും ചെയ്തു.

2013-ലെ യൂ കെ ജൽസയിൽ, അഹ്മദിയ്യാ ജമാഅത്ത് ഗ്വാട്ടിമാലയിൽ നിന്നുള്ള സംഘം പങ്കെടുത്തു.അതിൽ ഒരു പാർലമെന്റ് അംഗമായ മിസ്റ്റർ സെർജിയോ സെൽസും (Mr.Sergio Cells) എത്തിയിരുന്നു. ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ചക്കിടെ ഹോസ്പിറ്റൽ പ്രൊജക്റ്റിനെ സംബന്ധിച്ചും സൂചിപ്പിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: സർക്കാർ സ്ഥലം നല്കാൻ തയ്യാറാണെങ്കിൽ ഞങ്ങൾ ഹോസ്പിറ്റൽ നിർമിക്കാം.

ജൽസാ സാലാനയിൽ പങ്കെടുത്ത് മടങ്ങിപോയതിന്നു ശേഷം എം.പി. തന്റെ പ്രദേശത്തുള്ള അലോട്ടൻ നൻഗോ കസബയിൽ മുനിസിപ്പാലിറ്റി പൂർണമാക്കാതെ വിട്ടുകളഞ്ഞിരുന്ന കെട്ടിടം ഹോസ്പിറ്റലിനു വേണ്ടി പ്രത്യേകപ്പെടുത്താനുള്ള ശ്രമം ആരംഭിച്ചു. ഈ കെട്ടിടത്തെ ഹോസ്പിറ്റലാക്കി മാറ്റുന്നതിന് മുനിസിപ്പാലിറ്റിയും അവരുടെ സംതൃപ്തി അറിയിച്ചു. എന്നാൽ ചില കാരണങ്ങളാൽ ആ സ്ഥലത്ത് ഹോസ്പിറ്റൽ പണിയാൻ സാധിച്ചില്ല. സ്വന്തമായി സ്ഥലം വാങ്ങി ബിൽഡിംഗ് സ്ഥാപിക്കാൻ തീരുമാനിച്ചു.

ഹോസ്പിറ്റൽ പ്രൊജക്റ്റ് നിർമാണം ത്വരിതപ്പെടുത്താൻ ഹ്യുമാനിറ്റി ഫസ്റ്റ് അമേരിക്കയുടെ പ്രതിനിധി സംഘം വിവിധ അവസരങ്ങളിൽ ഗ്വാട്ടിമാല സന്ദർശിച്ചു കൊണ്ടിരുന്നു. ഹ്യുമാനിറ്റി ഫസ്റ്റ് അമേരിക്കയുടെ ചെയർമാൻ മുൻയിം നയീം സാഹിബ്, ഡോക്ടർ വസീം സയ്യിദ് സാഹിബ്, ഡോക്ടർ ഖുറയ്ശി മഹ്മൂദ് അഹ്മദ് സാഹിബ് ഡോക്ടർ ഖാലിദ് അത്വാ സാഹിബ്, ഡോക്ടർ അമീൻ ബുഖാരി സാഹിബ്, ഡോക്ടർ ഇംതിയാസ് ചൗദരി സാഹിബ്, ഡോക്ടർ ചൗദരി അശ്റഫ് മേലു സാഹിബ്, ഡോക്ടർ അഹ്സൻ ഖാൻ സാഹിബ്, ഡോക്ടർ ആഗാ ഖാൻ സാഹിബ്, മറ്റ് ചില ഡോക്ടർമാരും ഈ സംഘത്തിൽ ഉണ്ടായിരുന്നു.

ഹോസ്പിറ്റലിന് യുക്തമായ സ്ഥലം കണ്ടെത്താൻ അഹ്മദിയ്യാ ജമാഅത്ത് ഗ്വാട്ടിമാലയുടെ ജനറൽ സെക്രട്ടറി ഡേവിഡ് ഗോൺസാലസ് സാഹിബ് വളരെ പരിശ്രമിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസ്ജിദ് ബയ്ത്തുൽ അവ്വലിൽ നിന്ന് 17 കിലോമീറ്റർ അകലെ യുക്തമായ സ്ഥലം വാങ്ങി. ഹോസ്പിറ്റലിന്റെ നിർമാണ പ്രവൃത്തിയുടെ ഉത്തരവാദിത്വം ക്യാപ്റ്റൻ മാജിദ് ഖാൻ സാഹിബിനായിരുന്നു. വിവിധ ആർക്കിടെക്ടുമാരുമായും നിർമാണ കമ്പനിയുമായും ബന്ധപ്പെട്ടു. ഒരു പ്രസിദ്ധ ആർക്കിടെക്റ്റ് മിസ്റ്റർ അർമാൻഡോ മെൻഡോസ (Armando Mendoza)യുടെ സേവനവും ലഭിച്ചിരുന്നു.

## ഗ്വാട്ടിമാല നാസിർ ഹോസ്പിറ്റലിന്റെ തറക്കല്ലിടൽ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമന്റെ പ്രതിനിധി കനഡ ഇൻചാർജ് മിഷണറി മൗലാന മുബാറക്ക് അഹ്മദ് നദീർ സാഹിബ് 2016 ജൂൺ 4-ന് നടന്ന ഒരു ശ്രേഷ്ഠമായ പരിപാടിയിൽ ദുആയോടൊപ്പം നാസിർ ഹോസ്പിറ്റലിന് തറക്കല്ലിട്ടു. ഈ അവസരത്തിൽ വൈസ് മിനിസ്റ്റർ ഓഫ് ഹെൽത്ത് മിസ്റ്റർ റൊഡോൾഫൊ(Mr.Rodalfo) ഹ്യൂമാനിറ്റി ഫസ്റ്റിന്റെ സേവനങ്ങളെ പ്രശംസിക്കുകയും നാസിർ ഹോസ്പിറ്റലിന്റെ പദ്ധതി ഈ പ്രദേശത്തിലെ ജനങ്ങൾക്ക് ലഭിച്ച മഹത്തായ അനുഗ്രഹമെന്ന് വിശേഷിപ്പിക്കുകയും ചെയ്തു.

ശേഷം സ്റ്റേറ്റ് ഗവർണർ പാർലമെന്റ് മെമ്പർ, ഡയറക്ടർ ഹെൽത്ത്, മൂന്ന് മേയർ സാഹിബുമാർ എന്നിവർ പ്രസംഗിച്ചു. അവർ ഹ്യുമാനിറ്റി ഫസ്റ്റിന്റെ സേവനങ്ങളെ പ്രകീർത്തിക്കുകയും ചെയ്തു. ആരോഗ്യ മന്ത്രിയും പാർലമെന്റ്

മെമ്പറും മറ്റ് ആദരണീയരും ഓരോ കല്ല് തറക്കല്ലായി വെക്കുകയും ചെയ്തു.

### നാസിർ ഹോസ്പിറ്റലിന്റെ സംക്ഷിപ്ത വിവരങ്ങൾ

2015 ഒക്ടോബർ 27-ന് നാസിർ ഹോസ്പിറ്റലിനു സ്ഥലം വാങ്ങി. 8788 ചതുരശ്ര അടിയാണ് ഭൂമിയുടെ വിസ്തീർണം. മസ്ജിദ് ബയ്ത്തുൽ അവ്വലിൽ നിന്ന് 17 കിലോമീറ്റർ ദൂരത്താണ് ഈ മസ്ജിദ് സ്ഥിതി ചെയ്യുന്നത്. മസ്ജിദ് നിർമാണവുമായി ബന്ധപ്പെട്ട് 2016 ഏപ്രിൽ 19-ന് ഗ്വാട്ടിമാലയിലെ ഒരു നിർമാണ കമ്പനിയുമായി കരാറൊപ്പിട്ടു. ഇതിന്റെ നിർമാണത്തിന് 2.8 മില്യൺ ഡോളർ ചെലവായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ഹോസ്പിറ്റലിന് രണ്ടു Wingsുണ്ട്. ഇതിന്റെ കീഴിലാണ് വിവിധ വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. Out Patient Wing നു കീഴിൽ ഗൈനക്കോളജി, റേഡിയോളജി, ഇന്റേർണൽ മെഡിസിൻ, പീഡിയാട്രിക്സ്, ഒപ്താൾമോളജി വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. മെഡിക്കൽ ഡയഗ്‌ണോസിസ് സെന്റർ കൂടാതെ ഒരു പൂർണ ക്ലിനിക്കൽ ലബോറട്ടറിയും സ്ഥിതി ചെയ്യുന്നു. അതിനോടൊപ്പം ബ്ളഡ് ബാങ്കുമുണ്ട്.

പ്രോക്ടോളജി, ഇമ്മ്യൂണോളജി, സെറോളജി, ഹൈമറ്റോളജി, യൂറിൻ ടെസ്റ്റ് സൗകര്യങ്ങളുണ്ട്. എക്സ്റേ, അൾട്രാ സൗണ്ട് വിഭാഗങ്ങളുടെ പ്രത്യേകവിഭാഗമുണ്ട്. ഇലക്ട്രോ കാർഡിയോ ഗ്രാമിന്റെ സൗകര്യവും ഏർപ്പെടുത്തിയിരിക്കുന്നു.

ഇൻപേഷ്യന്റ് വിംഗിന്നു കീഴിൽ ഒരു എമർജൻസി വിഭാഗവുമുണ്ട്. മാറ്റേർണിറ്റിയുടെ പ്രത്യേക വിഭാഗവുമുണ്ട്. ഇവിടെ പോസ്റ്റ് മോർട്ടം, ഇന്റൻസീവ് കെയർ, നിയോനട്ടൽ(Neonatal) സൗകര്യങ്ങൾ എന്നിവ സംവിധാനം ചെയ്തിരിക്കുന്നു. സർജറിയുടെ പ്രത്യേക വിഭാഗത്തെ കൂടാതെ ഇന്റൻസീവ് കെയർ യൂണിറ്റുമുണ്ട്.

മൊത്തത്തിൽ ഈ ഹോസ്പിറ്റലിന് 24 റൂമും മൂന്ന് വെയ്റ്റിംഗ് ഹാളും ഒരു ഓപ്പൺ എയർ ഓഡിറ്റോറിയവുമുണ്ട്. നാല് ഗാർഡനുകളും ക്ലീനിക് സെന്ററും, ഒരു കിണറുമുണ്ട്. 40 ബേരലിന്റെ ഒരു വെള്ളത്തിന്റെ ടാങ്കും സ്ഥാപിതമാണ്. സീവേജ് പ്ലാന്റ്, മെഡിക്കൽഗ്യാസ് ക്വാർട്ടർ, ഒരു വൈദ്യുത പ്ലാന്റും ട്രാൻഫോർമറുമുണ്ട്.

ഫലകം അനാച്ഛാദനം ചെയ്യുന്ന ചടങ്ങിനു ശേഷം ഹുദൂർ, നാസിർ ഹോസ്പിറ്റൽ ചുറ്റിക്കണ്ടു വിലയിരുത്തി. ആദ്യമായി സ്വീകരണ ഏരിയായിൽപോയ ഹുദൂർ ശേഷം ഡെന്റൽ ഡിപ്പാർട്ട്മെന്റ് സന്ദർശിച്ചു. ഇവിടേയും പുതിയ യൂണിറ്റ് സ്ഥാപിതമാണ്. ശേഷം അൾട്രാസൗണ്ട്, എക്സ്റേ, ലബോറട്ടറി ഏരിയ സന്ദർശിച്ചു; തുടർന്ന് ഫാർമസിയും.

എമർജൻസി ഐ സി യൂ സന്ദർശിച്ചതിനുശേഷം ലേബർ റൂമും ലേബർ വാർഡും സന്ദർശിച്ചു. എല്ലാ സൗകര്യങ്ങളും വിലയിരുത്തി. ഓപ്പറേഷൻ തിയേറ്ററും ഓപ്പറേറ്റിംഗ് റൂമും കണ്ടു വിലയിരുത്തി. ഇവിടെയെല്ലാം നവീന മെഷീനറികളും സൗകര്യങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു.

ജനറൽ വാർഡും സൗകര്യങ്ങളും വിലയിരുത്തിയതിനുശേഷം ഹോസ്പിറ്റൽ കിച്ചൺ, ഓഫീസുകൾ, അഡ്മിനിസ്ട്രേഷൻ ഓഫീസ് ബ്ലോക്കുകളും നോക്കി വിലയിരുത്തി.

ശേഷം ഹ്യുമാനിറ്റി ഫസ്റ്റിന്റെ ഡയറക്ടേഴ്സുമൊത്ത് ഹുദൂർ ഗ്രൂപ്പ് ഫോട്ടോ എടുത്തു. തുടർന്ന് ഡോക്ടർമാരും ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു. ശേഷം പ്രോഗ്രാമനുസരിച്ച് ഹോസ്പിറ്റൽ ഉൽഘാടന വേദിയിലേക്ക് ഹുദൂർ നീങ്ങി. 4.10-ന് ഡോക്ടർ ഖാലിദ് മിൻഹാസ് സാഹിബിന്റെ തിലാവത്തുൽ ഖുർആനോടുകൂടി പരിപാടി ആരംഭിച്ചു. അതിന്റെ സ്പാനിഷ് തർജുമ യൂസുഫ് റന്ധു മൊറൈൽസ് സാഹിബ് (Yossef Randhu Morales)സമർപിച്ചു. നാനാ ഭാഗങ്ങളിൽ ഹ്യുമാനിറ്റി ഫസ്റ്റ് നിർവ്വഹിച്ചു വരുന്ന സേവനങ്ങൾ, പ്രോഗ്രാമുകൾ എന്നിവയെപ്പറ്റി സൂചിപ്പിച്ചു. ഹ്യുമാനിറ്റി ഫസ്റ്റിന്റെ സ്ഥാപക ചരിത്രവും സൂചിപ്പിച്ചു. ഒടുവിൽ ഗ്വാട്ടിമാല നാസിർ ഹോസ്പിറ്റലിന്റെ സ്ഥാപനം, ഘട്ടംഘട്ടമായുള്ള അതിന്റെ നിർമാണം, അതിന്നുവേണ്ടിയുള്ള ചെലവുകളിൽ സഹായിച്ചവരുടെ സാമ്പത്തിക ത്യാഗങ്ങൾ, അംഗങ്ങളുടെ ശ്രമങ്ങൾ എന്നിവയെ കുറിച്ചും പറഞ്ഞു.

ശേഷം സ്റ്റേജ് സെക്രട്ടറി ആദരണീയ ഫഹീളുർറഹ്മാൻ സാഹിബ് വേദിയിൽ ഉപവിഷ്ഠരായവരെ പരിചയപ്പെടുത്തി. കൂടാതെ സദസ്സിലുള്ള ചില പ്രധാനപ്പെട്ട അതിഥികളേയും പരിചയപ്പെടുത്തി.ശേഷം കോൺഗ്രസിൽ നിന്നുള്ള നോർമ ടോറസ് സാഹിബ ഓഫ് അമേരിക്കയും വൈസ് മിനിസ്റ്റർ ഓഫ് ഹെൽത്ത് ഓഫ് ഗ്വാട്ടിമാലയും സദസ്സിനെ അഭിമുഖീകരിച്ചു സംസാരിച്ചു. നാസിർ ഹോസ്പിറ്റലിന്റെ ഉൽഘാടനത്തിന് അമേരിക്കയിലെ കാലിഫോർണിയായിൽ നിന്ന് പ്രത്യേകം വന്നതാണ് നോർമ ടോറസ്. തന്റെ പ്രസംഗത്തിൽ അവർ പറയുന്നു: നാസിർ ഹോസ്പിറ്റലിന്റെ ഉൽഘാടനത്തിന് നിങ്ങളെല്ലാവരും ഒരുമിച്ചു കൂടിയ ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻ സാധിച്ചു എന്നത് എനിക്ക് ലഭിച്ച ആദരവാണ്. വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ഹോസ്പിറ്റലാണിത്. ഗ്വാട്ടിമാല അഹ്മദിയ്യാ ജമാഅത്തുമായി ചേർന്ന് പ്രവർത്തിക്കാൻ സാധിച്ചതിൽ എനിക്ക് അഭിമാനമുണ്ട്. ആദ്യമായി ഞാൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസിന് നന്ദി അറിയിക്കാൻ ആഗ്രഹിക്കുന്നു. താങ്കൾ ഇവിടെ വന്നു. താങ്കളുടെ നേതൃത്വവും ഇവിടുത്തെ പൊതു ജനതയെ സേവിക്കാനുള്ള മനസ്കതയും നമ്മെ വളരെ ആകർഷിക്കുകയുണ്ടായി. ഗ്വാട്ടിമാലയുടെ മെഡിക്കൽ സൗകര്യങ്ങളെ പ്രബലപ്പെടുത്തുന്ന വഴിയിൽ വളരെ ചാലഞ്ചുകൾ നേരിടുന്നുണ്ട്. ഉദാഹരണമായി ഇവിടെ കൊലപാതകങ്ങളിലൂടെയുള്ള മരണത്തേക്കാൾ കൂടുതലായി ഡയബെറ്റിസ് വഴി വ്യക്തികൾ മരിക്കുന്നു. കൂടാതെ ഗർഭിണികളായ സ്ത്രീകളുടെ മരണത്തിന്റെ തോത് അമേരിക്കയേക്കാൾ വളരെ കൂടുതലാണ്. ഈ തോത് ഗ്രാമീണ മേഖലയിൽ ഇതിലും കൂടുതലാണ്. അവിടെ മെഡിക്കൽ സൗകര്യങ്ങളില്ല എന്ന് തന്നെ പറയാം. ഗ്വാട്ടിമാലയിൽ സാമൂഹിക പുരോഗതി ഉണ്ടാകാത്തതിന്റെ പ്രധാന കാരണം ഇതാണെന്ന് പറയാം. അതുകൊണ്ട് ഈ രംഗത്ത് വളരെ ആവശ്യകതകൾ നിലനില്ക്കുന്നു.

അതുകൊണ്ട് ഈ ഹോസ്പിറ്റലിന്റെ സ്ഥാപനം പുരോഗതിയിലേക്കുള്ള ആദ്യ കാൽവയ്പാണ്. ഹ്യൂമാനിറ്റി ഫസ്റ്റിനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനും ഇക്കാര്യത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുന്നതു പോലെ മറ്റാർക്കും ചെയ്യാൻ കഴിയില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി ചിനോയിലെ അഹ്മദിയ്യാ ജമാഅത്തു വഴി ഞാൻ ജമാഅത്തിനെപ്പറ്റി മനസ്സിലാക്കിയിരുന്നു. അഹ്മദി നമ്മുടെ സമൂഹത്തിലെ ഊർജസ്വലരായ അംഗങ്ങളാണ്. സേവനപ്രവർത്തനങ്ങളിൽ വളരെ മുൻപന്തിയിലാണ്. സഹായിക്കുന്നതിൽ മാതൃകയാണ്. നാം ഇവിടെ ഗ്വാട്ടിമാലയിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സേവനങ്ങളിൽ വളരെ ആകൃഷ്ടരാണ്. അഹ്മദി ഡോക്ടർമാരുടെ ടീമുകൾ ഇവിടെ കണ്ണുകളുടെ സൗജന്യ ഓപ്പറേഷൻ നടത്തുന്നതിനു വരാറുണ്ട്. ഇവിടെ ആശുപത്രികൾ കുറവാണെന്ന് അവർക്കറിയാം. അങ്ങനെ അവർ വെറുതേയിരിക്കുന്നില്ല. ഇപ്പോൾ ആശുപത്രിതന്നെ സ്ഥാപിച്ചിരിക്കുന്നു. ഇതിന്നുവേണ്ടി വളരെ അധ്വാനവും ശ്രമങ്ങളും പ്ലാനിംഗും സൗകര്യങ്ങളും ഒരുക്കേണ്ട ആവശ്യമുണ്ടായിരുന്നു. ഇന്നിതാ നാം അതിന്റെ ഉൽഘാടനത്തിനു ഒരുമിച്ചു കൂടിയിരിക്കുന്നു. ഞാൻ ഹുദൂറിനെ ഹൃദയാന്തരത്തിൽനിന്ന് നന്ദി അറിയിക്കാനാഗ്രഹിക്കുന്നു. ഹ്യൂമാനിറ്റി ഫസ്റ്റിനും അഹ്മദിയ്യാ ജമാഅത്തിനും നന്ദി അറിയിക്കുന്നു. അവർ ഹുദൂറിന്ന് ഓർമകൾ നിലനിർത്തുന്ന ഒരു ഷീൽഡും നല്കുകയുണ്ടായി.

ഇതിനുശേഷം ഗ്വാട്ടിമാല വൈസ് മിനിസ്റ്റർ ഓഫ് ഹെൽത്ത് സ്പാനിഷ് ഭാഷയിൽ സദസ്സിനെ അഭിമുഖീകരിച്ചു. അദ്ദേഹം പറയുന്നു: 'ഈ പരിപാടിയിൽ പങ്കെടുത്തതിൽ വളരെ സന്തോഷമുണ്ട്. ഞാൻ ഹുദൂറിനും ഹ്യൂമാനിറ്റി ഫസ്റ്റിനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനും നന്ദി പറയുന്നു. യൂ എസ് ഏ യിൽനിന്നുള്ള ഡോക്ടർമാർ വളരെയധികം സഹായിച്ചു. അവർക്കും വളരെയധികം നന്ദി പറയുന്നു. നിങ്ങൾ ലോകത്തിന്റെ ഈ ഭാഗത്തുവന്ന് ഹോസ്പിറ്റൽ സ്ഥാപിച്ചു. ആവശ്യക്കാരായ സമുദായങ്ങൾക്ക് സഹായമെത്തിക്കാൻ മുന്നോട്ടു വന്നു. എനിക്ക് നിങ്ങളോട് നന്ദിയുണ്ട്.'

ശേഷം 4.50-ന് ഹുദൂർ സദസ്സിനെ അഭിമുഖീകരിച്ചു: 'അതിന്റെ തർജുമ ഇവിടെ ചേർക്കുന്നു:

### ഹുദൂറിന്റെ പ്രഭാഷണം.

തശഹ്ഹുദും തഅവ്വുദും തസ്മിയയും ഓതിയതിനുശേഷം ഹുദൂർ പറഞ്ഞു: 'നിങ്ങളെല്ലാവരുടേയുംമേൽ അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും ഇറങ്ങട്ടെ. ഞാനാദ്യമായി ഗ്വാട്ടിമാലയിലെ ഈ പരിപാടിയിൽ പങ്കെടുക്കാനെത്തിയ ആദരണീയ അതിഥികൾക്ക് നന്ദി പറയുന്നു. ഇന്ന് നിസ്സംശയം അഹ്മദിയ്യാ ജമാഅത്തിന് വളരെയേറെ സന്തോഷത്തിന്റേയും സംതൃപ്തിയുടേയും അവസരമാണ്. കാരണം ഹ്യൂമാനിറ്റി ഫസ്റ്റ് മധ്യ അമേരിക്കയിൽ അഥവാ തെക്കേ അമേരിക്കയിൽ സ്ഥാപിക്കുന്ന ആദ്യ ഹോസ്പിറ്റലാണിത്. അതുകൊണ്ട് ഇതിനെ നമ്മൾ സുപ്രധാനവും ചരിത്രപരവുമായി മനസ്സിലാക്കുന്നു. ഹ്യൂമാനിറ്റി ഫസ്റ്റ് ഒരു സ്വതന്ത്ര സഹായ സംഘടനയാണെങ്കിലും അതിന്ന് അതിന്റേതായ പ്രഖ്യാപനവും പ്രവർത്തന രീതിയുമുണ്ട്. എന്നാൽ യഥാർഥത്തിൽ അതിന് അടിത്തറയിട്ടത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണ്. ലോകത്താകമാനം അഹ്മദികൾ സാമ്പത്തിക ത്യാഗങ്ങൾ മുഖേനയും മറ്റ് മാർഗങ്ങളിലൂടെയും ഹ്യൂമാനിറ്റി ഫസ്റ്റിനെ സഹായിക്കുന്നു. ഇപ്രകാരം ഹ്യൂമാനിറ്റി ഫസ്റ്റിന്റെ മാനുഷിക സേവനത്തിന്റെ നിലവാരം ഉയർത്താൻ കഴിഞ്ഞു. ഹ്യൂമാനിറ്റി ഫസ്റ്റിന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തുമായി അഭേദ്യമായ ബന്ധമുണ്ട്. അതുകൊണ്ട് ഇന്ന് ഇതു കേവലം ഹ്യൂമാനിറ്റി ഫസ്റ്റിന് മാത്രമല്ല സന്തോഷ ദിവസം, മുഴു ലോകത്തും നിവസിക്കുന്ന അഹ്മദി മുസ്‌ലിമീങ്ങൾക്കും സന്തോഷാവസരമാണ്.'

**ഹുദൂർ പറയുന്നു:** ഞങ്ങൾ ഈ ഹോസ്പിറ്റൽ എന്തിനാണ് നിർമിച്ചതെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും. ഇതിന്റെ മറുപടി വളരെ എളുപ്പമാണ്. ഈ ഹോസ്പിറ്റൽ തികച്ചും ഒരേ ഒരു നിശ്ചയത്തോടെയാണ് നിർമിച്ചിട്ടുള്ളത്. ഇത് മാനവസേവനത്തിനുള്ളതാണ്. ഈ രാജ്യത്ത് നിവസിക്കുന്നവർക്ക് ഉന്നത നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുക എന്നതാണ്

ഇതിന്റെ അടിസ്ഥാന ഉദ്ദേശ്യം. തുടക്കത്തിലേ ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നത് ഈ രാജ്യത്തിന് നല്കിയ സേവനത്തിന്റെ അവസാനത്തേതല്ല ഈ സ്ഥാപനം. മറിച്ച് എന്റെ ദുആ ഈ പ്രദേശത്ത് കൂടുതൽ മാനവ സേവനങ്ങൾ നടത്തുന്നതിനുള്ള പ്രോഗ്രാമുകൾക്ക് വേണ്ടി ഈ സ്ഥാപനം ഒരു നാഴികക്കല്ലാകട്ടെ എന്നാണ്. എനിക്ക് ദൃഢ ബോധ്യമുണ്ട്. എന്റെ പ്രാർഥന ഇവിടുത്തെ ഈ ഹോസ്പിറ്റലിന്റെ സ്ഥാപനം ഒരു ലോഞ്ച് പാഡായി(Launch Pad) തീരട്ടെയെന്നാണ്. ഹ്യൂമാനിറ്റി ഫസ്റ്റിന് ഇവിടേയും പുറം ലോകത്തും റിലീഫ് ജോലികളും മറ്റു സഹായക പരിപാടികളും വർധിപ്പിക്കുന്നതിന് ഇത് സഹായമായിത്തീരട്ടെ.'

'ഒരു പക്ഷേ ചില അതിഥികൾ അത്ഭുതപ്പെടുന്നുണ്ടാകും. അല്ലെങ്കിൽ അവർക്ക് അസ്വസ്ഥത തോന്നുന്നുണ്ടാകും ഒരു മുസ്‌ലിം ജമാഅത്ത് അമുസ്‌ലിമീങ്ങളെ സഹായിക്കാൻ ഇത്രയധികം താൽപര്യമെടുക്കുന്നതും ആവേശം കാണിക്കുന്നതും എന്തിനാണെന്ന് ഓർത്ത്. അതിന്നുള്ള മറുപടി ഇതാണ്: അഹ്മദിയ്യാ ജമാഅത്ത് അതിന്റെ ആരംഭം മുതൽ ഇന്നു വരെ മനുഷ്യ സമൂഹത്തിന് സേവനങ്ങൾ അർപ്പിക്കുന്നതിൽ എന്നും ഒന്നാം നിരയിലാണ്. നമ്മുടെ ജമാഅത്ത് നടപ്പിലാക്കിയ പദ്ധതികൾ വഴിയായാലും ശരി, അല്ലെങ്കിൽ ഹ്യൂമാനിറ്റി ഫസ്റ്റ് പോലെയുള്ള ആതുര സംഘടനകൾ മുഖേനയായാലും ശരി! ഉദാഹരണത്തിന്, കഴിഞ്ഞ ചില ദശകങ്ങളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആഫ്രിക്കയിൽ വളരെയധികം ഹോസ്പിറ്റലുകളും സ്കൂളുകളും സ്ഥാപിച്ചിരിക്കുന്നു. അവ മുഖേന വർണ വർഗ മത സമൂഹ വ്യത്യാസമില്ലാതെ പ്രാദേശിക ജനതയ്ക്ക് മെഡിക്കൽ സൗകര്യങ്ങൾ ലഭ്യമാക്കുകയും ഉന്നത വിദ്യാഭ്യാസത്തിന്റെ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു വരുന്നു.

ആഫ്രിക്കയിൽ നമ്മുടെ ആശുപത്രികളിൽ വരുന്ന രോഗികളും നമ്മുടെ സ്കൂളുകളിൽ വരുന്ന വിദ്യാർഥികളും അവരിൽ അധികപേരും അമുസ്‌ലിമീങ്ങളാണ്. അല്ല നമ്മുടെ സ്കൂളുകളിൽ പഠിക്കുന്ന 90 ശതമാനം വിദ്യാർഥികളും അമുസ്‌ലിമീങ്ങളാണ്. നമ്മൾ ഒരു വിഭാഗത്തോടും സമുദായത്തോടും വിഭാഗീയത കാണിക്കാറില്ല. നമ്മുടെ അഹ്മദി കുട്ടികൾക്ക് ഒരു പ്രത്യേക പരിഗണന കൊടുക്കാറുമില്ല. നമ്മുടെ സ്ഥാപനങ്ങൾ പ്രൈമറി സ്കൂൾ മുതൽ ഹയർ സെക്കന്ററി എജ്യൂക്കേഷൻ തലംവരെ വിദ്യാഭ്യാസം നല്കി വരുന്നു. എല്ലാ കുട്ടികളും വിദ്യ നേടട്ടെ എന്നതാണ് നമ്മുടെ ശ്രദ്ധ. അവരുടെ വിദ്യാഭ്യാസപരമായ അടിസ്ഥാനം വളരെ ഉറച്ചതായിരിക്കണം. അതിന്മേൽ അവർക്ക് സ്വന്തം പ്രശോഭിതമായ ഭാവിയുടെ കെട്ടിടം പണിയേണ്ടതുണ്ട്. പിന്നീട് ഉപരിപഠനത്തിന്റെ ചെലവുകൾ വഹിക്കാൻ സാധിക്കാത്ത അത്തരം സമർഥരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പും നല്കാറുണ്ട്. ഇപ്രകാരം അവർക്ക് അവരുടെ കഴിവുകളെ നല്ല നിലയിലാക്കാൻ കഴിയും. അവർക്കും അവരുടെ സമൂഹത്തിനും നല്ലൊരു ഭാവി ഉണ്ടാക്കാൻ കഴിയണം. ഇതുപോലെ അഹ്മദിയ്യാ ജമാഅത്ത് സ്വന്തമായോ അല്ലെങ്കിൽ ഹ്യൂമാനിറ്റി ഫസ്റ്റ് മുഖേനയോ മാനവസേവ ചെയ്യാനും പട്ടിണിയിലുള്ള വ്യക്തികൾക്ക് സൗകര്യങ്ങളൊരുക്കി കൊടുക്കാനും അവരെ സഹായിക്കാനും സാധിക്കുന്നു. ഇതൊരു നീണ്ട ചരിത്രമാണ്.

'ഈ സേവനങ്ങൾക്ക് പകരമായി ഞങ്ങൾ ഒരുവിധ സ്തുതിവാക്കുകളോ ഉപഹാരമോ ആവശ്യപ്പെടുന്നില്ല. കാരണം ഞങ്ങളുടെ മതം അതിന്റെ അധ്യാപനം നല്കുന്നതു കൊണ്ടാണ് ഞങ്ങൾ അത് ചെയ്യുന്നത്. ഞങ്ങളുടെയുള്ളിൽ മറ്റുള്ളവർക്ക് സേവനം ചെയ്യാനുള്ള ചേതോവികാരം ഇസ്‌ലാമികാധ്യാപനങ്ങൾ മാത്രമാണ്. എല്ലാ ഓരോ സത്യവാനായ മുസ്‌ലിമിനു വേണ്ടിയും വിശുദ്ധ ഖുർആൻ നേർമാർഗത്തിന്റെ പ്രകാശമാണ്. അത് ഇസ്‌ലാമിന്റെ സ്ഥാപകരായ മുഹമ്മദ് നബിക്ക് (സ)നല്കപ്പെട്ട ദൈവത്തിൽ നിന്നുള്ള വെളിപാടാണ്. വിശുദ്ധ ഖുർആനിൽ മനുഷ്യ സമുദായത്തിന് സേവനം ചെയ്യാനും പ്രയാസങ്ങളാൽ വലഞ്ഞിട്ടുള്ള, നിഷേധിക്കപ്പെട്ട ജനതകളെ സഹായിക്കാനും മുസ്‌ലിമീങ്ങൾക്ക് അധ്യാപനം നല്കപ്പെട്ടിരിക്കുന്നു. സ്വാർഥത വെടിഞ്ഞുകൊണ്ട് ഇതരരെ സഹായിക്കാനുള്ള മാനസികവികാരം ഉണ്ടാക്കണമെന്ന് വിശുദ്ധ ഖുർആൻ മുസ്‌ലിമീങ്ങളോട് ആവശ്യപ്പെടുന്നു. മറ്റുള്ളവരെ സംരക്ഷിക്കുന്നതിനും അവരുടെ വിജയത്തിനും വേണ്ടി ഏത് സമയത്തും തയ്യാറായിരിക്കണമെന്ന് അത് ഞങ്ങളോട് ആവശ്യപ്പെടുന്നു. ഉദാഹരണമായി, വിശുദ്ധ ഖുർആനിലെ ആലുഇംറാൻ എന്ന അധ്യായത്തിലെ 111-ാമത്തെ ആയത്തിൽ ദൈവം പറയുന്നത്, 'സത്യസന്ധരായ മുസ്‌ലിമീങ്ങൾ നല്ല കാര്യങ്ങൾ ചെയ്യാൻ കല്പിക്കുകയും തെറ്റായതും അനീതിപരമായിട്ടുള്ളതുമായ കാര്യങ്ങളിൽ നിന്ന് വിട്ടു നില്ക്കുകയും മറ്റുള്ളവരേയും നന്മക്ക് പ്രേരിപ്പിക്കുന്നവരാക്കുകയും ചെയ്യു'മെന്നാണ്. മനുഷ്യസമുദായത്തോടുള്ള സത്യസന്ധമായ അനുകമ്പയും ദൈവസൃഷ്ടികളോടു വേദനയുമുള്ള ഒരു വ്യക്തിക്ക് മാത്രമേ മറ്റുള്ളവരെ കുറിച്ചുള്ള ചിന്തയുണ്ടാകുകയുള്ളൂ. നിങ്ങളുടെ ഹൃദയം പരിശുദ്ധമാകുകയും സ്വാർഥതയിൽനിന്നും വെറുപ്പിൽനിന്നും പരിശുദ്ധമാകുകയും ചെയ്യുമ്പോൾ മാത്രമേ മനുഷ്യകുലത്തോടുള്ള ഉന്നത നിലവാരത്തിലുള്ള സ്നേഹം പ്രാപ്തമാകുകയുള്ളൂ.

'ഏതു സമയത്തും നന്മയെകുറിച്ച് പറയണമെന്നും മറ്റുള്ളവരുടെ വികാരത്തെകുറിച്ച് ചിന്തയുണ്ടാകണമെന്നും അനാഥകളേയും പാവപ്പെട്ടവരേയും പോലുള്ള സമൂഹത്തിലെ ദുർബല വിഭാഗത്തെ സംരക്ഷിക്കണമെന്നും സഹായിക്കണമെന്നും വിശുദ്ധ ഖുർആനിലെ രണ്ടാം അധ്യായത്തിലെ 84-ാം വചനത്തിലൂടെ അല്ലാഹു കല്പിക്കുന്നു.'

'കൂടാതെ ആദ്ദാരിയാത്ത് എന്ന അധ്യായത്തിലെ 20-ാം വചനത്തിൽ അല്ലാഹു പറയുന്നത് ഒരു സത്യസന്ധനായ മുസ്‌ലിമിന്റെ പ്രത്യേകത, അവൻ ദൈവത്തിന്റെ എല്ലാ സൃഷ്ടികളേയും കുറിച്ച് ചിന്തിക്കുന്നു എന്നതാണ്. ആവശ്യക്കാർക്ക് സൗകര്യങ്ങളൊരുക്കാനും അവരെ സഹായിക്കാനും ശ്രമിക്കുന്നു; അവർ സഹായം ചോദിച്ചാലും ഇല്ലെങ്കിലും! ആരെങ്കിലും തന്നെ സഹായിക്കാൻ ആവശ്യപ്പെടുന്നതുവരെ ഒരു മുസ്‌ലിം കാത്തിരിക്കാൻ പാടില്ല. മറിച്ച് ബുദ്ധിമുട്ടുകൾ നീങ്ങിപ്പോകാൻ വേണ്ടി മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കുകയും അവരെ സഹായിക്കാൻ എല്ലാ വിധ ത്യാഗത്തിനും തയ്യാറായിരിക്കുകയും വേണം.

'ബലദ്' എന്ന വിശുദ്ധ ഖുർആനിന്റെ അധ്യായത്തിന്റെ 15 മുതൽ 17 വരെയുള്ള വചനങ്ങളിൽ പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണം നല്കാനും അനാഥരോട് അനുകമ്പയോടെ പെരുമാറാനും ആവശ്യക്കാരായ പ്രത്യേകിച്ചും ദുർബലരേയും കഴിവില്ലാത്തവരേയും സഹായിക്കാനും മുസ്‌ലിമീങ്ങളോട് കൽപിക്കുന്നു. സമൂഹത്തിലെ അവഗണിക്കപ്പെട്ടവരോടൊപ്പം നിലകൊള്ളാനും സ്വയം അവരുടെ ഭാരം വഹിക്കണമെന്നും മുസ്‌ലിമീങ്ങൾ കല്പ്പിക്കപ്പെട്ടിരിക്കുന്നു. നിഷേധിക്കപ്പെട്ടവരെ സഹായിച്ചുകൊണ്ട് അവരെ സ്വന്തം കാലിൽ നിറുത്താൻ ഉതകുന്ന വിധത്തിലും ബുദ്ധിമുട്ടുന്നവരെ ആ അവസ്ഥയിൽനിന്ന് പുറത്തെടുത്ത് അഭിമാനത്തോടെയുള്ള ജീവിതം നയിക്കാൻ സാധിക്കുന്നതിനുംവേണ്ടി അവരെസഹായിക്കാൻകൽപിക്കപ്പെട്ടിരിക്കുന്നു. ഇതിന് പകരമായി ഇത്തരം വ്യക്തികൾക്ക് ആത്മീയ പുരോഗതി ലഭ്യമാകുമെന്നും ദൈവത്തിന്റെ സമീപ്യം കരസ്ഥമാകുമെന്നും ദൈവത്തിന്റെ തൃപ്തി ലഭിക്കുമെന്നും വിശുദ്ധ ഖുർആൻ മുസ്‌ലിമീങ്ങൾക്ക് സുവാർത്ത നല്കുന്നു.

'ഏതെങ്കിലും വ്യക്തി സ്വയംതന്നെ അപമാനത്തിൽനിന്നും നാശത്തിൽനിന്നും രക്ഷപ്പെടുത്താൻ ആഗ്രഹിക്കുന്നെങ്കിൽ അയാൾ പ്രതിഫലേച്ഛയൊന്നും കൂടാതെ ആ വ്യക്തിയോട് അനുകമ്പയോടും ഔദാര്യത്തോടുംകൂടി പെരുമാറണമെന്ന് രണ്ടാംഅധ്യായത്തിലെ 196-ാം വചനത്തിൽ അല്ലാഹു പറയുന്നു. നിസാഅ് എന്ന അധ്യായത്തിന്റെ 37-ാം വചനത്തിൽ അല്ലാഹു പറയുന്നത്, തങ്ങളുടെ അയൽവാസികളോട് നല്ല രൂപത്തിൽ മുസ്‌ലിമീങ്ങൾ പെരുമാറണമെന്നാണ്. ആവശ്യക്കാരേയും അനാഥരേയും പാവപ്പെട്ടവരേയും സഹായിക്കുന്നവരാണ് യഥാർഥ മുസ്‌ലിമീങ്ങൾ. ഇതരരോട് സൽപെരുമാറ്റം ചെയ്യാനും തങ്ങളുടെ കീഴിലുള്ളവരോട് സ്നേഹാനുകമ്പയോടെ പെരുമാറാനും മുസ്‌ലിമീങ്ങളോട് വിശുദ്ധ ഖുർആൻ കൽപിക്കുന്നു. ഉദാഹരണമായി, ഏതെങ്കിലും മുസ്‌ലിമിന്റെ കീഴിൽ ആരെങ്കിലുമുണ്ടെങ്കിൽ അവരോട് അനുകമ്പയോടും വിശാലഹൃദയത്തോടുംകൂടി പെരുമാറേണ്ടതാണ്.

'മുഹമ്മദ് എന്ന അധ്യായത്തിലെ 39-ാം വചനത്തിൽ അല്ലാഹു പറയുന്നത് മുസ്‌ലിമീങ്ങൾ തങ്ങളുടെ ധനത്തെ ഇതരരെ സഹായിക്കാൻ വേണ്ടി ചെലവഴിക്കണമെന്നാണ്. അങ്ങനെ ചെയ്യാത്തവരെ പിശുക്കർ എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ഇത്തരം പിശുക്കന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല എന്നും അത്തരം മനുഷ്യാത്മാക്കൾ ഇരുട്ട് നിറഞ്ഞതാകുമെന്നും പറയുന്നു.

'മുസ്‌ലിമീങ്ങൾ ദൈവസ്നേഹം നേടാൻ ആഗ്രഹിക്കുന്നെങ്കിൽ ആദ്യം അവർ തീർച്ചയായും ദൈവത്തിന്റെ സൃഷ്ടികളെ സഹായിക്കേണ്ടി വരുമെന്ന് ഞാൻ നിങ്ങളുടെ മുമ്പിൽ സമർപിച്ച വചനങ്ങൾ വിശദമാക്കുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാനം മാനവസേവയാണെന്ന് ഈ ആയത്തുകൾ വ്യക്തമാക്കുന്നുണ്ട്.

വിശുദ്ധ ഖുർആനിന്റെ തെളിവുകൾ നിങ്ങളുടെ മുമ്പിൽ സമർപിച്ചതിന്റെ ലക്ഷ്യം ഇസ്‌ലാമിനെ കുറിച്ച് പൊതു ജനങ്ങളുടെ മുമ്പിൽ മീഡിയ സമർപിച്ചിരിക്കുന്നതല്ല ഇസ്‌ലാമെന്ന് അറിയിക്കാനാണ്. ഇത് ഭീകരവാദത്തിന്റേയോ കലാപത്തിന്റേയോ മതമല്ല. മറിച്ച് ഇത് സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും മതമാണ്. മാനവസേവ അതിന്റെ അനുയായികൾക്ക് അടിസ്ഥാനപരമായി നിർബന്ധമാണെന്ന് സ്ഥാപിച്ചിരിക്കുന്ന മതമാണിത്. ഒരു യഥാർഥ മുസ്‌ലിം കഠിന ഹൃദയനാകുകയും മറുഭാഗത്ത് കഷ്ടപ്പാടുകളാൽ വലയം ചെയ്തിരിക്കുന്ന ജനങ്ങളെ സഹായിക്കുകയും ചെയ്യുക എന്നത് എങ്ങനെയാണ് സാധ്യമാകുക.

ഇസ്‌ലാമിക സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ്(സ)ന്റെ മാനവസേവയെ കുറിച്ചുള്ള ചില ഉദാഹരണങ്ങൾ വിശുദ്ധ ഖുർആനിലെ വചനങ്ങളുടെ വെളിച്ചത്തിൽ സമർപിക്കുകയാണ്.

തുടരും

(പേജ് 2ൽനിന്ന്)

മൂസാ(അ) തന്നെ ആക്രമിക്കാൻ വരികയാണെന്നാണ്. അതിനാൽ അത്ഭുതപ്പെട്ടു പറഞ്ഞു: ഇന്നലെ നീ ഒരു മനുഷ്യനെ ഇടിച്ചതുപോലെ എന്നെ ഇടിക്കാൻ വിചാരിക്കുകയാണോ? തന്റെ വാക്കുകൾ അയാൾ തെറ്റു ധരിച്ചിരിക്കുകയാണെന്ന് മൂസാ(അ)ക്ക് മനസ്സിലായി. അങ്ങനെ അദ്ദേഹത്തിനും ഫറോവമാർക്കുമിടയിൽ സംഘർഷം തുടങ്ങി. അദ്ദേഹം ഈജിപ്ത് വിട്ടു മറ്റൊരു രാജ്യത്തേക്കു പോയി. അവിടെ അദ്ദേഹം ഏകദേശം പത്തുവർഷം താമസിച്ചു. പിന്നെ സർവ്വശക്തനായ അല്ലാഹുവിന്റെ കല്പന പ്രകാരം ഈജിപ്തിലേക്കു തിരിച്ചുവന്നു. അദ്ദേഹത്തിന്റെ മടക്കയാത്രയിൽ ഫിർഔനു മാർഗനിർദ്ദേശം നല്കാൻ നിയുക്തനായി. മൂസാ(അ) ഈജിപ്തിൽനിന്നു ഓടിപ്പോകുമ്പോൾ ഈജിപ്ത് ഭരിച്ചിരുന്ന ഫിർഔൻ ആയിരുന്നില്ല ഇപ്പോൾ ഉള്ളത്. വാസ്തവത്തിൽ റെമെസ്ട്രസിനുശേഷം അദ്ദേഹത്തിന്റെ മകൻ മെർനെപ്തയാണ് അദ്ദേഹത്തെ പിന്തുടർന്നു ഭരിച്ചിരുന്നത്. അതിനാൽ മൂസാ(അ) ദൈവിക സന്ദേശം അദ്ദേഹത്തിന് നല്കി. ദൈവത്തിന്റെ നിർദേശപ്രകാരം അദ്ദേഹത്തോട് വളരെ മാന്യമായനിലയിൽ സംസാരിച്ചു. താൻ ദൂതനായി തന്റെ നാഥനാൽ നിയമിക്കപ്പെട്ടിരിക്കുകയാണെന്നും അതിനാൽ ഇസ്രായീല്യരെ തന്റെ കൂടെ അയക്കണമെന്നും മൂസാ(അ)അപേക്ഷിച്ചു.

ഈ മുഴുവൻ വിവരവും വിശുദ്ധഖുർആനിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു:

“നിങ്ങൾ രണ്ടുപേരും ഫിർഔന്റെ അടുക്കലേക്കു പോവുക. എന്തെന്നാൽ അവൻ അതിക്രമിയായിരിക്കുകയാണ്. എന്നിട്ട് നിങ്ങൾ രണ്ടുപേരും അവനോടു സൗമ്യമായ വാക്കുപറയുക. അവൻ ഉപദേശം സ്വീകരിക്കുകയോ അല്ലെങ്കിൽ ഭയപ്പെടുകയോ ചെയ്തേക്കാം. അവർ രണ്ടുപേരും പറഞ്ഞു: ‘ഞങ്ങളുടെ നാഥാ! അവൻ (ഫിർഔൻ) ഞങ്ങളുടെമേൽ അമിതത്തം പ്രവർത്തിക്കുകയോ അല്ലെങ്കിൽ അതിക്രമിക്കുകയോ ചെയ്തേക്കുമെന്നു ഞങ്ങൾ ഭയപ്പെടുന്നു.’ അവൻ (അല്ലാഹു) പറഞ്ഞു: ‘നിങ്ങൾ രണ്ടുപേരും ഭയപ്പെടേണ്ട. തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. ഞാൻ (പ്രാർഥനകൾ) കേൾക്കുന്നു. (സ്ഥിതിഗതികൾ) കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ രണ്ടുപേരും അവന്റെയടുക്കൽ ചെന്നുപറയുക. തീർച്ചയായും ഞങ്ങൾ രണ്ടുപേരും നിന്റെ നാഥന്റെ ദൂതരാകുന്നു. അതിനാൽ ഇസ്രായീൽ സന്തതികളെ ഞങ്ങളുടെ കൂടെ അയക്കുക. നീ അവരെ ദണ്ഡിപ്പിക്കരുത്. നിശ്ചയമായും ഞങ്ങളിരുവരും നിന്റെ നാഥന്റെ പക്കൽനിന്നുള്ള ഒരു ദൃഷ്ടാന്തവും കൊണ്ടു വന്നിരിക്കുകയാണ്. (ഞങ്ങൾ കൊണ്ടുവരുന്ന) സന്മാർഗം പിൻപറ്റുന്നവനു രക്ഷയുണ്ടാകുന്നതാണ്. സത്യമായും (ദൈവികദൃഷ്ടാന്തങ്ങളെ) നിരാകരിക്കുകയും പിന്തിരിഞ്ഞുകളയുകയും ചെയ്യുന്നവന്റെ മേലാണ് ശിക്ഷ(ഇറങ്ങുക) എന്നു ഞങ്ങൾക്ക് ദിവ്യസന്ദേശം നല്കപ്പെട്ടിരിക്കുന്നു. (ഫിർഔൻ അവർ പറഞ്ഞതിനു ഒരു പ്രാധാന്യവും നൽകാതെ അവരോടു തർക്കിക്കാൻ തുടങ്ങി. ഫിർഔൻ പറഞ്ഞു: അല്ലയോ മൂസാ! (അയാൾ ഹാറൂനെ(അ) അഭിസംബോധനപോലും ചെയ്തില്ല. നഊദുബില്ലാഹ്, അദ്ദേഹം ഹാറൂനെ അങ്ങേയറ്റം താണവനായാണ് പരിഗണിച്ചത്. എന്നിരിക്കിലും മൂസാ(അ) രാജകൊട്ടാരത്തിൽ താമസിക്കുകയും അയാളുടെ സ്വന്തം സഹോദരനെപ്പോലെ വളർത്തപ്പെടുകയുമുണ്ടായി. അദ്ദേഹത്തെ മാത്രമാണ് അയാൾ സംബോധന ചെയ്തത്). മൂസാ(അ) പറഞ്ഞു: ‘എല്ലാ വസ്തുവിനും അതാതിന്റെ (ആവശ്യമനുസരിച്ച്) അവയവങ്ങൾ നല്കുകയും പിന്നീട് (ഈ അവയവങ്ങൾ പ്രാവർത്തീകരിക്കുന്നതിനുള്ള) മാർഗം കാണിക്കുകയും ചെയ്തവനത്രെ ഞങ്ങളുടെ നാഥൻ.”

ഈ വാദത്തിനുശേഷം അവർ ഈ സംവാദം ഊർജസ്വലതയോടുകൂടി തുടർന്നു. പക്ഷേ, ഫിർഔൻ തീരെ ശ്രദ്ധകൊടുത്തില്ല. അയാൾ തന്റെ ഞെരുക്കം തീവ്രമാക്കുകയാണ് ചെയ്തത്. ഇസ്രായീല്യരെ പീഡിപ്പിക്കുകയും ചെയ്തു. ഫിർഔൻ തന്റെ പീഡനം അങ്ങേയറ്റത്തെത്തിച്ചു. ഒടുവിൽ ഇസ്രായീല്യർ നിലവിളിച്ചു പറഞ്ഞു: അല്ലയോ മൂസാ!(അ) താങ്കൾ വന്നതു മുതൽ ദുരിതം വളരെ കൂടുതലായിരിക്കുന്നു. അവരുടെ അവസ്ഥ അങ്ങേയറ്റം ദാരുണമായപ്പോൾ സർവ്വശക്തനായ അല്ലാഹു മൂസാ(അ)യോടു ഉടൻ ഈജിപ്ത് വിട്ടുപോകാൻ ആജ്ഞാപിച്ചു. അതിനെത്തുടർന്നു ഒരു രാത്രിയിൽ അവർ ഈജിപ്ത് വിട്ടു. സിറിയയുടെ ഭാഗത്തേക്കു നീങ്ങി. ആ ഭൂമി വളരെ ഉണങ്ങിയതായിരുന്നു. അവിടെയാണ് സൂയസ്കനാൽ നിർമിക്കപ്പെട്ടത്. അവരിൽനിന്ന് വളരെ ദൂരെയായിരുന്നു അത്. അതിനാൽ അവർ വേഗം തീരത്തുകൂടി യാത്ര ചെയ്തു. ഈ സമയത്തിനിടയിൽ ഫറോവമെർനെപ്ത അവരുടെ രക്ഷപ്പെടലിനെക്കുറിച്ചറിഞ്ഞു. അവരെ അന്വേഷിച്ചു പുറപ്പെട്ടു. കടലിന്റെ തീരത്തുവെച്ച് അവരെ കണ്ടു. ഇസ്രായീല്യർ അങ്ങേയറ്റം ഉൽക്കണ്ഠാകുലരായി. എന്നിരിക്കിലും സർവ്വശക്തനായ അല്ലാഹുവിന്റെ ആജ്ഞ ലഭിക്കയാൽ മൂസാ(അ) തന്റെ അനുയായികളോട് കടലിലേക്ക് കടക്കുവാൻ നിർദേശിച്ചു. അവർ പ്രവേശിച്ച ഉടനെ കടൽ വിഭജിക്കപ്പെട്ടു. ഇസ്രായീല്യർ ഒരു വിഷമവും കൂടാതെ കടൽകടന്നുപോയി. ഇതുകണ്ടുകൊണ്ട് ഫിർഔനും സൈന്യങ്ങളും ധൈര്യമവലംബിച്ചു കടലിലേക്ക് ചാടി. എന്നിരിക്കിലും, അവർക്ക് ജീവനോടെ പുറത്തുവരാൻ സാധിച്ചില്ല. ഒരു കൂറ്റൻ തിരമാല അവരെ വിഴുങ്ങുകയും തുടച്ചുനീക്കുകയും ചെയ്തു. ആ നിമിഷം ഫിർഔൻ പ്രഖ്യാപിച്ചതായി വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു: ‘ബനൂഇസ്രായീല്യർ വിശ്വസിച്ചിട്ടുള്ള ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ അനുസരണയുള്ളവരിൽപെട്ടവനുമാകുന്നു.’ (10:91)

പക്ഷേ, അതു പശ്ചാത്തപിക്കാനുള്ള സമയമായിരുന്നില്ല. പശ്ചാത്താപം തേടാൻ അദ്ദേഹത്തിന് നിരവധി അവസരങ്ങൾ നല്കപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ, അയാൾ ആ അവസരങ്ങൾ വിലമതിച്ചില്ല. അതിനുപകരം അയാൾ തിന്മകളുടെ വഴിയിൽ മുന്നേറുകയായിരുന്നു. അവസാനം ദൈവകോപം അയാളിൽ ഇറങ്ങാൻ തുടങ്ങിയപ്പോൾ അയാൾ മരണത്തിന്റെ വക്കിലായിരുന്നു. മുങ്ങിമരിക്കാൻ പോവുകയായിരുന്നു. അത് പശ്ചാത്താപത്തിന്റെ സമയമായിരുന്നില്ല. അതുകൊണ്ട് സർവ്വശക്തനായ ദൈവം പ്രസ്താവിച്ചു:

‘എന്ത് ഇപ്പോഴോ! ഇതിന് മുമ്പേ നീ അനുസരണംകെട്ടവനായിരുന്നു. അക്രമം പ്രവർത്തിക്കുന്നവനുമായിരുന്നു. അതുകൊണ്ട് ഈ ദിവസം നാം നിന്റെ ശരീരത്തെ മാത്രം രക്ഷിക്കും. അങ്ങനെ നീ നിനക്കുശേഷം വരുന്നവർക്ക് ഒരു ദൃഷ്ടാന്തമാവാൻ വേണ്ടി. തീർച്ചയായും മനുഷ്യരിൽ അധികംപേരും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ അശ്രദ്ധരാണ്.’ (10:92,93)

ഈ സൂക്തത്തിൽനിന്ന് വ്യക്തമാകുന്നത് ഫിർഔന്റെ മൃതശരീരം പരിപൂർണമായും നശിച്ചുപോകുന്നതിൽനിന്ന് രക്ഷിക്കപ്പെട്ടുവെന്നും അയാളുടെ സൈന്യം അയളുടെ ശരീരം എടുത്തുമറവു ചെയ്യുകയും ചെയ്തു എന്നുമാണ്. വിശുദ്ധഖുർആനിലൊഴികെ വേറൊരിടത്തും രേഖപ്പെടുത്തപ്പെടാത്ത ഒരവകാശവാദമാണിത്. തൗറാത്തിലോ ബൈബിളിലോ പ്രവാചകന്മാരുടെ മറ്റേതെങ്കിലും ഗ്രന്ഥത്തിലോ ഇതുകാണില്ല. ഒരു വ്യക്തിയുടെ ശരീരം കടലിൽനിന്നെടുത്ത് ഇന്നേക്ക് 3000 വർഷമായി എന്നു തെളിയിക്കുക തികച്ചും അസാധ്യാമായ കാര്യമാണ്. എന്നിരിക്കിലും സർവ്വശക്തനായ ദൈവം പ്രഖ്യാപിച്ച ഒരു കാര്യത്തിന്റെ സത്യതയിൽ സംശയമുണ്ടാവാൻ സാധ്യമല്ല. അപ്രകാരം സർവ്വശക്തനായ ദൈവം പണ്ഡിതോചിതമായ ഓരോ വിഷയത്തിലും മഹത്തായ പുരോഗതി കൈവരിച്ചിട്ടുള്ള ഒരു കാലഘട്ടത്തിൽ അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ട്. പുരാവസ്തുരംഗത്ത് നിരവധിപേർ അതീവ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. അവരിൽ ചിലർ ഈജിപ്തോളജി- പുരാതന ഈജിപ്തിലെ നാഗരികതയെ കുറിച്ചുള്ള പഠനം-യിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. 1898-ൽ മിസ്റ്റർ ലോററ്റ് (അദ്ദേഹം ഈജിപ്തോളജിസ്റ്റായിരുന്നു) ഫറോവമാരുടെ മൃതദേഹങ്ങൾ സൂക്ഷിച്ചിരുന്നു. അവയിൽനിന്ന് ഒരു ശവപ്പെട്ടി കണ്ടുപിടിച്ചു. ആ ശവപ്പെട്ടിയിലുള്ള ശരീരം ഒരു രാജാവിന്റേതായിരുന്നു. അതിന്മേലുള്ള ലിഖിതങ്ങൾ വായിച്ചപ്പോൾ അത് മൊന്യാതോനൗ (അമനോടെപ്നാലാമൻ)യുടേതാണെന്ന് മനസ്സിലായി. എന്നിരിക്കിലും ചിത്രലിപി മിക്കവാറും ദുർഗ്രഹമായതിനാൽ മിസ്റ്റർ ലോററ്റ് സംഗതി മിസ്റ്റർ ഗ്രേ്രാനിന്റെ മുമ്പാകെ ഹാജരാക്കി. അദ്ദേഹം അത് ബാ.എൻ.റെ എന്നു വായിച്ചു. അഭിപ്രായവ്യത്യാസം ഒത്തുതീർപാക്കാൻ അവർ ഹീറോയെ വിളിച്ചു. അദ്ദേഹത്തോടൊപ്പം നിരവധി പണ്ഡിതന്മാരുമുണ്ടായിരുന്നു. അതിന്മേലുള്ള ചിഹ്നങ്ങൾ വായിച്ചശേഷം ഉടനെ അവർ പറഞ്ഞത് ഇത് ബാ-എൻ-റെആയിരുന്നുവെന്നാണ്. അയാൾ മൂസാ(അ)യുടെ കാലത്തുള്ള ഫിർഔൻ ആയിരുന്നുവെന്നാണ്. കൂടുതൽ പര്യവേഷണം നടത്തിയപ്പോൾ, അവർ ശവപ്പെട്ടി തുറന്നപ്പോൾ മെർനെപ്ത എന്ന പേര് കണ്ടെത്തി. അതും അതിൽ ഉല്ലേഖനം ചെയ്തിട്ടുണ്ടായിരുന്നു. അത് ഫിർഔന്റെ മറ്റൊരു പേരായിരുന്നു. അദ്ദേഹം മൂസാ(അ)യുടെ കാലത്തെ ഭരണകർത്താവായിരുന്നു.

അപ്രകാരം ഓരോരുത്തർക്കും ഇതു മൂസാ(അ)യുടെ കാലത്തെ ഫിർഔൻ ആയിരുന്നുവെന്ന് പൂർണമായും ബോധ്യപ്പെട്ടു. ആ ശരീരം ഉടനെ ഈജിപ്തിന്റെ തലസ്ഥാനമായ കയ്


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**‘അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.’**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

റോയിലേക്ക് കടത്തിക്കൊണ്ടുപോയി. അത് ഈജിപ്ഷ്യൻ മ്യൂസിയത്തിലെ രാജകീയ മമ്മികളുടെ മുറിയിൽവെച്ചു. അതിൽ മറ്റു ഫിർഔൻമാരുടെയും അവരുടെ രാജ്ഞിമാരുടെയും ശരീരങ്ങൾ ഉണ്ടായിരുന്നു. ഈ കണ്ടുപിടിത്തം നടത്തിയശേഷം യഥാർഥത്തിൽ ഈ രംഗത്തുള്ള പുരാവസ്തുഗവേഷകന്മാർ എത്രമാത്രം ആഹ്ലാദഭരിതരായിട്ടുണ്ടാവുമെന്ന് ഒരാൾക്ക് സങ്കല്പിക്കാൻ സാധിക്കും. ഇത് മുസ്‌ലിമീങ്ങൾക്കും വളരെയധികം ആനന്ദത്തിന്റെ കവാടങ്ങൾ തുറന്നു. സർവ്വശക്തനായ ദൈവം 1300 വർഷങ്ങൾക്കുമുമ്പേ വിശുദ്ധഖുർആനിൽ വെളിപ്പെടുത്തിയ കാര്യം സത്യമായി പുലരുകയാണ്. കാരണം ഞാൻ മുമ്പേ പ്രസ്താവിച്ചപ്രകാരം വിശുദ്ധഖുർആൻ കൂടാതെ മറ്റൊരു ഗ്രന്ഥവും ഫിർഔന്റെ ശരീരം സംരക്ഷിക്കപ്പെട്ടതായി പ്രസ്താവിക്കുന്നില്ല. ഈ ശരീരത്തിന്റെ കണ്ടുപിടിത്തം ഇസ്‌ലാമിന്റെ സത്യതയുടെ വ്യക്തമായ സാക്ഷ്യമായി നിലകൊള്ളുന്നു. 3000 വർഷം പഴക്കമുള്ള ഒരു മൃതശരീരം ഭാവിയിൽ ഒരാൾക്ക് മാർഗദർശനത്തിന്റെ വഴിയായിത്തീരും എന്നവകാശപ്പെടുക എന്നത് യഥാർഥത്തിൽ ഒരു സാധാരണ കാര്യമല്ല.

ഫിർഔന്റെ ശരീരം അപങ്കിലമായി സംരക്ഷിക്കപ്പെട്ടിട്ടുള്ളത് അത് എംബാം ചെയ്തതുകൊണ്ടാണ്. അതുകൊണ്ടയാളുടെ മുഖം വ്യക്തമായി തിരിച്ചറിയാൻ പറ്റും. മറ്റു നിരവധി അടയാളങ്ങൾ അവ ചരിത്രപരമായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണ്. ഈ പ്രത്യേക ഫിർഔനുമായി ബന്ധപ്പെട്ടതാണ്. അവ ഈ ശരീരവുമായി യോജിക്കുന്നുണ്ട്. അയാളുടെ പ്രതിച്ഛായ ചില പത്രങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നിരിക്കിലും അത് നമുക്കിപ്പോൾ ലഭ്യമല്ലാത്തതിനാൽ ഇവിടെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, അത് നേടി പ്രസിദ്ധീകരിക്കാൻ സാധിച്ചിരുന്നെങ്കിൽ അത് നമുക്കൊരു ആനന്ദത്തിന്റെ സ്രോതസ്സാവുമായിരുന്നു. അതുമുഖേന ജനങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്താൻ കഴിയുമായിരുന്നു, കടലിൽ 3000 വർഷം മുമ്പേ നശിച്ചുപോയ അയാളെ സംബന്ധിച്ചാണ് വിശുദ്ധഖുർആൻ പ്രഖ്യാപിച്ചത്. അയാളുടെ ശരീരം സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും അത് സുരക്ഷിതമാണെന്നും അത് ഭാവിയിൽ കണ്ടുപിടിക്കപ്പെടുമെന്നും. അത് മറ്റുള്ളവർക്ക് വലിയ താക്കീതിന്റെ അടയാളമായിത്തീരുമെന്നും!

അപ്രകാരം ഈ പ്രവചനത്തിൽ മുൻകൂട്ടി 5 വശങ്ങളുണ്ട്.

1. ഫിർഔന്റെ ശരീരം കടലിൽ ഒഴുകിപ്പോയിട്ടില്ല. യഥാർഥത്തിൽ അത് കടലിൽനിന്ന് വെളിപ്പെട്ടത് പൂർണമായും മാറ്റമില്ലാതെയാണ്. അങ്ങനെയുള്ള ഭൂരിപക്ഷം കേസ്സുകളിലും ശരീരം ജന്തുക്കൾ തിന്നുന്നു. അല്ലെങ്കിൽ കടലിൽ ഒഴുകിപ്പോകും. എന്നിരിക്കിലും, സർവ്വശക്തനായ ദൈവം വെളിപ്പെടുത്തിയിട്ടുള്ളത് മാറ്റമില്ലാതെ അത് തീരത്തടിഞ്ഞു എന്നാണ്.

2. ഇതിൽനിന്ന് തീർച്ചപെടുത്താവുന്ന രണ്ടാമത്തെ പോയന്റ് ശരീരം എംബാം ചെയ്തിരുന്നുവെന്നതാണ്. മെർനെപ്തായുടെ പിതാവായ റാമെസീന്റെ ശരീരം എംബാം ചെയ്യാത്തതിനാൽ മെർനെപ്തായുടെ ശരീരവും എംബാം ചെയ്യാതിരിക്കാനുള്ള സാധ്യതയുണ്ട്. അതിന്റെ കാരണം അദ്ദേഹത്തിന്റെ തൊലി കുഷ്ഠരോഗം കാരണത്താൽ വളരെയധികം അഴുകിപ്പോയിരുന്നുവെന്നതാണ്. ഓരോ ഫിർഔന്റെയും ശരീരം എംബാം ചെയ്യണമെന്നത് അത്യാവശ്യമായിരുന്നില്ല. അതുകൊണ്ട് താഴെ പറയുന്ന സൂക്തത്തിന്റെ വെളിച്ചത്തിൽ വളരെ വ്യക്തമായ കാര്യം അയാളുടെ ശരീരം എംബാം ചെയ്തിട്ടുണ്ടെന്നാണ്. കാരണം എംബാം ചെയ്തിട്ടില്ലായിരുന്നെങ്കിൽ അയാളുടെ മൃതശരീരം ശിഥിലമാക്കപ്പെടുകയും ഒരിക്കലും ലഭിക്കുകയും ചെയ്യുമായിരുന്നില്ല.

*ലി തക്കൂന ലിമൻ ഖൽഫക്ക ആയത്തൻ* (10:93) നിന്റെ പിറകെയുള്ളവർക്ക് നീയൊരു ദൃഷ്ടാന്തമായിരിക്കാൻ.

3. ഈ കാലംവരെ അയാളുടെ ശരീരം കേടുകൂടാതെ സംരക്ഷിക്കപ്പെടുമായിരുന്നു. എംബാം ചെയ്തിട്ടും അവയിൽ മറ്റുള്ളവ എല്ലാംതന്നെ സംരക്ഷിക്കപ്പെട്ടിട്ടില്ല. നൂറായിരം ശരീരങ്ങൾ ഉണ്ടായിരുന്നു. അവ എംബാം ചെയ്യപ്പെട്ടവയായിരുന്നു. എന്നിട്ടും അവയെല്ലാം പൂർണമായും നശിച്ചുപോയി. ഇതിനുള്ള കാരണങ്ങളിൽ ഒന്ന്, ഈജിപ്തിൽ ചില കാലങ്ങളിൽ അവർ എംബാം ചെയ്ത ശരീരത്തിൽനിന്ന് ചെറിയ കഷണങ്ങൾ എടുത്തു കത്തിക്കും. അത് മെഴുകുതിരി കത്തിക്കുന്നതിനുപകരമായിരുന്നു. ഇതിന്റെ കാരണമെന്തെന്നാൽ ഈ കഷണങ്ങൾ തിളക്കത്തോടെ കത്തും; കർപ്പൂരംകൊണ്ടുണ്ടാക്കുന്ന മെഴുകുതിരിപോലെ. അതേപ്രകാരം നിരവധി മറ്റു ഘടകങ്ങളും ഉണ്ടായിരുന്നു. അതു കാരണത്താൽ അവർ നശിച്ചവരായിത്തീരുന്നതാണ്. അങ്ങനെ ഈ സൂക്തത്തിൽനിന്നു തെളിയിക്കപ്പെട്ടിരിക്കുന്ന ഫിർഔന്റെ ശരീരം എല്ലാവിധത്തിലുള്ള ഉപദ്രവകരമായ ഘടകങ്ങളിൽനിന്ന് സുരക്ഷിതമായിരിക്കുമെന്ന്. അവസാനം പിന്നീട് വരുന്നവരിലേക്ക് അതെത്തും.

4. ഈ സൂക്തം ഇതുകൂടി തെളിയിക്കുന്നു. ശരീരം സംരക്ഷിക്കപ്പെടുക മാത്രമല്ല ഒടുവിൽ അത് കണ്ടുപിടിക്കപ്പെടും. അത് ഒരു ഗുഹയിലോ വലിയ പൊത്തിലോ മറയ്ക്കപ്പെട്ടിരുന്നുവെങ്കിൽ അതിനാർക്കെങ്കിലും എന്തു പ്രയോജനം ചെയ്യാൻ സാധിക്കും?

5. ശരീരം കണ്ടുപിടിക്കപ്പെട്ടതിനു പുറമേ, അതു തിരിച്ചറിയപ്പെടുമാറാകണം, കാരണം അതൊരു ദൃഷ്ടന്തമായിത്തീരണമെങ്കിൽ അത് അയാളുടെ (മെർനെപ്തയുടേത്) തന്നെയാവണം. ഉദാഹരണമായി അതു കണ്ടുപിടിക്കപ്പെടുകയും എന്നാൽ, തിരിച്ചറിയപ്പെടുകയും ചെയ്തില്ലെങ്കിൽ പ്രവചനത്തിന്റെ പൂർത്തീകരണത്തിൽ ഒരു ന്യൂനതയുണ്ടാവും. അപ്രകാരം ഈയൊരറ്റ സൂക്തത്തിൽ 5 ദൃഷ്ടാന്തങ്ങൾ അടങ്ങിയിരിക്കുന്നു. അതു വിശുദ്ധഖുർആന്റെ സത്യത തെളിയിക്കുന്നു. അത് വിശ്വാസികളുടെ വിശ്വാസം ബലപ്പെടുത്തുന്ന മാർഗമായിത്തീരുകയും ചെയ്യുന്നു.

ഈ ശരീരം എന്നെ വിസ്മയഭരിതനാക്കുന്നു. അത് ജീവിക്കുമ്പോൾ ആയിരക്കണക്കിന് ആളുകളെ വഴിതെറ്റിച്ചു. ഒരിക്കൽ ആത്മാവ് വിട്ടുപിരിഞ്ഞപ്പോൾ ഭൂമിയിൽ ആയിരക്കണക്കിന് വർഷങ്ങൾ നിലനിന്നു. അതിലെന്തുതരത്തിലുള്ള രാസപ്രവർത്തനമാണ് നടന്നത്? അത് ഇന്ന് നൂറായിരം ആളുകൾക്ക് വിശ്വാസം ബലപ്പെടുത്താനുള്ള മാർഗമായിരിക്കുന്നു.

എന്നിരിക്കിലും കൂടുതൽ വിസ്മയകരമായിരിക്കുന്നത്, ഇത് മൂസാ(അ)യുടെ കാലത്തെ ഫിർഔന്റെ ശരീരമാണെന്നു അവകാശപ്പെടുന്നത് മുസ്‌ലിമീങ്ങളല്ല എന്നുള്ളതാണ്. അങ്ങെനെയായിരുന്നില്ലെങ്കിൽ ഖുർആനിക സൂക്തം തെളിയിക്കാൻ അവർ വ്യാജമായ അവകാശമുന്നയിക്കുകയാണെന്ന വിമർശനവും നേരിടേണ്ടിവരുമായിരുന്നു. യഥാർഥത്തിൽ ക്രിസ്തീയ ചരിത്രകാരന്മാരാണ് സ്വയം ഈ ശരീരം മെർനപ്തബാ. എൻ.റെ എന്ന മൂസാ (അ)യുടെ കാലത്ത ഫിർഔന്റേതാണെന്ന് ശക്തമായി അവകാശപ്പെട്ടത്.

ഇത് യഥാർഥത്തിൽ മെനെർപ്തയുടേത് ആയിരുന്നുവെന്നതിനുള്ള തെളിവ് എന്തെന്നാൽ ഒന്നാമതായി അത് അലങ്കരിച്ച തുണിയിന്മേൽ ഇത് മെർനെപ്തയുടെ ശരീരമാണെന്ന് എഴുതിയിരിക്കുന്നു. യഥാർഥത്തിൽ അവരതിന്റെ ചിത്രവും എടുക്കുകയും നിരവധി ഇംഗ്ലീഷ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇൻശാഅല്ലാഹ്, നാമും ഈ പ്രതിച്ഛായയെക്കുറിച്ച് ഗവേഷണം നടത്തും. അതുമുഖേന മൂസാ(അ)യുടെ കാലത്തെ ഫിർഔന്റെ വിവരണം വായിച്ചശേഷം നമ്മുടെ വായനക്കാർക്ക് അയാളെ കാണുകയും ചെയ്യാം. രണ്ടാമതായി ആ ശരീരത്തിൽ നിരവധി ലക്ഷണങ്ങളുണ്ട്. അത് മൂസാ(അ)യുടെ കാലത്ത് ഫിർഔനുമായി ചേരുന്നതാണ്. ഉദാഹരണമായി മെർനെപ്തക്ക് മോണരോഗമുണ്ടായിരുന്നു. അത് ശരീരത്തിൽനിന്നും തെളിഞ്ഞിരുന്നു. മൂന്നാമതായി അയാളുടെ മുഖത്തിന് തന്റെ പിതാമഹനായ സെത്തിഒന്നാമനുമായി സാമ്യമുണ്ടായിരുന്നു.

മെർനെപ്ത യഥാർഥത്തിൽ മൂസാ(അ)യുടെ കാലത്തെ ഫിർഔനായിരുന്നു എന്നതിനുള്ള തെളിവ് അദ്ദേഹത്തിന്റെ ഭരണകാലം ഇസ്രായീല്യരുടെ പുറപ്പാടുകാലത്തിനു സമാനമായിരുന്നു എന്നതാണ്. അതുകൊണ്ട് ഈജിപ്തിൽനിന്ന് ഇസ്രായീല്യരുടെ പുറപ്പാട് നടന്നത് അയാളുടെ കാലത്താണെന്ന കാര്യം സ്വീകരിക്കാതെ നിർവ്വാഹമില്ല. രണ്ടാമതായി തൗറാത്തിന്റെ വെളിച്ചത്തിൽ ഇസ്രായീല്യർ ആയിരുന്നു റെമെസസ്സിന്റെ പട്ടണം നിർമിച്ചത്. അതയാളുടെ പിതാവിന്റെ പേരായിരുന്നു. അങ്ങനെ ഈ പട്ടണം നിർമിച്ചത് അയാളുടെ പിതാവിന്റെ ഭരണകാലത്തായിരുന്നു. മൂസാ(അ) ഈജിപ്ത് വിട്ടശേഷം ഭരണം നടത്തിയിരുന്ന ഫിർഔൻ ചരമമടഞ്ഞു. മൂസാ(അ) മടങ്ങിവന്നപ്പോഴത്തെ പുതിയ ഫിർഔനോട് ഇസ്രായീല്യരെ മടക്കി അയക്കാൻ പറഞ്ഞു. അങ്ങനെ സംശയലേശമെന്യെ ആ സമയത്ത് ഭരണം നടത്തിയിരുന്നത് മെർനെപ്ത എന്ന ഫിർഔൻ ആയിരുന്നു.

മൂന്നാമതായി, വിശുദ്ധഖുർആനിൽ നിന്നും തൗറാത്തിൽനിന്നും വ്യക്തമാകുന്നത് മൂസാ(അ)യുടെ കാലത്തെ ഫിർഔനുശേഷം ഫിർ

**ഹദീഥുന്നബ്‌വി (സ):**

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**കലാമുൽ ഇമാം:-**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 2-9 January 2020 Issue-1-2

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ഔന്മാരുടെ രാജവംശം ക്ഷയിച്ചുവെന്നാണ്. ചരിത്രപരമായ സ്രോതസ്സുകളിൽനിന്ന് തെളിയുന്നത് ഫറവോ രാജവംശത്തിന്റെ അവസാനം ഫിർഔൻ യഥാർഥത്തിൽ മെർനെപ്ത ആയിരുന്നുവെന്നാണ്.

നാലാമതായി, റെമെസസ്സ് ആയിരുന്നു ഇസ്രായീൽ സന്തതികളെ നദിയിലെറിഞ്ഞിരുന്നത്. അതുകൊണ്ട് ഈജിപ്തിൽനിന്ന് ഇസ്രായീല്യരുടെ പുറപ്പാട് മെർനെപ്തയുടെ ഭരണകാലത്തുതന്നെ ആയിരിക്കേണ്ടതാണ്. മെർനെപ്തയെക്കുറിച്ചു ത്വാൽമൂദ് പ്രസ്താവിക്കുന്നത് അയാൾ അങ്ങേയറ്റം കൗശലക്കാരനും ചതിയനുമായിരുന്നുവെന്നാണ്. അയാൾ ഉയരം കുറഞ്ഞവനുമായിരുന്നു.

അയാൾ സദാ രോഗിയായിരുന്നതിനാൽ അയാൾ വളരെ വേഗം വൃദ്ധനും ദുർബ്ബലനുമായിത്തീർന്നു. കണ്ടെടുക്കപ്പെട്ട അയാളുടെ ശരീരം വളരെ ദുർബ്ബലമായിരുന്നു. അയാൾക്ക് മൂസാ(അ)യേക്കാൾ 3 വയസ്സു കുറവായിരുന്നു. വിശുദ്ധഖുർആനിൽനിന്ന് തെളിയിക്കപ്പെട്ടിട്ടുള്ളത് അയാളുടെ മാതാവ് മൂസാ(അ)യെ രക്ഷിച്ചത് ആ സമയത്ത് അവർക്ക് സ്വന്തമായി മക്കളില്ലാത്തതുകൊണ്ടായിരുന്നുവെന്നാണ്. അതിനാൽ അവർ മൂസാ(അ)യെ ദത്തെടുക്കാൻ ആഗ്രഹിച്ചു. അതുകൊണ്ട് ആ സമയത്ത് റെമെസ്സസിന് അവരിൽ മക്കളൊന്നുമില്ലായിരുന്നു എന്നത് വ്യക്തമാണ്. എന്നിരുന്നാലും, മെർനെപ്ത് അയാളുടെ രണ്ടാമത്തെ മകനായിരുന്നു. അവരുടെ മൂത്ത മകന്റെ ലളിതപ്രകൃതി കാരണം അവന്റെ പിതാവ് അവനെ ഇഷ്ടപ്പെട്ടിരുന്നില്ല. അയാൾ സിംഹാസനത്തിന്റെ അനന്തരാവകാശിയാകുന്നതിൽനിന്നു വിലക്കി. അതുകൊണ്ട് മൂത്തമകൻ ജനിച്ചത് മൂസാ(അ) നദിയിൽനിന്ന് എടുക്കപ്പെട്ടതിനു രണ്ടു വർഷത്തിനുശേഷമാണെന്നു നാം കരുതിയാലും മെർനെപ്ത ജനിച്ചത് മൂന്നാംവർഷമായാലും അതിന്റെ അർഥം അയാൾ മൂസാ(അ)യേക്കാൾ രണ്ടോ മൂന്നോ വയസ്സ് ഇളയതായിരുന്നു എന്നാണ്. എന്നിരിക്കിലും അയാളുടെ സഹോദരി തുടക്കത്തിൽ മൂസാ(അ)യെ പൊക്കിയെടുത്തവൾ ഏകദേശം അയാളേക്കാൾ 15–16 വയസ്സ് മൂത്തവരായിരുന്നു. (ദി റിവ്യൂ ഓഫ് റിലീജ്യൻസ്, ഒക്ടോബർ 2019)

1. പുരാതന ഈജിപ്ഷ്യൻ ഭാഷയിൽ ഫിറാന രാജവംശം അറിയപ്പെട്ടിരുന്നത് ഹിക്ക്സോസ് എന്നായിരുന്നു. അതിന്റെ അർഥം വിദേശി/അപരിചിതൻ എന്നാണ്. ഈ ജനങ്ങൾ പടിഞ്ഞാറുനിന്ന് യാത്ര ചെയ്തതുകൊണ്ട് അവർ പരാമർശിക്കപ്പെട്ടിരുന്നത് വിദേശികൾ എന്നായിരുന്നു. ബൈബിളും ഇക്കാര്യം സൂചിപ്പിക്കുന്നു. പുറപ്പാട് അധ്യായം വചനം 10 –11 (9–11*) അത് പ്രസ്താവിക്കുന്നു. നോക്കൂ, അയാൾ ജനങ്ങളോട് പറഞ്ഞു: ഇസ്രായീല്യർ എണ്ണം വളരെ വർദ്ധിച്ചിരിക്കുന്നു. വരൂ, നമുക്കവരോട് കൗശലത്തോടെ പെരുമാറാം. അല്ലെങ്കിൽ ഇനിയും അവർ പെരുകും. യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ അവർ ശത്രുക്കളോടൊപ്പം ചേരും. ഞങ്ങൾക്കെതിരിൽ യുദ്ധം ചെയ്യും. രാജ്യം വിട്ടുപോകും. ഈ വചനങ്ങളിൽനിന്ന് കൂടുതൽ തെളിയുന്നത് ഫിറാന വിദേശികളായിരുന്നുവെന്നാണ്. കാരണം എങ്ങനെയാണ് 10–12 ആളുകൾ ഇത്രയധികം പെരുകുന്നത്.അവർ സ്വദേശികളേക്കാൾ അധികം വരുന്നത്? അവരും കുടിയേറിപ്പാർത്തവരാണ്. അവർ എണ്ണത്തിൽ കുറവാണ്. ഈരണ്ട് കുടുംബങ്ങൾ കൂടാതെ മറ്റനവധി ഗോത്രങ്ങളിലുള്ള ജനങ്ങളുമുണ്ടായിരിക്കും. അവർ ഈജിപ്തിൽ താമസമാക്കിയതാണ്.

2. ഈജിപ്തിൽ ഉപയോഗിച്ചിരുന്ന ഒരു പ്രത്യേക ലേപനം ഉണ്ടായിരുന്നു. മൃതദേഹങ്ങളിൽ അതുപുരട്ടിയാൽ അത് അളിയുന്നതിൽനിന്ന് തടയും. ആയിരക്കണക്കിനു വർഷം സുരക്ഷിതമായിരിക്കുകയും ചെയ്യും. ഈ പ്രത്യേകലേപനം കാരണമായാണ് ഫറോവയുടെ ശരീരം മാറ്റമില്ലാതെയിരുന്നത്. വീണ്ടെടുക്കാൻ സാധിച്ചത്. ഈ രീതിയിൽ ലേപനം ചെയ്ത ശരീരങ്ങൾ മമ്മികൾ എന്നറിയപ്പെടുന്നു.

**വിവർത്തകൻ: കെ.വി.ഹസൻകോയ, കോഴിക്കോട്**

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

## അനുസ്മരണം

## കിഴക്കുംപാടം
## എം. നൂർജഹാൻ സാഹിബ

പാലക്കാട് ജില്ലയിലെ കൊടുവായൂരിനടുത്ത് തത്തമംഗലം പ്രദേശത്തെ ആദ്യത്തെ അഹ്മദി കിഴക്കുംപാടം എം. നൂർജഹാൻ സാഹിബ 2019 നവംബർ 4ന് രാത്രി നിര്യാതയായി. (ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ). 72 വയസ്സായിരുന്നു. യാഥാസ്തിക ഹനഫി സുന്നികളായ ഭർതൃവീട്ടുകാരുടെയും ദീനീ ചിന്തയൊന്നുമില്ലാത്ത ഭർത്താവിന്റെയും എതിർപ്പിനെക്കുറിച്ചൊന്നും ഭയപ്പെടാതെയാണ് 1984 ജൂലൈ മാസത്തിൽ ബയ്അത്ത് ചെയ്തുകൊണ്ട് അവിടുത്തെ ആദ്യത്തെ അഹ്മദിയാകാനുള്ള ഭാഗ്യം അവർക്ക് സിദ്ധിച്ചത്.

അലനല്ലൂരിലെ ആദ്യകാല അഹ്മദികളിൽ ഒരാളായ കിഴക്കുംപാടം കുഞ്ഞലവി മൗലവി സാഹിബിന്റെ സഹോദരനും സുന്നി പണ്ഡിതനുമായിരുന്ന മുഹമ്മദ് സാഹിബായിരുന്നു പിതാവ്. അദ്ദേഹം തത്തമംഗലം പ്രദേശത്തുവന്ന് താമസമാക്കിയതിനാൽ ഇവർക്ക് പിതൃകുടുംബവുമായി ബന്ധമുണ്ടായിരുന്നില്ല. പിതാവിന്റെ മരണാനന്തരം കുറേ കാലങ്ങൾക്കുശേഷമാണ് പിതൃസഹോദരനെയും കുടുംബത്തെയും കണ്ടുമുട്ടാനിടയായത്. ആ കൂടിക്കാഴ്ച അഹ്മദിയ്യത്തിലേക്ക് വഴി തുറക്കുകയും ചെയ്തു. 1984-ൽ പിതൃസഹോദര പുത്രനായ പത്തപ്പിരിയം കെ.പി. സിദ്ദീഖ് സാഹിബാണ് ആദ്യമായി അഹ്മദിയ്യത്ത് പരിചയപ്പെടുത്തിയത്. ചെറുപ്പം മുതൽ ലഭിച്ച ദീനീ വിജ്ഞാനവും വായനാശീലവും മൂലം ഉറക്കമൊഴിഞ്ഞും അഹ്മദിയ്യാ സാഹിത്യങ്ങൾ പഠിക്കുകയും സത്യത്തിൽ ആകൃഷ്ടയാവുകയുമായിരുന്നു. അവർ മദ്രാസിൽ മിഷണറിയായിരുന്ന മൗലാനാ മുഹമ്മദ് ഉമർ സഹിബുമായി തമിഴിൽ കത്തിടപാടുകൾ നടത്തി ബയ്അത്ത് ചെയ്യാനുള്ള ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. കുടുംബക്കാരുടെ യാഥാസ്ഥിതിക നിലപാട് അറിഞ്ഞാവണം, ഭർത്താവിനെക്കൂടി കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തശേഷം ബയ്അത്ത് ചെയ്യാമെന്ന് മൗലവി സാഹിബ് സാന്ത്വനപ്പെടുത്തിക്കൊണ്ടിരുന്നത്. അങ്ങനെയിരിക്കെ അവർ ഒരു സ്വപ്നം കണ്ടു. ചെറിയ മകനായ മൗലവി മുഹമ്മദ് റാഫി സാഹിബിനെ പിടിച്ചുനിൽക്കുമ്പോൾ വെള്ളത്തലപ്പാവ് ധരിച്ച രണ്ടാളുകൾ തന്റെ വീട്ടിലേക്ക് കയറി വന്നിരിക്കുന്നു. ചന്ദ്രൻ പതിനാലാം രാവിലേതുപോലെ വെട്ടിത്തിളങ്ങുന്നു.

ഇതിനുശേഷം കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കുട്ടിയെ കുളിപ്പിച്ചുകൊണ്ടിരിക്കുന്ന സമയത്ത് വെള്ളത്തലപ്പാവുകാരായ രണ്ടുപേർ വീട്ടിലേക്കു വന്നു. അത് മൗലാനാ മുഹമ്മദ് അലവി സാഹിബും ചേലക്കര കുഞ്ഞുമൊയ്തീൻ സാഹിബുമായിരുന്നു. പരിചയപ്പെട്ടപ്പോൾ മൗലവി സാഹിബ് പിതൃകുടുംബവുമായി ബന്ധപ്പെട്ട ആളാണെന്ന അറിവ് വലിയ സന്തോഷത്തിനിടയാക്കി. ബയ്അത്ത് ചെയ്യാൻ കഴിയാത്തതിലുള്ള വേവലാതി അറിഞ്ഞപ്പോൾ മൗലവി സാഹിബ് അന്നുതന്നെ ബയ്അത്ത് ചെയ്തുകൊടുത്തു. 1984 ജൂലൈ മാസത്തിലായിരുന്നു അത്. അങ്ങനെ തന്റെ പ്രദേശത്തെ ആദ്യത്തെ അഹ്മദിയാകാൻ അവർക്ക് ഭാഗ്യമുണ്ടായി. 25 കിലോമീറ്റർ അകലെയുള്ള കാവശ്ശേരി ജമാഅത്തിലാണ് അന്ന് അംഗമായത്. ആദ്യമായി അവിടെ ജുമുആക്ക് പോയത് നാട്ടിൽ വലിയ കോളിളക്കമുണ്ടാക്കി. നാട്ടുകാർ പ്രശ്നമുണ്ടാക്കിത്തുടങ്ങി. മദ്രാസിൽ ജോലി ചെയ്തിരുന്ന ഭർത്താവിനോട് നിങ്ങളുടെ ഭാര്യ കാഫിറായിപ്പോയിരിക്കുന്നു എന്ന് അവർ അറിയിച്ചു. അദ്ദേഹം ദീനീ വിവരമൊന്നും അറിയാത്ത ആളായിരുന്നു. നാട്ടിൽ വന്നപ്പോൾ ഭാര്യയോട് നീ എന്തൊക്കെയോ ആയിപ്പോയെന്നു കേട്ടു. അതുകൊണ്ട് ഞാൻ കുട്ടികളേയും കൂട്ടി പോവുകയാണെന്നു പറഞ്ഞു. നിങ്ങൾക്ക് പോകണമെങ്കിൽ പോകാം. എനിക്ക് എന്റെ അല്ലാഹു തുണയുണ്ടാകും എന്ന് മർഹൂമ ധൈര്യത്തോടെ പറഞ്ഞപ്പോൾ ലോലഹൃദയനായ ഭർത്താവ് സ്തബ്ധനായിപ്പോയി. നീ നല്ലതേ ചെയ്യൂ എന്നെനിക്കറിയാം, ഇതിനെക്കുറിച്ചൊന്നും എനിക്കറിയില്ല. നീ നിന്റെ ഇഷ്ടംപോലെ ചെയ്തോ എന്ന് പറഞ്ഞ് അദ്ദേഹം പിൻവാങ്ങി. മർഹൂമയുടെ ദുആയുടെ ഫലമായി നിഷ്കളങ്കനായ ഇദ്ദേഹം വർഷങ്ങൾ പിന്നിട്ടപ്പോൾ നല്ല ഭക്തനായ അഹ്മദിയായി മാറി.

തബ്ലീഗിൽ പ്രത്യേകതാൽപര്യമായിരുന്നു അവർക്ക്. തബ്ലീഗ് വിഷയങ്ങൾ പഠിക്കാനും നന്നായി പ്രയോഗിക്കാനും അവർക്കായിരുന്നു. പണ്ഡിതന്മാരോടുപോലും സംസാരിക്കാൻ അവർക്ക് പ്രയാസമുണ്ടായിരുന്നില്ല. അവരുടെ തബ്ലീഗിന്റെ ഫലമായി അടുത്ത കൂട്ടുകാരിയും അയൽവാസിയുമായ എം. ജമീല സാഹിബ(മർഹൂമ), മകൻ സഹാബുദ്ദീൻ എന്നിവർ 1986 ജൂണിൽ ബയ്അത്ത് ചെയ്തു. സഹോദരൻ അശ്റഫ് സാഹിബ് ഉൾപ്പെടെ മർഹൂമയുടേയും ജമീല സാഹിബയുടേയും കുടുംബത്തിലെ ഒട്ടുവളരെപേർ ഇന്ന് അഹ്മദികളായുണ്ട്. 1988-ൽ അവർ ചേലക്കര ജമാഅത്തിലേക്ക് താമസം മാറ്റി. അവിടെ ലജ്ന തബ്ലീഗ് സെക്രട്ടറിയായി ദീർഘകാലം സേവനം ചെയ്തു. കൊടുവായൂർ ലജ്ന സ്വദ്ർ ആയും സേവനം ചെയ്തിട്ടുണ്ട്. 1996-ൽ കൊടുവായൂർ ജമാഅത്ത് രൂപീകരിക്കുമ്പോൾ ഇവർ ചേലക്കര ജമാഅത്തംഗമായിരുന്നു. പിന്നീട് പത്തപ്പിരിയത്തും കൊടുവായൂരും താമസമാക്കി.

സൗമ്യസ്വഭാവവും സ്നേഹവാത്സല്യങ്ങളും മുഖേന ആരേയും ആകർഷിക്കുന്ന പ്രകൃതമായിരുന്നു അവർക്ക്. തഹജ്ജുദ് നമസ്കാരത്തിലും ഖുർആൻ പാരായണത്തിലും അതീവ ശ്രദ്ധപുലർത്തിയിരുന്നു. കൊടുവായൂർ ജമാഅത്തിൽ സേവനമനുഷ്ഠിക്കുന്ന മൗലവി മുഹമ്മദ് റാഫി സാഹിബിനെ കൂടാതെ ജഅ്ഫർ, മിഹറാജ് ബാനു, സയ്ഫുന്നിസാ, റജുല എന്നിവരും മക്കളാണ്. എ. ശിബാബുദ്ദീൻ, സി. നാസ്വിർ അഹ്മദ്, മൗലവി കെ.ടി. മുഹമ്മദ് അലി, വഹീദ, റളിയ എന്നിവർ മരുമക്കളാണ്.അല്ലാഹു മർഹൂമയ്ക്ക് ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ. ആമീൻ.

– എച്ച്. എസ്. കാവശ്ശേരി

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin